December 2016
Volume 49 Issue 7

# വ്യവസായ കേരളം
# VYAVASAYA KERALAM







# മുള ഇനിയുമുണ്ട് പറയാൻ

- നോട്ടിന്റെ ഇരുട്ടടി
- എ.ടി.എം. തട്ടിപ്പ്


Best wishes from..
KPM
KPM AGRO FOOD PRODUCTS (P) LTD.
An ISO 22000 Company
malabar
KURUVA RICE
malabar
PALAKKADAN MATTA
PREMIUM QUALITY
Apple
SORTEX RICE
PREMIUM QUALITY
999
SORTEX RICE
PREMIUM QUALITY
Golden Crop
SORTEX RICE
PREMIUM QUALITY
CROWN
SORTEX RICE
fssai : 11315009000006
Nattukal, Mannarkkad, Palakkad, Kerala - 678 583, Ph : 04924-236840
Customer Care No : 09544093546, E-mail : kpmagrofood@gmail.com

Vyavasaya Keralam
# വ്യവസായകേരളം
www.keralaindustry.org


ഡിസംബർ 2016 | പുസ്തകം 49 | ലക്കം 7
December 2016 | Volume 49 | Issue 7

16 ബാംബൂ മേഖലയ്ക്കാശ്വാസമായി ആഷ
ടി. എസ്. ചന്ദ്രൻ

18 മുള വ്യവസായത്തിന് കരുത്തേകി ബാംബൂ കോർപറേഷൻ
മനോജ് മാതിരപ്പള്ളി

24 മുളയൊരുക്കും വിപണികൾ
രമേഷ് കുമാർ വെള്ളമുണ്ട

30 മുള നട്ടാൽ പതിരാകില്ല
ഡോ. ഡി. ഷൈൻകുമാർ








34 നോട്ടിന്റെ ഇരുട്ടടി
കെ.സി. ജോസഫ് വർഗീസ്




47 എ. ടി. എം തട്ടിപ്പ് സത്യവും മിഥ്യയും
കെ. കെ. ജയകുമാർ



സക്സസ് സ്റ്റോറി

36 പെൺകരുത്തിന്റെ വിജയം
പി. വി. ജയപ്രകാശൻ



06 വികസന വീഥി

39 വ്യവസായകേരളം ഒറ്റനോട്ടത്തിൽ

# മുളയിൽ വൈവിദ്ധ്യങ്ങളൊരുക്കി ബാംബുഫെസ്റ്റ്

വീണ്ടുവിചാരമില്ലായ്മയും അത്യാർത്തിയും കൊണ്ട് മനുഷ്യൻ പടുത്തുയർത്തുന്ന മിക്ക പ്രശ്നങ്ങൾക്കും പരിഹാരം പ്രകൃതിയിൽ തന്നെയുണ്ട്. അത് കണ്ടെത്താനുള്ള ഉൾക്കാഴ്ചയോടുകൂടി പ്രകൃതിയെ നിരീക്ഷിക്കണമെന്നു മാത്രം. നിർമ്മാണമേഖലയിൽ ദിനംപ്രതി പുതിയ പുതിയ നിർമാണ വസ്തുക്കൾ പ്രത്യക്ഷപ്പെടുന്നുണ്ടെങ്കിലും അവയുടെ വില നിലവാരം വളരെ ഉയർന്നതും അവയോരോന്നും പ്രകൃതി സൗഹൃദപരമാണോ എന്ന കാര്യത്തിൽ ആശങ്കയും നിലനിൽക്കുന്നുണ്ട്. എന്നാൽ ഈ രണ്ടുപ്രശ്നങ്ങൾക്കും പ്രകൃതി നൽകുന്ന ഒരു മറുപടി മുളയാണ്. ഹരിത സ്വർണമെന്നും പാവപ്പെട്ടവന്റെ മരമെന്നുമൊക്കെ ഓമനപ്പേരിനുടമയായ മുളയുടെ സാദ്ധ്യതകൾ തിരിച്ചറിഞ്ഞ പല വിദേശ രാജ്യങ്ങളും ഇന്ന് അന്താരാഷ്ട്ര വിപണിയിൽ അതിന്റെ നേട്ടം കൊയ്യുന്നുണ്ട്. രാജ്യത്ത് ലഭ്യമായതിൽ വച്ച് ഏറ്റവും ഗുണനിലവാരമുള്ള മുളങ്കാടുകളാണ് നമ്മുടെ നിലമ്പൂർ വനമേഖലയിലുള്ളത്. അതുകൊണ്ടു തന്നെ മുളയധിഷ്ഠിത വ്യവസായ മേഖലയിൽ കേരളത്തിന് ഇനിയും ഏറെ പ്രതീക്ഷയോടെ മുന്നോട്ടു പോകാനാവും.

മുളയധിഷ്ഠിത വ്യവസായ മേഖലയിലെ പുതിയ സാദ്ധ്യതകൾ തേടിയുള്ള യാത്രയുടെ ഭാഗമായി വ്യവസായ വകുപ്പ് സംഘടിപ്പിക്കുന്ന ബാംബൂഫെസ്റ്റിന്റെ 13-ാമത് എഡിഷനാണ് ഇപ്പോൾ നടക്കുന്നത്. ഈറ്റയ്ക്കും മുളയ്ക്കും ചൂരലിനുമൊപ്പം മനുഷ്യന്റെ ബുദ്ധിയും വിരലുകളും സർഗാത്മകമായി പ്രതികരിച്ചതിന്റെ ഭാഗമായി പിറവിയെടുത്ത വൈവിദ്ധ്യമാർന്ന ഉല്പന്നങ്ങളാണ് അവിടെ അണിനിരത്തിയിരിക്കുന്നത്. മുളകൊണ്ട് ഇത്രയൊക്കെ ചെയ്യാനാവുമോയെന്ന് കൗതുകം ജനിപ്പിക്കുന്ന നിർമിതികളാണ് അവയിലേറെയും. വീട്ടുപകരണങ്ങളും കരകൗശലവസ്തുക്കളും ആഭരണങ്ങളും, സോപ്പും മുതൽ വീട് വരെയുള്ള ഉൽപന്നങ്ങളാണ് പ്രദർശിപ്പിക്കുന്നത്. ബാംബൂ വികസനകോർപ്പറേഷൻ, വനംവകുപ്പ്, ബാംബൂ മിഷൻ എന്നിവയ്ക്കു പുറമേ നിരവധി പ്രാദേശിക കൂട്ടായ്മകളും ഫെസ്റ്റിലുണ്ട്. സംസ്ഥാനത്തെ 100 ഓളം കരകൗശലവിദഗ്ധരും 60 ഓളം അന്യസംസ്ഥാന തൊഴിലാളികളും പങ്കെടുക്കുന്നുണ്ട്.

മുളയിലടങ്ങിയിരിക്കുന്ന അന്നജത്തിന്റെ തോത് കഴിയുന്നത്ര കുറച്ച് ശാസ്ത്രീയമായി സംസ്കരിച്ചെടുത്തശേഷമുള്ള നിർമ്മിതികൾ ഏറെക്കാലം ഈടുനിൽക്കുമെന്ന കാര്യത്തിൽ സംശയമില്ല. ഈ സാദ്ധ്യത ശാസ്ത്രീയമായി നടപ്പിലാക്കാൻ കഴിഞ്ഞതിലൂടെയാണ് ചൈന, ജപ്പാൻ, ഫിലിപ്പൈൻസ്, ഇന്തോനേഷ്യ തുടങ്ങിയ രാജ്യങ്ങൾ മുളയധിഷ്ഠിത വ്യവസായ രംഗത്ത് തിളക്കമാർന്ന വിജയം നേടിയത്. ഇന്ത്യയിൽ തന്നെ വടക്കുകിഴക്കൻ സംസ്ഥാനങ്ങളായ അരുണാചൽ പ്രദേശ്, മിസോറാം, തൃപുര, ആസാം, നാഗാലാന്റ്, മണിപ്പൂർ തുടങ്ങിയവ മുളയധിഷ്ഠിത വ്യവസായങ്ങളുടെ വികസനത്തിനും മുളങ്കാടുകളുടെ സംരക്ഷണത്തിനുമായി പ്രത്യേക നയരൂപീകരണമടക്കമുള്ള പദ്ധതികളാണ് നടപ്പാക്കുന്നത്. അതുകൊണ്ടു തന്നെ വിപണി സാദ്ധ്യത കണ്ടറിഞ്ഞ് പുതുമയാർന്നതും ഈടുറ്റതുമായ ഉല്പന്നങ്ങളുമായി വടക്കു കിഴക്കൻ സംസ്ഥാനങ്ങൾ മുൻപന്തിയിലുണ്ട്.

സംസ്ഥാനത്ത് ബാംബുമിഷന്റെ നേതൃത്വത്തിൽ മുളയധിഷ്ഠിത വ്യവസായ മേഖലയുടെ വളർച്ചയ്ക്കും നവീകരണത്തിനുമായി നിരവധി ശ്രമങ്ങൾ നടന്നുവരുന്നുണ്ട്. സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലായി ഈ വ്യവസായ മേഖലയിൽ പ്രവർത്തിക്കുന്നവരെ ഏകോപിപ്പിക്കുക, ലോകവിപണി ആവശ്യപ്പെടുന്ന തരത്തിലുള്ള നവീന ഉല്പന്നങ്ങളുടെ നിർമ്മാണത്തിനാവശ്യമായ വിദഗ്ധ പരിശീലനം നൽകുക, ഈ ഉല്പന്നങ്ങളുടെ തുടർച്ചയായ മാർക്കറ്റിങ് ഏകീകരിക്കുക, മുളയുല്പന്നങ്ങളുടെ ഈട് നില്പിനെക്കുറിച്ച് ജനങ്ങൾക്കിടയിലുള്ള ആശങ്ക ദൂരീകരിക്കാൻ ഫലപ്രദമായ ബോധവൽകരണം നടത്തുക, വ്യവസായികാടിസ്ഥാനത്തിൽ മുളകൃഷി വ്യാപിപ്പിക്കുക തുടങ്ങിയ കാര്യങ്ങളിൽ കാര്യക്ഷമമായി ഇടപെട്ടുകൊണ്ടു മുന്നോട്ടു പോയാൽ മുളയധിഷ്ഠിത വ്യവസായ മേഖലയിലും കേരളത്തിന് സ്വന്തമായ ഇടം അടയാളപ്പെടുത്താൻ കഴിയും. മുളയിൽ ഒളിഞ്ഞിരിക്കുന്ന വ്യവസായ സാദ്ധ്യതകൾ കൂടുതൽ വെളിപ്പെടുന്നതിനും നവീന ആശയങ്ങളുള്ള പുതു സംരംഭകർ ഈ മേഖലയിലേക്ക് കടുന്നു വരുന്നതിനും സംസ്ഥാന സർക്കാർ സംഘടിപ്പിക്കുന്ന ബാംബൂഫെസ്റ്റ് പ്രചോദനമാകുമെന്നു പ്രതീക്ഷിക്കുന്നു.

ചീഫ് എഡിറ്റർ

**ചീഫ് എഡിറ്റർ**
പി.എം. ഫ്രാൻസിസ് ഐ.എ.എസ്
ഡയറക്ടർ, വ്യവസായ വാണിജ്യ വകുപ്പ്

**എഡിറ്റർ**
വി.പി.അശ്വതി

**കവർ, ഡിസൈൻ & ലേഔട്ട്**
ദീപക് മൗത്താട്ടിൽ

**ടൈപ്പ് സെറ്റിംഗ്**
വി. അഭിലാഷ്

**അഡ്മിനിസ്ട്രേറ്റീവ് സപ്പോർട്ട്**
ഇന്ദിരാഭായി പിള്ള അമ്മ പി.എസ്.,
ലക്ഷ്മി എസ്., ക്ലാരമ്മ ജെയിംസ്,
സജീർ എസ്., ബിനു ഡി. ദാസ്,
ഡി.എൽ. അനിതകുമാരി,
പി. ബാലകൃഷ്ണൻ,
ബേബി. വൈ

**പ്രതിനിധികൾ- തിരുവനന്തപുരം** : രഞ്ജിത്. സി. ഒ ● **കൊല്ലം** : അബ്ദുൾ സലാം ● **പത്തനംതിട്ട**: സി.എം. ഷാജഹാൻ ● **ആലപ്പുഴ** : യു. അജിത്കുമാർ ● **കോട്ടയം** : ആർ. സുരേഷ്ബാബു ● **ഇടുക്കി** : ദീപ ● **എറണാകുളം** : ഇ.എം. നാസർ ● **തൃശൂർ** : കെ.എസ്. കൃപകുമാർ ● **പാലക്കാട്** : ഡി.എസ്. ഷിബുകുമാർ ● **മലപ്പുറം** : കെ.റ്റി. അബ്ദുൾ മജീദ് ● **കോഴിക്കോട്** : കെ. രാധാകൃഷ്ണൻ ● **വയനാട്** : പി.ബി. സത്യജിത് ● **കണ്ണൂർ** : നിധിൻ ഇ.ആർ. ● **കാസർഗോഡ്** : റ്റി. ദിനേശൻ

**എഡിറ്റോറിയൽ ഓഫീസ്**
വ്യവസായകേരളം
ഡോക്യുമെന്റേഷൻ സെന്റർ
ഡി.ഐ.സി. ബിൽഡിങ്
വെള്ളയമ്പലം
തിരുവനന്തപുരം - 695 033

**ഫോൺ:** 0471 2322789
**ഇമെയിൽ-** vyavasayakeralam@gmail.com
**വെബ്സൈറ്റ്-** www.keralaindustry.org

ലേഖകരുടെ അഭിപ്രായങ്ങൾ സർക്കാരിന്റേതായിരിക്കണമെന്നില്ല.
അവയുടെ ഉത്തരവാദിത്വം ലേഖകർക്ക് മാത്രമാണ്.

**എ.സി. മൊയ്തീൻ**
വ്യവസായ-വാണിജ്യ വകുപ്പ് മന്ത്രി



# മരത്തിന് പകരം മുള

**ലോ**ത്ത് ചൈന കഴിഞ്ഞാൽ ഏറ്റവും കൂടുതൽ മുളയുടെ ശേഖരമുള്ള രാജ്യമാണ് ഇന്ത്യ. കേരളത്തിന്റെ വനസമ്പത്തിന്റെ ശ്രേഷ്ഠമായ ഒരു ശേഖരമാണ് മുള എന്നതും ശ്രദ്ധേയമാണ്. മരത്തിന് പകരംവയ്ക്കാൻ കഴിയുന്ന മുള വ്യാവസായിക അടിസ്ഥാനത്തിൽ ഉപയോഗിച്ചുകൊണ്ട് ഫർണിച്ചറും മറ്റ് ഉൽപ്പന്നങ്ങളും നിർമ്മിക്കാൻ കഴിഞ്ഞാൽ വനനശീകരണത്തിന് വൻതോതിൽ തടയിടാൻ കഴിയുമെന്നതിനാൽ മുള അധിഷ്ഠിത വ്യവസായത്തിന് വർദ്ധിച്ച പ്രാധാന്യമുണ്ട്. ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ചുകൊണ്ട് മൂല്യ വർദ്ധനവിലൂടെ മുളയുടെ ഉപയോഗത്തിന്റെ സാദ്ധ്യതകൾ വിപുലപ്പെടുത്തിക്കഴിഞ്ഞു. ഈ ദിശയിലേക്കുള്ള പ്രവർത്തനങ്ങളിലൂടെ മുള ഉൽപ്പന്നങ്ങൾക്ക് നല്ല വിപണി കണ്ടെത്താനുള്ള ശ്രമങ്ങൾ ഇതിനകം ആരംഭിച്ചുകഴിഞ്ഞു. പരിസ്ഥിതി സൗഹൃദമായ മുള ഉൽപ്പന്നങ്ങളുടെ മേന്മയെക്കുറിച്ച് വൻതോതിലുള്ള പ്രചാരണവും ആവശ്യമാണ്.

മുള ഉൽപ്പന്നങ്ങൾക്ക് വർദ്ധിച്ച വിപണി സാധ്യതയുണ്ടെങ്കിലും അത് പൂർണ്ണമായ തോതിൽ പ്രയോജനപ്പെടുത്താൻ കഴിഞ്ഞിട്ടില്ല. വൈവിധ്യമാർന്ന ഉൽപ്പന്നങ്ങൾ നിർമ്മിച്ച് വിപണിയിലെത്തിക്കാൻ കഴിഞ്ഞാൽ ഈ രംഗത്ത് കൂടുതൽ നേട്ടമുണ്ടാക്കാനാവും. മുള ഉപയോഗിച്ചുള്ള കരകൗശല ഉൽപ്പന്നങ്ങൾ നിർമ്മിച്ച് വിപണിയിലെത്തി ക്കുന്നതിലൂടെ ഇതിന്റെ സാധ്യതകൾ പരമാവധി ചൂഷണം ചെയ്യാൻകഴിയും. അന്തർദേശീയ നിലവാരമുള്ള മുളകൊണ്ടുള്ള ഉൽപ്പന്നങ്ങൾ തദ്ദേശീയമായി നിർമ്മിക്കുകയും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയുമാണ് സർക്കാരിന്റെ ലക്ഷ്യം. സംസ്ഥാന ബാംബു മിഷന്റെയും ബാംബു കോർപ്പറേഷന്റെയും സംയുക്ത ആഭിമുഖ്യത്തിൽ അങ്കമാലിയിൽ ബാംബു ഇന്നവേഷൻ സെന്റർ ഈയിടെ പ്രവർത്തനം ആരംഭിച്ചു. പുതിയ ഉൽപ്പന്നങ്ങളുടെ നിർമ്മാണത്തിനുള്ള ഗവേഷണവും തൊഴിലാളികൾക്കുള്ള പരിശീലനവുമാണ് ഇവിടെ നടക്കുന്നത്. തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി മുള വ്യാപകമായി വച്ചു പിടിപ്പിക്കാനും പദ്ധതിയുണ്ട്. ആധുനിക കാലഘട്ടത്തിന്റെ ആവശ്യകതകൾക്ക് അനുയോജ്യമായതരത്തിൽ സംസ്ഥാന ബാംബു കോർപ്പറേഷനെ സജ്ജമാക്കും.

പൊതുമേഖലാ സ്ഥാപനങ്ങളെ ആരോഗ്യകരമാക്കി ലാഭ കേന്ദ്രങ്ങളാക്കുക എന്ന പ്രഖ്യാപിത ലക്ഷ്യം നിറവേറ്റുന്നതിന്റെ ഭാഗമായി ബാംബു കോർപ്പറേഷന്റെ മാനന്തവാടി ഫീഡർ യൂണിറ്റ് പുനഃ ക്രമീകരിച്ച് പ്രവർത്തനം തുടങ്ങിക്കഴിഞ്ഞു. ബാംബു കോർപ്പറേഷൻ നിർമ്മിച്ചുവരുന്ന ബാംബു പ്ലൈ, ബാംബു ഫ്ലോറിങ് ടൈൽ എന്നിവയ്ക്ക് വിപണിയിലുള്ള പ്രിയം ഏറെയാണ്. ഇത് കണക്കിലെടുത്ത് ഇവയുടെ ഉൽപ്പാദനം വർദ്ധിപ്പിക്കും. ബാംബു കോർപ്പറേഷൻ നവീകരിക്കും. ഇതിലൂടെ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാനാവും. ഈ മേഖലയിൽ തൊഴിലെടുക്കുന്നവർക്ക് കൂടുതൽ വരുമാനം ഉറപ്പുവരുത്താനും ആദിവാസികളടക്കമുള്ള ഈ രംഗത്തെ തൊഴിലാളികളെ കണ്ടെത്തി വിദഗ്ദ്ധ പരിശീലനം നൽകാനും കോർപ്പറേഷൻ മുൻകൈയ്യെടുക്കും. മുളയുടെ വ്യാവസായികാടിസ്ഥാനത്തിലുള്ള ഉൽപ്പാദനം, വൈവിധ്യമാർന്ന ഉൽപ്പന്നങ്ങളുടെ നിർമ്മാണം, വിദേശ - ആഭ്യന്തര വിപണി കണ്ടെത്തൽ തുടങ്ങിയ ഘടകങ്ങൾ ഈ രംഗത്ത് നേട്ടങ്ങളുണ്ടാക്കാൻ അനിവാര്യമാണ്. പൂർണ്ണമായും പരിസ്ഥിതി സൗഹൃദമായ മുള ഉൽപ്പന്നങ്ങളുടെ ഉൽപ്പാദനത്തിനും വിപണനത്തിനും കരുത്തുപകരുന്നതിനുള്ള നടപടികളുമായാണ് മുന്നോട്ടു പോകുന്നത്.




# നിക്ഷേപങ്ങൾക്കായി കേരളം കാത്തിരിക്കുന്നു: മുഖ്യമന്ത്രി

വ്യവസായ സൗഹൃദ അന്തരീക്ഷമൊരുക്കി വൻകിട നിക്ഷേപങ്ങൾക്കായി കേരളം കാത്തിരിക്കുകയാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. ഉല്പാദന-സേവന മേഖലകളിൽ നിക്ഷേപങ്ങൾ വരണമെന്ന് സംസ്ഥാനം ആഗ്രഹിക്കുന്നുണ്ട്. ദീർഘകാലത്തെ പൊരുതലുകളിലൂടെ കേരളം ആർജിച്ചെടുത്ത വികസന മാതൃകകൾക്ക് ഊർജം പകർന്ന് വളർച്ച ത്വരിതഗതിയിലാക്കുന്നതിന് വ്യവസായ വികസനം അത്യന്താപേക്ഷിതമാണെന്നും മുഖ്യമന്ത്രി പറഞ്ഞു.

ചെറുകിട വ്യവസായമേഖലയുടെ സർവതോന്മുഖ വികസനം ലക്ഷ്യമിട്ട് സംസ്ഥാന വ്യവസായ വകുപ്പ് ഫെബ്രുവരിയിൽ കൊച്ചിയിൽ സംഘടിപ്പിക്കുന്ന വ്യാപാർ 2017 ൽ വിദേശരാജ്യങ്ങളുടെ പങ്കാളിത്തം ഉറപ്പാക്കുന്നതിനായി സംഘടിപ്പിച്ച വിവിധ രാജ്യങ്ങളിലെ നയതന്ത്ര പ്രതിനിധികളുടെ യോഗത്തിൽ സംസാരിക്കുകയായിരുന്നു മുഖ്യമന്ത്രി. ഫെഡറേഷൻ ഓഫ് ഇന്ത്യൻ ചേമ്പേഴ്സ് ഓഫ് കോമേഴ്സ് ആന്റ് ഇൻഡസ്ട്രിയുടെ സഹകരണത്തോടെ ന്യൂഡൽഹി ഫെഡറേഷൻ ഹൗസിലാണ് പരിപാടി സംഘടിപ്പിച്ചത്.



സുദൃഢമായ സമ്പദ്‌വ്യവസ്ഥയും, വ്യവസായ സൗഹൃദ നിയമങ്ങളും, വിദ്യാസമ്പന്നരും പ്രതിഭാശാലികളുമായ യുവജന സാന്നിദ്ധ്യവും ബിസിനസിനു പറ്റിയ മാതൃകാ ഇടമാക്കി കേരളത്തെ മാറ്റാൻ സഹായിച്ചിട്ടുണ്ടെന്ന് മുഖ്യമന്ത്രി വ്യക്തമാക്കി. വിവര സാങ്കേതിക വിദ്യ, ആരോഗ്യസംരക്ഷണം, വിനോദ സഞ്ചാരം, ഭക്ഷ്യ സംസ്കരണം തുടങ്ങിയ മേഖലകളിൽ ഏറെ മുന്നോട്ടു പോകാൻ കേരളത്തിന് കഴിഞ്ഞിട്ടുണ്ട്. വികസന പ്രവർത്തനങ്ങൾക്കായി സർക്കാരിന് വ്യക്തവും കൃത്യതയുമുള്ള അജൻഡയുണ്ടെന്നും മുഖ്യമന്ത്രി പറഞ്ഞു.

2017 ഫെബ്രുവരി രണ്ട് മുതൽ നാല് വരെ കൊച്ചി ബോൾഗാട്ടി ദ്വീപ് റിസോർട്ടിൽ സംഘടിപ്പിക്കുന്ന വ്യാപാർ 2017 കേരള ബി ടു ബി മീറ്റിന്റെ ആറാം പതിപ്പായിരിക്കും. ഇന്ത്യയ്ക്കകത്തും പുറത്തുമുള്ള വ്യാപാര-വാണിജ്യ സമൂഹത്തിന് മുമ്പാകെ വ്യാവസായിക മേഖലയിൽ കേരളത്തിനുള്ള വികസനശേഷിയും കരുത്തും വിശദീകരിക്കുകയാണ് വ്യാപാർ 2017 കൊണ്ട് സർക്കാർ ഉദ്ദേശിക്കുന്നത്. എം. എസ്. എം. ഇ മേഖലയിൽ പണിയെടുക്കുന്നവരുടെ ഉല്പന്നങ്ങൾക്ക് കൂടുതൽ വിപുലമായ മാർക്കറ്റ് കണ്ടെത്തുക എന്നതും ലക്ഷ്യമാക്കുന്നുണ്ട്. സംസ്ഥാനത്തിന്റെ തനതു ഉല്പന്നങ്ങളെ കേരള ബ്രാന്റ് എന്ന വ്യാപാര നാമത്തിൽ ലോകവിപണിക്ക് സുപരിചിതമാക്കാനാണ് വ്യാപാർ 2017 നിലകൊള്ളുന്നതെന്നും മുഖ്യമന്ത്രി പറഞ്ഞു.

നീതി ആയോഗ് ചീഫ് എക്സിക്യൂട്ടീവ് അമിതാഭ് കാന്ത്, വ്യവസായ- വാണിജ്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി പോൾ ആന്റണി, അഡീഷണൽ ചീഫ് സെക്രട്ടറി നളിനി നെറ്റോ, സാമ്പത്തിക കാര്യ സ്പെഷ്യൽ സെക്രട്ടറി ദിനേശ് ശർമ, കേന്ദ്ര എം. എസ്. എം. ഇ. ജോയിന്റ് സെക്രട്ടറി മനോജ് ജോഷി, കേരള ഹൗസ് അഡീഷണൽ റസിഡന്റ് കമ്മീഷണർ പുനീത് കുമാർ, കെ. എസ്. ഐ. ഡി. സി. മാനേജിംഗ് ഡയറക്ടർ ഡോ. എം. ബീന, വ്യവസായ-വാണിജ്യ വകുപ്പ് ഡയറക്ടർ പി. എം. ഫ്രാൻസിസ്, കെ-ബിപ് സി. ഇ. ഒ. വി. രാജഗോപാൽ, കൈത്തറി & ടെക്സ്റ്റയിൽസ് ഡയറക്ടർ കെ. സുധീർ, ഫിക്കി മുൻ പ്രസിഡന്റ് ഓംകാർ കൻവാർ, ഫിക്കി കേരള കൗൺസിൽ ചെയർമാൻ എം. ജി. ജോർജ് മുത്തൂറ്റ് സംബന്ധിച്ചു.

ജപ്പാൻ, റഷ്യ, യു. എ. ഇ, പോളണ്ട്, മലേഷ്യ, ടർക്കി, സൗത്ത് കൊറിയ, ക്യൂബ, നേപ്പാൾ, ബൾഗേറിയ, റുവാൻഡ, ടുണീഷ്യ, ഭൂട്ടാൻ, മൗറീഷ്യസ്, ഗാബൻ, ബേലറസ്, നൈജീരിയ, വെനസുല, ശ്രീലങ്ക, അങ്കോള, വിയറ്റ്നാം, കസാകിസ്ഥാൻ തുടങ്ങി 30 ഓളം രാജ്യങ്ങളിലെ നയതന്ത്ര പ്രതിനിധികൾ പരിപാടിയിൽ സംബന്ധിച്ചു.



# പുതിയ വ്യവസായനയം ഉടൻ: മുഖ്യമന്ത്രി

സംസ്ഥാനത്തിന്റെ പുതിയ വ്യവസായനയം ഉടൻ പുറത്തിറക്കുമെന്നും വ്യവസായ വാണിജ്യ സംരംഭങ്ങൾ സുഗമമാക്കാനുള്ള നയപരമായ തീരുമാനങ്ങൾ നടപ്പാക്കുമെന്നും മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. കാക്കനാട് ഇൻഫോപാർക്ക് ക്യാമ്പസിൽ പുതുതായി ആരംഭിച്ച വേൾഡ് ട്രേഡ് സെന്ററിന്റെ ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു അദ്ദേഹം. വിവിധ പദ്ധതികളുമായി കേരളത്തിലെത്തുന്നവർ സംസ്ഥാനത്തെ പരമ്പരാഗത വ്യവസായങ്ങളെ മെച്ചപ്പെടുത്താനുള്ള ആശയങ്ങൾ കൂടി രൂപപ്പെടുത്തണമെന്നും അദ്ദേഹം പറഞ്ഞു.

പുതിയ കമ്പനി രജിസ്ട്രേഷൻ, ലൈസൻസ് നൽകൽ തുടങ്ങിയ നടപടികൾ വേഗത്തിലാക്കാനും അപേക്ഷിച്ച് ഒരു മാസത്തിനകം ലൈസൻസ് നൽകാനുമുള്ള നടപടികളെടുക്കും. കെ. എസ്. ഐ. ഡി. സി യെ നോഡൽ ഏജൻസിയാക്കി സംസ്ഥാനത്ത് പുതിയ വ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കും. ലോക വ്യവസായ ഭൂപടത്തിൽ കേരളത്തിന്റെ ചിത്രം മാറ്റിവരയ്ക്കാൻ വേൾഡ് ട്രേഡ് സെന്ററിന് കഴിയുമെന്നാണ് പ്രതീക്ഷയെന്നും മുഖ്യമന്ത്രി പറഞ്ഞു.

രാജ്യാന്തര വ്യാപാരശൃംഖല തീർക്കാനുള്ള ആഗോള കേന്ദ്രമാകും ഇത്. അതേസമയം ലാഭം മാത്രം ലക്ഷ്യമിടാതെ സംസ്ഥാനത്തിന്റെ മൊത്തം വികസനത്തിനുതകുന്ന രീതിയിൽ വേൾഡ് ട്രേഡ് സെന്റർ പ്രവർത്തിക്കണമെന്നും അദ്ദേഹം പറഞ്ഞു. ഏറെ സാധ്യതയുള്ള കൈത്തറി, കയർ, കശുവണ്ടി തുടങ്ങിയ പരമ്പരാഗത വ്യവസായങ്ങളെ ശക്തിപ്പെടുത്താനുള്ള പദ്ധതികൾ സർക്കാർ ആവിഷ്കരിക്കുന്നുണ്ട്. ഇതിൽ പങ്കുചേരാൻ വേൾഡ് ട്രേഡ് സെന്റർ പോലുള്ള സ്ഥാപനങ്ങൾക്കു സാധിക്കണം. ഒരു സ്ഥലത്ത് പുതിയ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിൽ മാത്രമല്ല എന്തു സംഭാവന നൽകാൻ സാധിക്കുമെന്നും നിക്ഷേപകർ ചിന്തിക്കണം. ഇതിനുള്ള ഗവേഷണ-പഠനങ്ങൾ നടക്കണം.

മനുഷ്യ വിഭവശേഷി പരിശീലനം നൽകുന്ന കേന്ദ്രങ്ങൾ ആരംഭിക്കുന്നെങ്കിൽ ആദ്യം പരിഗണിക്കേണ്ടത് കേരളത്തെയാണെന്ന് മുഖ്യമന്ത്രി പറഞ്ഞു. സ്കിൽ ഡവലപ്മെന്റിൽ ഏറ്റവും ശക്തമായി സാന്നിദ്ധ്യം അറിയിച്ചവരാണ് മലയാളികൾ. സംസ്ഥാന സർക്കാരിന്റെ എല്ലാവർക്കും വീട് പദ്ധതിക്ക് ആവശ്യമായ പിന്തുണയും അദ്ദേഹം ആവശ്യപ്പെട്ടു.

98 രാജ്യങ്ങളിൽ പരന്നു കിടക്കുന്ന വേൾഡ് ട്രേഡ് സെന്റർ ശൃംഖലയുടെ സഹായത്തോടെ സംസ്ഥാനത്തെ വ്യവസായ സംരംഭങ്ങളെ ആഗോളതലത്തിൽ വികസിപ്പിക്കാനാകുമെന്ന് വേൾഡ് ട്രേഡ് സെന്റേഴ്സ് അസോസിയേഷൻ ചെയർമാൻ ഖാസി അബുനാൻ പറഞ്ഞു.




ഐ ടി. സെക്രട്ടറി എം. ശിവശങ്കർ, ബ്രിഗേഡ് ഗ്രൂപ്പ് ചെയർമാനും മാനേജിങ് ഡയറക്ടറുമായ എം. ആർ. ജയശങ്കർ, കൊച്ചി വേൾഡ് ട്രേഡ് സെന്റർ പ്രസിഡന്റ് ബൽറാം മേനോൻ, ഇൻഫോപാർക്ക് സി. ഇ. ഒ ഋഷികേശ് നായർ, ബ്രിഗേഡ് ഗ്രൂപ്പ് ഡയറക്ടർ നിരുപ ശങ്കർ, ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ (റീട്ടെയിൽ ആന്റ് കൊമേഴ്സ്യൽ) വിശാൽ മിൻച്ചന്താനി സംബന്ധിച്ചു.

ഇൻഫോപാർക്കിൽ അഞ്ച് ഏക്കർ സ്ഥലത്ത് 7.5 ലക്ഷം ചതുരശ്രയടി വിസ്തീർണത്തിൽ 250 കോടി രൂപ മുതൽമുടക്കിൽ രണ്ടു ടവറുകളായാണ് വേൾഡ് ട്രേഡ് സെന്റർ പൂർത്തിയാക്കുക. ആദ്യഘട്ടത്തിൽ 3.75 ലക്ഷം ചതുരശ്രയടി വിസ്തീർണമുള്ള ടവർ പൂർത്തിയായി.

കെ പി. എം. ജി, സിറോക്സ് തുടങ്ങിയ വൻകിട സ്ഥാപനങ്ങൾ ഇവിടെ പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു. നിലവിൽ 1700 പേർ ജോലി ചെയ്യുന്നുണ്ട്. രണ്ട് ഘട്ടത്തിലുമായി പതിനായിരത്തോളം പേർക്ക് തൊഴിൽ സാധ്യതയുണ്ട്. പ്രമുഖ റിയൽ എസ്റ്റേറ്റ് ഗ്രൂപ്പായ ബ്രിഗേഡിന്റെ നേതൃത്വത്തിലാണ് വേൾഡ് ട്രേഡ് സെന്റർ ആരംഭിച്ചിരിക്കുന്നത്.

# വിപുലമായ പരിപാടികളോടെ റൈസിങ് കേരള




സംസ്ഥാനത്ത് വ്യവസായ വികസനം പ്രോത്സാഹിപ്പിക്കാൻ വ്യവസായ വകുപ്പിന്റെ സഹകരണത്തോടെ സംഘടിപ്പിക്കുന്ന റൈസിംഗ് കേരള– 2016 അന്താരാഷ്ട്ര പ്രദർശനം ഈ മാസം ഒമ്പത് മുതൽ 11 വരെ കോഴിക്കോട് കടവ് റിസോർട്ടിന് മുന്നിലെ ഗ്രൗണ്ടിൽ നടക്കും. കേരള സ്റ്റേറ്റ് സ്മോൾ ഇൻഡസ്ട്രീസ് അസോസിയേഷൻ (കെ. എസ്. എസ്. ഐ. എ), കോൺഫെഡറേഷൻ ഓഫ് ഇന്ത്യൻ ഫുട്‌വെയർ ഇൻഡസ്ട്രീസ് (സിഫി), ഫുട്‌വെയർ ഡിസൈൻ ആന്റ് ഡവലപ്മെന്റ് സെന്റർ (എഫ്. ഡി. ഡി. സി) എന്നിവയുടെ ആഭിമുഖ്യത്തിലാണ് പ്രദർശനം. പ്രദർശനോദ്ഘാടനം കോഴിക്കോട് ഗുജറാത്തി ഹാളിൽ മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കും. ഫുട്‌വെയർ, ഫുഡ്, എൻജിനീയറിങ്, പ്ലാസ്റ്റിക് റീസൈക്ലിങ്, വുഡ്, ബിൽഡിങ്, ഐ. ടി. എന്നിങ്ങനെ ഏഴ് വിഭാഗങ്ങളിലായി നാന്നൂറിലേറെ സ്റ്റാളുകൾ പ്രദർശനത്തിലുണ്ടാവുമെന്ന് റൈസിങ് കേരള ചെയർമാൻ എം. ഖാലിദ് അറിയിച്ചു.

നിലവിലുള്ള വ്യവസായങ്ങളുടെ വൈവിധ്യവത്കരണവും മേളയുടെ ലക്ഷ്യമാണെന്ന് സിഫി കേരള ചാപ്റ്റർ പ്രസിഡന്റ് വി. കെ. സി. റസാക്ക് പറഞ്ഞു.




ഇന്ത്യൻ ഫുട്‌വെയർ ഇൻഡസ്ട്രിയുടെ ദേശീയ സമ്മേളനത്തോടെയാണ് പ്രദർശനം ആരംഭിക്കുക. രാവിലെ പത്തിന് മെഷിനറി മെറ്റീരിയൽ പ്രദർശനത്തിന്റെ ഉദ്ഘാടനച്ചടങ്ങിൽ മന്ത്രി. ടി. പി. രാമകൃഷ്ണൻ, വി. കെ. സി. മമ്മദ് കോയ എം. എൽ. എ, ഡോ. എം. കെ. മുനീർ തുടങ്ങിയവരും ജോബ് ഫെസ്റ്റിന്റെ ഉദ്ഘാടനച്ചടങ്ങിൽ മന്ത്രി എ. കെ. ശശീന്ദ്രൻ, എം. കെ. രാഘവൻ എം. പി. തുടങ്ങിയവരും പങ്കെടുക്കും. സമാപന സമ്മേളനം പ്രതിപക്ഷനേതാവ് രമേശ് ചെന്നിത്തല ഉദ്ഘാടനം ചെയ്യും.

# അഖിലേന്ത്യാ കരകൗശലമേള മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്തു

കേരള കരകൗശല വികസന കോർപറേഷൻ സംഘടിപ്പിക്കുന്ന കരകൗശലമേളകളുടെ അഖിലേന്ത്യാതല ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിച്ചു. സംസ്ഥാനത്തെ കരകൗശല വിദഗ്ധരുടെ മികവ് വേണ്ടവിധം ഉപയോഗിക്കാൻ കഴിയണമെന്ന് മുഖ്യമന്ത്രി പറഞ്ഞു. കോർപറേഷനെ സംസ്ഥാനത്തിന്റെ അഭിമാനസ്ഥാപനമായി വളർത്തിയെടുക്കാൻ കഴിയുമെന്നും മുഖ്യമന്ത്രി പറഞ്ഞു.



കനകക്കുന്ന് കൊട്ടാരത്തിൽ നടന്ന ചടങ്ങിൽ വൈദ്യുതി, ദേവസ്വം മന്ത്രി കടകംപള്ളി സുരേന്ദ്രൻ അധ്യക്ഷനായി. മറ്റ് സംസ്ഥാനങ്ങളിലുൾപ്പെടെ 75 പ്രദർശന വിപണനമേളകളാണ് കോർപറേഷൻ നടത്തുന്നത്. മേളകളുടെ കലണ്ടർ പ്രകാശനം മേയർ വി. കെ. പ്രശാന്തിന് നൽകി മുഖ്യമന്ത്രി നിർവഹിച്ചു.

കരകൗശല വികസന കോർപറേഷൻ ചെയർമാൻ കെ. എസ്. സുനിൽ കുമാർ, മാനേജിങ് ഡയറക്ടർ എൻ. കെ. മനോജ്, ഡി. സി. എച്ച് അസിസ്റ്റന്റ് ഡയറക്ടർ എൽ. ബാബു, കോർപറേഷൻ ജനറൽ മാനേജർ എസ്. എം. ആരിഫ് പങ്കെടുത്തു.

---

ബെംഗളൂരുവിലും ഇവർക്ക് സെന്റർ ഉണ്ട്.

അടുത്ത ഘട്ടത്തിൽ തിരുവനന്തപുരം, ചെന്നൈ, ഹൈദരാബാദ് എന്നീ നഗരങ്ങളിലും സെന്റർ ആരംഭിക്കാനുള്ള തയാറെടുപ്പിലാണ് ബ്രിഗേഡ് ഗ്രൂപ്പ്. കൊച്ചിയിലെ രണ്ടാമത്തെ ടവറിന്റെ നിർമാണവും പുരോഗമിക്കുകയാണ്. ഇതിനോട് ചേർന്ന് ഷെറാട്ടൻ ഫോർ പോയിന്റ് പഞ്ചനക്ഷത്ര ഹോട്ടലിന്റെ നിർമാണവും ആരംഭിച്ചിട്ടുണ്ട്. അടുത്ത വർഷം അവസാനത്തോടെ നിർമാണം പൂർത്തിയാകുമെന്നാണ് പ്രതീക്ഷ.

# നവകേരള മിഷന് തുടക്കമായി

വജ്രജൂബിലി വർഷത്തിൽ കേരളത്തിന്റെ വികസനത്തിന് പുത്തൻ അധ്യായമായി നവകേരള മിഷന് തുടക്കം. മിഷന്റെ സംസ്ഥാനതല ഉദ്ഘാടനം നാലാഞ്ചിറ ഗിരിദീപം കൺവെൻഷൻ സെന്ററിൽ ഗവർണർ പി. സദാശിവം നിർവഹിച്ചു. നവകേരള മിഷൻ വികസന കാര്യത്തിൽ മറ്റു സംസ്ഥാനങ്ങൾക്ക് മാതൃകയാണെന്ന് ഗവർണർ പി. സദാശിവം പറഞ്ഞു. ആരോഗ്യസംരക്ഷണ, വിദ്യാഭ്യാസ, ഭവന നിർമാണ പദ്ധതികളുടെ നേട്ടങ്ങൾ വികസനകാര്യത്തിൽ കേരളത്തിന് ഏറെ അംഗീകാരങ്ങൾ നൽകിയിട്ടുണ്ട്. ദേശീയതലത്തിൽ തന്നെ ഇത്തരം കേരള മോഡലുകൾ വികസന മാതൃകകളാണ്. വജ്രജൂബിലി ആഘോഷിക്കുന്ന സന്ദർഭത്തിൽ പുതിയ കേരളം സൃഷ്ടിക്കാൻ വികസന കാര്യങ്ങളിൽ പരമാവധി മേഖലകളിൽ നാഴികക്കല്ലുകൾ സൃഷ്ടിക്കാനാകണം. സമൂഹത്തിലെ എല്ലാ വിഭാഗങ്ങളുടെയും പങ്കാളിത്തം ഉറപ്പാക്കിയാലേ വികസനപ്രവർത്തനങ്ങൾക്ക് ഉദ്ദേശിച്ച ഫലം ലഭിക്കൂ. വികേന്ദ്രീകൃത ഭരണത്തിൽ ഫലപ്രദമായ ഇടപെടൽ നടത്താനായ കേരളത്തിന് തദ്ദേശഭരണ സ്ഥാപനങ്ങൾ വഴി ഇക്കാര്യം ഉറപ്പാക്കാനാവും. നവകേരള മിഷനുകൾ ഈ ലക്ഷ്യത്തിലേയ്ക്കുള്ള പുതുചുവടുവെപ്പാണെന്നും ഗവർണർ പറഞ്ഞു.

കേരളമാകെയുള്ള തദ്ദേശഭരണ സ്ഥാപന പ്രതിനിധികൾ അണിനിരന്ന ചടങ്ങിൽ മുഖ്യമന്ത്രി പിണറായി വിജയൻ അധ്യക്ഷനായി. സംസ്ഥാനം നിലവിലുള്ള നേട്ടങ്ങളിൽ തളച്ചു നിൽക്കാതെ മുന്നോട്ടു പോകുകയാണ് നവകേരളമിഷൻ പദ്ധതികളുടെ ലക്ഷ്യമെന്ന് മുഖ്യമന്ത്രി പറഞ്ഞു. ബഹുജനങ്ങളെ ഭാഗഭാഗാക്കി തദ്ദേശസ്ഥാപനങ്ങൾ വഴിയാകും പദ്ധതി



കൾ നടപ്പിലാക്കുക. സംസ്ഥാനം നിരവധി കാര്യങ്ങൾ നേടിയിട്ടുണ്ടെങ്കിലും കാലാനുസൃതമായി ഇവ നിലനിർത്താൻ പല മേഖലകളിലും കഴിഞ്ഞിട്ടില്ല. ശരിയായ രീതിയിലുള്ള തുടർപ്രവർത്തനം നടക്കാത്തതാണ് പ്രശ്നം. നവകേരളം യാഥാർത്ഥ്യമാക്കാനുള്ള പ്രവർത്തനങ്ങൾക്കുള്ള തുടക്കമാണീ മിഷനുകൾ. ഇതിനായി നാല് മിഷനുകൾ ആറു മേഖലകളായി പ്രവർത്തിക്കും. ബഹുജനങ്ങളാകെ ഇതിൽ ഭാഗമാകണം. ജനകീയ വികസന നയങ്ങളുടെ ആവിഷ്കാരമാണ് നടക്കുന്നത്. യഥാർഥ പ്രവർത്തനം നടക്കേണ്ട തദ്ദേശസ്ഥാപനങ്ങൾക്ക് കരുത്ത് പകരാൻ സംസ്ഥാന, ജില്ലാ തലങ്ങളിലും മിഷനുകൾ പ്രവർത്തിക്കും. ഫലത്തിൽ, തദ്ദേശസ്ഥാപനങ്ങളുടെ നേതൃത്വത്തിലാകും പ്രവർത്തനങ്ങൾ നടത്തേണ്ടി വരിക. വികസന പ്രവർത്തനങ്ങൾ മെച്ചപ്പെടാൻ ഈ രീതിയിലുള്ള ഇടപെടൽ വഴിവെക്കും. സാമൂഹ്യനീതിയിൽ അധിഷ്ഠിതമായ പ്രാദേശിക വികസനം ഉറപ്പാക്കലാണ് പ്രധാന ലക്ഷ്യം. വകുപ്പുകളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുമ്പോഴുണ്ടാകുന്ന ചില പ്രശ്നങ്ങൾ പരിഹരിക്കാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെയും വകുപ്പുകളെയും ഒരു ചരടിൽ കോർത്തപോലെ ഏകോപിപ്പിച്ച് പ്രവർത്തിക്കുമെന്നും മുഖ്യമന്ത്രി പറഞ്ഞു.

കേരളത്തിൽ പൂർണതോതിലുള്ള ആദ്യമിഷനാണ് നവകേരള മിഷനിലൂടെ നടപ്പാവുന്നത്. ചീഫ് സെക്രട്ടറി എസ്. എം. വിജയാനന്ദ് നവകേരളമിഷൻ അവതരണം നടത്തി. മന്ത്രിമാരായ ഡോ. കെ. ടി. ജലീൽ, രാമചന്ദ്രൻ കടന്നപ്പള്ളി, ജി. സുധാകരൻ, ഇ. ചന്ദ്രശേഖരൻ, മാത്യു. ടി. തോമസ്, തോമസ് ഐസക്, പ്രൊഫ. സി. രവീന്ദ്രനാഥ്, ജെ. മെഴ്സിക്കുട്ടി അമ്മ, വി. എസ്. സുനിൽകുമാർ, ടി. പി. രാമകൃഷ്ണൻ, എ. സി. മൊയ്തീൻ, കടകംപള്ളി സുരേന്ദ്രൻ കക്ഷിനേതാക്കളായ ഒ. രാജഗോപാൽ, കോവൂർ കുഞ്ഞുമോൻ, എൻ. വിജയൻപിള്ള, മേയർ വി. കെ. പ്രശാന്ത്, പ്ലാനിംഗ് ബോർഡ് വൈസ് ചെയർമാൻ ഡോ. വി. കെ. രാമചന്ദ്രൻ, ഹരിതകേരളം മിഷൻ വൈസ് ചെയർപേഴ്സൺ ഡോ. ടി. എൻ. സീമ സംബന്ധിച്ചു.

ഉദ്ഘാടനശേഷം ഹരിതകേരളം മിഷൻ, ലൈഫ് സമ്പൂർണ്ണ പാർപ്പിട സുരക്ഷാ മിഷൻ, ആർദ്രം മിഷൻ, സമഗ്ര വിദ്യാഭ്യാസ നവീകരണ മിഷൻ എന്നീ വിഷയത്തിലൂന്നി തദ്ദേശസ്ഥാപന മേധാവികൾക്കായി സെമിനാർ സംഘടിപ്പിച്ചു.

# കിഫ്ബി: 4004.86 കോടിയുടെ 48 പദ്ധതികൾക്ക് അംഗീകാരം

ഇന്ത്യയുടെ മുൻ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ വിനോദ് റായിയെ കിഫ്ബി ഫണ്ട് ട്രസ്റ്റി ആന്റ് അഡ്വൈസറി കമ്മീഷൻ (എഫ്. റ്റി. എ. സി) അധ്യക്ഷനായി തീരുമാനിച്ചു. മുഖ്യമന്ത്രി പിണറായി വിജയന്റെ അധ്യക്ഷതയിൽ ചേർന്ന പുന: സംഘടിപ്പിച്ച കിഫ്ബി (കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഡവലപ്മെന്റ് ഫണ്ട് ബോർഡ്) ആദ്യയോഗത്തിലാണ് തീരുമാനം. 4004.86 കോടി രൂപ അടങ്കലുള്ള 48 പദ്ധതികൾക്ക് ബോർഡ് അംഗീകാരം നൽകി.

റിസർവ് ബാങ്ക് ഓഫ് ഇന്ത്യ മുൻ ഡപ്യൂട്ടി ഗവർണർ ഉഷാ തൊറാട്ട്, നബാർഡ് മുൻ ചെയർമാൻ പ്രകാശ് ബക്ഷി എന്നിവരാണ് രണ്ടു വർഷം കാലാവധിയുള്ള ഫണ്ട് ട്രസ്റ്റി ആന്റ് അഡ്വൈസറി കമ്മീഷൻ അംഗങ്ങൾ. അഴിമതി, സ്വഭാവ ദൂഷ്യം എന്നിവയിൽ ശിക്ഷിക്കപ്പെട്ടാൽ അല്ലാതെ ബോർഡിനോ സർക്കാരിനോ ഇവരെ നീക്കം ചെയ്യാനാകില്ല. കിഫ്ബിയുടെ ഫണ്ട് ശരിയായി വിനിയോഗിക്കുന്നെന്ന് ഉറപ്പാക്കാനും നിക്ഷേപക താത്പര്യം സംരക്ഷിക്കാനുമുള്ള സ്വതന്ത്ര ഫണ്ട് ട്രസ്റ്റി അഡ്വൈസറി കമ്മീഷനാണിത്.



ബോർഡ് അംഗീകാരം നൽകിയ പദ്ധതികൾക്കായി 1740.63 കോടി രൂപ ആദ്യഗഡു നൽകും. ആദ്യഘട്ട പദ്ധതികൾക്കായി ജനറൽ ഒബ്ലിഗേഷൻ ബോണ്ട് വഴി 2000 കോടി രൂപ സമാഹരിക്കും. ഇതിനായി എസ്. ബി. ഐ. കാപ്സിനെ ചുമതലപ്പെടുത്തും. തുടർന്നുള്ള പദ്ധതികൾക്ക് നബാർഡ് വഴി 4000 കോടി രൂപ സമാഹരിക്കും. സെബി, റിസർവ് ബാങ്ക് എന്നിവയുടെ അംഗീകാരമുള്ള നൂതന ധനസമാഹരണ സംവിധാനങ്ങളായ ആൾട്ടർനേറ്റീവ് ഇൻവെസ്റ്റ് ഫണ്ട്, ഇൻഫ്രാസ്ട്രക്ചർ ഡെറ്റ് ഫണ്ട്, ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ട്രസ്റ്റ് എന്നിവ രൂപീകരിക്കും. കെ. എസ്. എഫ്. ഇ യുമായി സഹകരിച്ച് ധനസമാഹരണത്തിന് എൻ. ആർ. ഐ. ചിട്ടി ആരംഭിക്കുക, ഭൂമി ഏറ്റെടുക്കലിനായി ലാന്റ് ബോണ്ടുകൾ പുറപ്പെടുവിക്കുക എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ അടുത്ത ബോർഡ് യോഗത്തിൽ സമർപ്പിക്കും.

മുൻധനകാര്യ സെക്രട്ടറി ഡോ. ഡി. ബാബു പോൾ, ജവഹർലാൽ നെഹ്റു യൂണിവേഴ്സിറ്റി സാമ്പത്തിക ശാസ്ത്ര ധനകാര്യ വിഭാഗം പ്രൊഫസർ സി. പി. ചന്ദ്രശേഖർ, കൊൽക്കത്ത ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് സാമ്പത്തിക ധനകാര്യ വിഭാഗം പ്രൊഫസർ സുശീൽ ഖന്ന, റിസർവ് ബാങ്ക് മുൻ റീജണൽ ഡയറക്ടർ സലിം ഗംഗാധരൻ, സെബി മുൻ എക്സിക്യൂട്ടീവ് ഡയറക്ടർമാരായ ജെ. എൻ. ഗുപ്ത, രാധാകൃഷ്ണൻ നായർ, 14-ാം കേന്ദ്ര ധനകാര്യ കമ്മീഷൻ അംഗവും നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പബ്ലിക് ഫൈനാൻസ് ആന്റ് പോളിസി എമിററ്റസ് പ്രൊഫസറും മുൻ എ. ഡി. ബി. ഡയറക്ടറുമായ സുദീപ് തോ മണ്ഡൽ എന്നീ സ്വതന്ത്രാംഗങ്ങളും പങ്കെടുത്തു. ഉപാധ്യക്ഷൻ ധനമന്ത്രി ഡോ. ടി. എം. തോമസ് ഐസക്, അംഗങ്ങളായ പ്ലാനിംഗ് ബോർഡ് വൈസ് ചെയർമാൻ ഡോ. വി. കെ. രാമചന്ദ്രൻ, ചീഫ് സെക്രട്ടറി എസ്. എം. വിജയാനന്ദ്, കിഫ്ബി ചീഫ് എക്സിക്യൂട്ടീവ് ഓഫീസറും മെമ്പർ സെക്രട്ടറിയുമായ ധനകാര്യ അഡീ. ചീഫ് സെക്രട്ടറി ഡോ. കെ. എം. എബ്രഹാം, നിയമവകുപ്പ് സെക്രട്ടറി ബി. ജി. ഹരീന്ദ്രനാഥ്, ധനകാര്യ റിസോഴ്സസ് സെക്രട്ടറി മിൻഹാജ് ആലം എന്നിവരും യോഗത്തിൽ പങ്കെടുത്തു.

# മൂല്യവർദ്ധിത ഉത്പന്നങ്ങൾക്കായി അഗ്രോപാർക്കുകളുടെ ശൃംഖല

സംസ്ഥാനത്തെ കാർഷികോത്പന്നങ്ങൾ സംസ്കരിച്ച് മൂല്യവർധിത ഉത്പന്നങ്ങളാക്കി വിപണിയിലെത്തിച്ച് കാർഷികരംഗത്ത് പുത്തനുണർവ് സൃഷ്ടിക്കാൻ വിവിധ മേഖലകളിൽ അഗ്രോ പാർക്കുകൾ സ്ഥാപിക്കുമെന്ന് കാർഷിക വികസന-കർഷകക്ഷേമ മന്ത്രി വി. എസ്. സുനിൽകുമാർ പറഞ്ഞു. കർഷകർക്കും സംരംഭകർക്കും ഒരുപോലെ നേട്ടമുണ്ടാക്കാൻ കഴിയുന്ന വിധത്തിൽ അന്താരാഷ്ട്ര നിലവാരത്തിലുള്ള അഗ്രോ പാർക്കുകളായിരിക്കും ആരംഭിക്കുക. സംസ്ഥാന അഗ്രികൾച്ചർ മാനേജ്മെന്റ് എക്സ്റ്റൻഷൻ ട്രെയിനിങ് സെന്ററിൽ മാധ്യമപ്രവർത്തകരോട് സംസാരിക്കുകയായിരുന്നു മന്ത്രി.

കാർഷികോത്പന്ന മൂല്യവർധിത മേഖലയിൽ സംരംഭങ്ങൾ തുടങ്ങാൻ ആഗ്രഹിക്കുന്നവർക്ക് എല്ലാവിധ സഹായവും നൽകാനാണ് സർക്കാർ ലക്ഷ്യമിടുന്നത്. ചെറുകിട-ഇടത്തരം അഗ്രോ പാർക്കുകൾ സ്ഥാപിക്കുവാൻ പ്രത്യേക നിക്ഷേപ പദ്ധതിപ്രകാരം 500 കോടി രൂപ സർക്കാർ വകയിരുത്തിയിട്ടുണ്ട്. കിഫ്ബിയിൽ നിന്നുള്ള ധനസഹായത്തോടെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിച്ചാണ് മൂല്യവർധിത ഉത്പന്നങ്ങൾ നിർമിക്കുന്ന അഗ്രോ പാർക്കുകൾ ആരംഭിക്കുക.

ആദ്യഘട്ടത്തിൽ കോഴിക്കോട് ജില്ലയിൽ നാളികേര പാർക്കും തൃശൂർ ജില്ലയിൽ വാഴപ്പഴം-തേൻ ഉത്പന്നങ്ങൾക്കുള്ള പാർക്കും ആലപ്പുഴ- എറണാകുളം കേന്ദ്രീകരിച്ച് റൈസ് പാർക്കും ആരംഭിക്കും. ഇതു കൂടാതെ റബ്ബർ, സുഗന്ധവിളകൾ, പച്ചക്കറികൾ, പഴവർഗങ്ങൾ, കിഴങ്ങുവർഗങ്ങൾ എന്നിവയെ അടിസ്ഥാനമാക്കിയുള്ള അഗ്രോപാർക്കുകളും ഉചിതമായ സ്ഥലങ്ങളിൽ സ്ഥാപിക്കുമെന്ന് മന്ത്രി പറഞ്ഞു. അഗ്രോപാർക്കുകൾ തുടങ്ങുന്നതിന് മുന്നോടിയായുള്ള അഭിപ്രായ രൂപീകരണത്തിനായി ഡിസംബർ ഒന്നു മുതൽ അഞ്ചു വരെ കനകക്കുന്ന് കൊട്ടാരത്തിൽ അന്താരാഷ്ട്ര ശില്പശാല സംഘടിപ്പിക്കും. ശില്പശാലയിൽ ഉത്പന്ന നിർമാണം, യന്ത്ര സാമഗ്രികൾ, സാമ്പത്തിക സഹായം, വിപണന മാർഗങ്ങൾ, പാക്കേജിംഗ്, ലൈസൻസിംഗ്, സർട്ടിഫിക്കേഷൻ തുടങ്ങി ഉത്പന്ന വിപണന ശൃംഖലയിലെ വിവിധ ഘട്ടങ്ങളെക്കുറിച്ച് സംരംഭകരെ പരിചയപ്പെടുത്തുമെന്നും യുവ കർഷകരുടെയും മുതിർന്ന കർഷകരുടെയും സംഗമം ഒരുക്കുമെന്നും മന്ത്രി പറഞ്ഞു.

# തദ്ദേശഫണ്ട് വിനിയോഗത്തിൽ ആസൂത്രണം വേണം

പ്രാദേശിക തലത്തിലെ ജനപ്രതിനിധികളുടെ സമർപ്പണ മനോഭാവവും ഭാവി പരിപാടികളെക്കുറിച്ചുള്ള വ്യക്തമായ ധാരണയും വികസനം താഴെത്തട്ടിലെത്തിക്കുന്നതിൽ പ്രധാന പങ്കു വഹിക്കുന്നുണ്ടെന്ന് കേന്ദ്ര പഞ്ചായത്തീ രാജ് ഗ്രാമവികസനമന്ത്രി നരേന്ദ്രസിംഗ് ടോമർ പറഞ്ഞു. “ജന പങ്കാളിത്തത്തോടെ ബജറ്റ് തയ്യാറാക്കൽ” എന്ന വിഷയത്തിൽ നടന്ന ബ്രിക്സ് അന്തർദേശീയ സമ്മേളനത്തിന്റെ സമാപനച്ചടങ്ങിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

ദരിദ്രരിൽ അവസാനത്തെ ആളിനെയും മനസ്സിൽ കണ്ടുകൊണ്ടാകണം വികസന പരിപാടികൾ രൂപീകരിക്കേണ്ടത്. വ്യക്തിഗത വികസനത്തിന് ഊന്നൽ നൽകണമെന്നും കേന്ദ്രമന്ത്രി പറഞ്ഞു. എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും ലഭിക്കുന്ന ഫണ്ടുകളിൽ ഏറ്റക്കുറച്ചിലുകളില്ല. എന്നാൽ അവ കൃത്യമായും ഫലപ്രദമായും വിനിയോഗിക്കുന്നതിൽ വൻവ്യത്യാസം കാണുന്നു. ഫണ്ട് വിനിയോഗത്തെ സംബന്ധിച്ച് പ്രാദേശികതലത്തിൽ കൃത്യമായ ആസൂത്രണം ഉണ്ടാവണം. പ്രാദേശികതലത്തിൽ പ്രവർത്തിക്കുന്നവർക്ക് ഇതു സംബന്ധിച്ച ഒരു പരിശീലനം നൽകുന്നത് ആലോചനയിലുണ്ടെന്നും കേന്ദ്രമന്ത്രി പറഞ്ഞു.

ആരോഗ്യം, വിദ്യാഭ്യാസം, അടിസ്ഥാന സൗകര്യവികസനം എന്നീ രംഗങ്ങളിലുള്ള കേരളത്തിന്റെ ഉന്നമനത്തിൽ പ്രാദേശികമായ സംരംഭങ്ങൾക്കുള്ള പങ്ക് എടുത്തു പറയേണ്ടതാണെന്ന് ധനമന്ത്രി തോമസ് ഐസക് പറഞ്ഞു. കുടുംബശ്രീ പോലുള്ള സ്ത്രീ ശാക്തീകരണ പദ്ധതികൾ വിജയകരമായി നടപ്പാക്കുന്നുണ്ടെങ്കിലും ലിംഗസമത്വം എന്ന ആശയത്തിലെത്താൻ കേരളത്തിൽ ഇനിയും പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കേണ്ടതുണ്ട്. സ്ത്രീകൾ ഗുണഭോക്താക്കളാകുന്ന ഇത്തരം പദ്ധതികൾക്കായി ബജറ്റ് വിഹിതം മാറ്റിവച്ച് നടപ്പിൽ വരുത്തുന്നതിനും സ്ത്രീകളെ ചുമതലപ്പെടുത്തേണ്ടതാണ്. പരിസ്ഥിതി സംബന്ധിച്ച വിഷയങ്ങളിലും കേരളം പിന്നിലാണ്. ദാരിദ്ര്യം പൂർണമായും നിർമാർജനം ചെയ്യുന്നതിന് കൂടുതൽ പദ്ധതി

# പെട്രോ കെമിക്കൽ പാർക്കിന് കേന്ദ്ര പിന്തുണ തേടി

കൊച്ചിയിൽ ആരംഭിക്കുന്ന പെട്രോ കെമിക്കൽ പാർക്കിന് അനുകൂലമായ സമീപനം കേന്ദ്രത്തിൽ നിന്നുണ്ടാകണമെന്ന് കേന്ദ്ര പെട്രോളിയം-പ്രകൃതി വാതക വകുപ്പ് മന്ത്രി ധർമേന്ദ്ര പ്രധാനോട് മുഖ്യമന്ത്രി പിണറായി വിജയൻ അഭ്യർത്ഥിച്ചു. ഇക്കാര്യത്തിൽ അനുഭാവപൂർണമായ നടപടികൾ കേന്ദ്രത്തിൽ നിന്നുണ്ടാവുമെന്ന് കേന്ദ്രമന്ത്രി ഉറപ്പു നൽകി. കേന്ദ്രമന്ത്രിയുമായി കഴിഞ്ഞ ദിവസം നടത്തിയ ചർച്ചയിലാണ് മുഖ്യമന്ത്രി ഇക്കാര്യം ഉന്നയിച്ചത്.

ഗെയ്ൽ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് സ്ഥലമേറ്റെടുക്കലിന് മേൽനോട്ടം വഹിക്കാൻ ചീഫ് സെക്രട്ടറിയുടെ അധ്യക്ഷതയിൽ ഗെയ്ൽ പ്രതിനിധികൾ ഉൾപ്പെട്ട മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കും. ഈ കമ്മിറ്റി മാസത്തിലൊരിക്കൽ യോഗം ചേർന്ന് പ്രവൃത്തി പുരോഗതി വിലയിരുത്തും. ഗെയ്ൽ പൈപ്പ് ലൈൻ കടന്നുപോകുന്ന ജില്ലകളിൽ ഗെയ്ലിന്റെ ഗ്യാസ് ഗാർഹികാവശ്യത്തിനുള്ള പാചകവാതകമായി വിതരണം ചെയ്യും. ഗതാഗതത്തിനും ഗാർഹികാവശ്യത്തിനുമുള്ള ഗ്യാസ് ആഭ്യന്തര നിരക്കിൽ വിതരണം ചെയ്യാമെന്നും ധാരണയായി.

അടച്ചുപൂട്ടൽ ഭീഷണി നേരിടുന്ന ഹിന്ദുസ്ഥാൻ ഓർഗാനിക് കെമിക്കൽസിന്റെ കൊച്ചിയിലെ പ്ലാന്റ് ബി. പി. സി. എൽ ഏറ്റെടുക്കണമെന്ന് മുഖ്യമന്ത്രി ആവശ്യപ്പെട്ടു. ഇക്കാര്യത്തിൽ കൂടുതൽ ചർച്ചകൾ നടത്തിയശേഷം തീരുമാനം മുഖ്യമന്ത്രിയെ അറിയിക്കാമെന്ന് കേന്ദ്രമന്ത്രി മറുപടി നൽകി. ഭാരത് പെട്രോളിയത്തിന്റെ ബോട്ട്ലിങ് യൂണിറ്റുകളിലെ സമരം ഒത്തുതീർപ്പാക്കാൻ കേന്ദ്ര പെട്രോളിയം-പ്രകൃതിവാതക വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥരും കേരള തൊഴിൽ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുമായി ചർച്ച നടത്താൻ അവസരമൊരുക്കുമെന്നും കേന്ദ്രമന്ത്രി പറഞ്ഞു.

ദ്രവീകൃത പ്രകൃതിവാതകത്തിൽ നിന്ന് വൈദ്യുതി ഉണ്ടാക്കുന്നത് സംബന്ധിച്ച് ശാസ്ത്രീയമായി പഠിച്ചശേഷം നടപടിയെടുക്കും. ഫാക്ടിൽ പുതിയ യൂറിയ പ്ലാന്റ് തുടങ്ങാൻ എല്ലാ സഹായവും നൽകും. ഇന്ത്യൻ ഓയിൽ കോർപറേഷനിലെ സമരവുമായി ബന്ധപ്പെട്ട കാര്യങ്ങളെക്കുറിച്ച് തൊഴിൽ വകുപ്പ് സെക്രട്ടറിയും കേന്ദ്ര പെട്രോളിയം സെക്രട്ടറിയും ചർച്ച നടത്തുമെന്നും മത്സ്യത്തൊഴിലാളികൾക്ക് മണ്ണെണ്ണ നൽകുന്നതിന് ശാസ്ത്രീയ പഠനം നടത്തുമെന്നും കേന്ദ്രമന്ത്രി പറഞ്ഞു.

പെട്രോകെമിക്കൽ പാർക്കുമായി ബന്ധപ്പെട്ട് തിരുവനന്തപുരത്ത് നടത്തുന്ന സെമിനാറിൽ പങ്കെടുക്കാൻ മുഖ്യമന്ത്രി കേന്ദ്രമന്ത്രിയെ ക്ഷണിച്ചു. പെട്രോളിയം മേഖലയിൽ കേരള സർക്കാരിന്റെ പ്രവർത്തനങ്ങൾ രാജ്യത്തിന് മാതൃകയാണെന്നും ഡൽഹിയിൽ നടക്കുന്ന പെട്രോടെക് കോൺക്ലേവിൽ ഇക്കാര്യം എടുത്തുകാട്ടുമെന്നും ധർമേന്ദ്ര പ്രധാൻ പറഞ്ഞു. പെട്രോടെക് കോൺക്ലേവിൽ പങ്കെടുക്കാൻ അദ്ദേഹം മുഖ്യമന്ത്രിയെ ക്ഷണിച്ചു.

ചർച്ചയിൽ ചീഫ് സെക്രട്ടറി എസ്. എം. വിജയാനന്ദ്, കേന്ദ്ര പെട്രോളിയം-പ്രകൃതി വാതക വകുപ്പ് സെക്രട്ടറി കെ. ഡി. ത്രിപാഠി, വ്യവസായ-ഊർജ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി പോൾ ആന്റണി, തൊഴിൽ നൈപുണ്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ടോം ജോസ്, ഭാരത് പെട്രോളിയം കോർപറേഷൻ ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ ഡി. രാജ്കുമാർ, ഇന്ത്യൻ ഓയിൽ കോർപറേഷൻ ഡയറക്ടർ ജി. കെ. സതീഷ്, പെട്രോനെറ്റ് എൽ. എൻ. ജി. മാനേജിംഗ് ഡയറക്ടറും ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുമായ പ്രഭാത് സിംഗ്, ഗെയ്ൽ ചെയർമാൻ ബി. സി. ത്രിപാഠി പങ്കെടുത്തു.



കൾ ആവിഷ്കരിച്ച് നടപ്പാക്കേണ്ടതുണ്ടെന്നും അദ്ദേഹം പറഞ്ഞു. പ്രാദേശിക വികസനത്തിനായി പദ്ധതികൾ ആവിഷ്കരിക്കുമ്പോൾ ലോകമെമ്പാടുമുള്ള ജനപ്രതിനിധികളും ബന്ധപ്പെട്ടവരും പങ്കുവയ്ക്കുന്ന കാഴ്ചപ്പാടുകളിലും ആർജിക്കുന്ന അനുഭവങ്ങളിലും സമാനത കാണാനാകുമെന്നും മന്ത്രി തോമസ് ഐസക് പറഞ്ഞു. വലിയ തരത്തിലുള്ള ആഗോളവത്കരണത്തിനിടയിലും പ്രാദേശികമായ ജനപങ്കാളിത്തത്തിന് വലിയ ഒരു സ്ഥാനമുണ്ടെന്നും വികസനത്തിൽ ഇതിന്റെ ശക്തി തിരിച്ചറിയണമെന്നും മന്ത്രി വ്യക്തമാക്കി.

പഞ്ചായത്തിരാജ് കാര്യമന്ത്രാലയം സെക്രട്ടറി ജെ. എസ്. മാതുർ, ജോയിന്റ് സെക്രട്ടറി സഞ്ജീബ് പട് ജോഷി, ബാഷ്കോർട്ടോസ്താൻ തലവൻ റുസ്തം മാർഡനോവ്, ബ്രസീലിയൻ പ്രതിനിധി ഫാബിയാനോ ബുർഘാർദ് സംബന്ധിച്ചു.



CREATIVE
DESIGN. AFFORDABLE
EFFICIENT PRINT.
MAIL. RELIABLE
COLOUR
LAZER
PRINTING
Size - 13" x 19"
dot graphics
DIGITAL PRESS
ഡിജിറ്റൽ പ്രസ്സ്
FIRST FLOOR, PANTHALLOOKKARAN JAMES BUILDING
BEHIND THRISSUR BUS STOP, KODAKARA
PH: 82 81 84 69 99, 98 46 12 13 25
എല്ലാവിധ കല്യാണക്കുറികളും
മിതമായ വിലയിൽ ലഭിക്കുന്നു
GRAPHIC DESIGNING
NOTICE BROCHURE POSTER ENVELOPES LETTERHEADS
VISITING CARDS ID CARDS INVITATION CARDS WEDDING CARDS MEMORY CARDS
THANKS CARDS CAR BACK POSTERS STICKER PRINTING BANNER PRINTING
THERMAL LAMINATION POUCH LAMINATION ALL TYPE OF BINDING
DESIGNING OFFSET PRINTING DIGITAL COPYING UP TO B4 SIZE
Graphic

kinfra
INSPIRING GROWTH




# ടെക്നോളജി ഇന്നവേഷൻ സോൺ: ധാരണാപത്രം കൈമാറി

കളമശ്ശേരി കിൻഫ്ര ഹൈടെക് പാർക്കിലെ കേരള ടെക്നോളജി ഇന്നവേഷൻ സോണിൽ സ്റ്റാർട്ട് അപ്പുകൾക്കായി സിഗ്നേച്ചർ ബിൽഡിങ് നിർമിക്കുന്നതിനും അനുബന്ധ സൗകര്യങ്ങൾ ഒരുക്കുന്നതിനും കേരള സ്റ്റാർട്ട് അപ് മിഷനും ടെക്നോളജി പാർക്സ് ഓഫ് ഇന്ത്യയും ധാരണാപത്രം ഒപ്പുവച്ചു. മുഖ്യമന്ത്രി പിണറായി വിജയന്റെ സാന്നിധ്യത്തിൽ കേരള സ്റ്റാർട്ട് അപ്പ് മിഷൻ സി. ഇ. ഒ. ഡോ. സി. ജയശങ്കർ പ്രസാദും സോഫ്റ്റ്‌വെയർ ടെക്നോളജി പാർക്സ് ഓഫ് ഇന്ത്യ തിരുവനന്തപുരം ഡയറക്ടർ എസ്. ആർ. സുബ്രഹ്മണ്യവുമാണ് ധാരണാപത്രത്തിൽ ഒപ്പിട്ടത്.

ധാരണാപത്രമനുസരിച്ച് കേരള ടെക്നോളജി ഇന്നവേഷൻ സോണിന്റെ അടിസ്ഥാന സൗകര്യ വികസന പങ്കാളികളായി സോഫ്റ്റ്‌വെയർ ടെക്നോളജി പാർക്സ് ഓഫ് ഇന്ത്യയെ ഉൾകൊള്ളിക്കും. സോണിന്റെ 13.2 ഏക്കർ ഭൂമിയിൽ 1.2 ഏക്കർ ഭൂമി സോഫ്റ്റ് വെയർ ടെക്നോളജി പാർക്സ് ഓഫ് ഇന്ത്യക്ക് 90 വർഷത്തേയ്ക്ക് പാട്ടമായി നൽകും. ഇതിൽ സോഫ്റ്റ്‌വെയർ ടെക്നോളജി പാർക്സ് ഓഫ് ഇന്ത്യ മൂന്നു ഘട്ടങ്ങളിലായി 90,000 ചതുരശ്ര അടി കെട്ടിടം നിർമിക്കും. ഇതിനുള്ള രൂപകല്പന കേരള സ്റ്റാർട്ട് അപ്പ് മിഷൻ സോഫ്റ്റ്‌വെയർ ടെക്നോളജി പാർക്സ് ഓഫ് ഇന്ത്യക്ക് നൽകി. നിർമാണപ്രവർത്തനങ്ങളുടെ ആദ്യഘട്ടം (30,000 ചതുരശ്ര അടി) രണ്ടര വർഷം കൊണ്ട് പൂർത്തീകരിക്കും. ആദ്യഘട്ടത്തിൽ 70 ശതമാനം പൂർത്തീകരിച്ചതിനു ശേഷമായിരിക്കും തുടർന്നുള്ള ഘട്ടങ്ങൾ.

സ്റ്റാർട്ടപ്പ് മൊഡ്യൂളുകൾ, ഉയർന്ന നിലവാരമുള്ള ഫാബ്രിക്കേഷൻ ലാബുകൾ, വാണിജ്യ ഓഫീസുകൾ, ഡോർമിറ്ററികൾ എന്നിങ്ങനെ മൂന്നൂറോളം സ്റ്റാർട്ടപ്പുകൾക്ക് ഇൻകുബേഷൻ സൗകര്യങ്ങളും ആഗോളതലത്തിൽ വളരുന്നതിനുള്ള അനുബന്ധ സൗകര്യങ്ങളും ഒരുക്കുന്നതാണ് പദ്ധതി. ധാരണാപത്രം സോഫ്റ്റ്‌വെയർ ടെക്നോളജി പാർക്സ് ഓഫ് ഇന്ത്യ ഡയറക്ടർ ജനറൽ ഡോ. ഓംകാർ റായിയും, വിവര സാങ്കേതികവിദ്യാ വകുപ്പ് സെക്രട്ടറി എം. ശിവശങ്കറും തമ്മിൽ കൈമാറി.




# ഫിലിം ആന്റ് വീഡിയോ പാർക്കിൽ ഐ. ടി/ ഐ. ടി. ഇ. എസ് സമുച്ചയം

കിൻഫ്ര ഫിലിം ആന്റ് വീഡിയോ പാർക്കിൽ ഐ. ടി/ഐ. ടി. ഇ. എസ് അധിഷ്ഠിത പ്രത്യേക സാമ്പത്തിക മേഖലയുടെ രണ്ടാംഘട്ട നിർമാണ പ്രവർത്തനങ്ങൾക്കുള്ള കെട്ടിട സമുച്ചയത്തിന്റെ ശിലാസ്ഥാപനം സഹകരണ, ടൂറിസം- ദേവസ്വം വകുപ്പു മന്ത്രി കടകംപള്ളി സുരേന്ദ്രൻ നിർവഹിച്ചു. രണ്ടാം ഘട്ട വികസനത്തിന്റെ ഭാഗമായി 2.3 ലക്ഷം ചതുരശ്ര അടി വിസ്തീർണമുള്ള കെട്ടിട സമുച്ചയങ്ങളുടെ നിർമാണത്തിന്റെ ശിലാസ്ഥാപന കർമമാണ് കിൻഫ്ര ഫിലിം ആന്റ് വീഡിയോ പാർക്കിൽ നടന്നത്. തിരുവനന്തപുരം മേയർ വി. കെ. പ്രശാന്ത് അദ്ധ്യക്ഷനായിരുന്നു.

ചെറുകിട ഐ. ടി വ്യവസായ സംരംഭകർക്ക് ഉപകാരപ്രദമാകുന്നതാണ് പുതിയ കെട്ടിട സമുച്ചയമെന്ന് മന്ത്രി കടകംപള്ളി സുരേന്ദ്രൻ പറഞ്ഞു. കിൻഫ്ര ഫിലിം ആന്റ് വീഡിയോ പാർക്കിന്റെ 25 ഏക്കർ സ്ഥലമാണ് പ്രത്യേക സാമ്പത്തിക മേഖലയായി പ്രഖ്യാപിച്ചിട്ടുള്ളത്. ഈ സാമ്പത്തിക മേഖലയിൽ 1.9 ലക്ഷം ചതുരശ്ര അടിയിൽ ദൃശ്യ എന്ന പേരിൽ ഒരു കെട്ടിടം പണിതിട്ടുണ്ട്. യുവ വ്യവസായ സംരംഭകരെ ആകർഷിക്കാനായി ഐ. ടി. അധിഷ്ഠിത മേഖലയിൽ ഇൻക്യുബേറ്റർ സംവിധാനവും ഒരുക്കിയിട്ടുണ്ട്.

കിൻഫ്ര മാനേജിംഗ് ഡയറക്ടർ ഡോ. എം. ബീന, കിൻഫ്ര ഫിലിം ആന്റ് വീഡിയോ പാർക്ക് എം. ഡി. സൂരജ് രവീന്ദ്രൻ സംബന്ധിച്ചു.

***With Best Compliments***

# M/s. Perfect Cartons

**VII/530, Jew Town,**

**Mattancherry.P.O, Kochi-682002.**

**Ph: 0484-2225879/9847057974**

(Mfg. of Duplex & Corrugated Carton)

ടി. എസ്. ചന്ദ്രൻ

# ബാംബൂ മേഖലയ്ക്കാശ്വാസമായി ആഷ



ബാംബൂ മേഖലയിൽ പണിയെടുക്കുന്ന കരകൗശല തൊഴിലാളികൾക്ക് ആശ്വാസം പകരുന്ന പദ്ധതിയാണ് ആഷ അഥവാ അസിസ്റ്റന്റ് സ്കീം ഫോർ ഹാന്റിക്രാഫ്റ്റ് ആർട്ടിസാൻസ്. ബാംബൂ അടിസ്ഥാനമാക്കി സൂക്ഷ്മ- കുടിൽ വ്യവസായങ്ങൾ ആരംഭിക്കുന്നതിന് പദ്ധതിപ്രകാരം പ്രോത്സാഹനം നൽകുന്നു. സംരംഭ ആശയവുമായി വരുന്ന കരകൗശല തൊഴിലാളികൾക്ക് വലിയ തോതിലുള്ള സാമ്പത്തിക ആനുകൂല്യങ്ങളാണ് സർക്കാർ പ്രഖ്യാപിച്ചിരിക്കുന്നത്. കേരള സ്റ്റേറ്റ് ബാംബൂ കോർപറേഷനിൽ അംഗത്വമുള്ള തൊഴിലാളികൾക്കും ഈ ആനുകൂല്യം ഫലപ്രദമായി ഉപയോഗപ്പെടുത്താം. പ്രകൃതിയോടിണങ്ങിയ ഉല്പന്നം എന്ന നിലയിൽ ബാംബൂ അധിഷ്ഠിതമായ ലഘു സംരംഭങ്ങൾക്ക് വൻ സാധ്യതകളാണ് ഉള്ളത്. വീടുകളിൽ ഉപയോഗിക്കുന്ന ഉപകരണങ്ങൾ മാത്രമല്ല ആധുനിക കെട്ടിട നിർമാണ മേഖലകളിലും ബാംബൂ ഉല്പന്നങ്ങൾക്ക് സാധ്യതകൾ ഏറെയാണ്. നനഞ്ഞാൽ കേടു വരാത്തതും, ചിതൽ പിടിക്കാത്തതും, അത്യാകർഷകങ്ങളുമായ നിരവധിയായ കെട്ടിട നിർമാണ ഉല്പന്നങ്ങൾ ഈറ്റ, മുള എന്നിവ ഉപയോഗിച്ച് നിർമിക്കാൻ കഴിയും. ലഘു സംരംഭങ്ങൾക്കും ഈ രംഗത്ത് വലിയ സാധ്യതകൾ ഉണ്ട്.

അത്തരം സാധ്യതകൾ ദീർഘവീക്ഷണത്തോടെ ഉപയോഗപ്പെടുത്തുവാൻ ആഗ്രഹിക്കുന്നവർക്ക് ആഷ വലിയ അനുഗ്രഹമാകും. 2016 ആഗസ്റ്റ് 20 മുതലാണ് ഇതുപ്രകാരമുള്ള ആനുകൂല്യങ്ങൾ നൽകുക. നിലവിൽ ഉണ്ടായിരുന്ന കരകൗശല പ്രോത്സാഹന പദ്ധതികൾ സംയോജിപ്പിച്ചുകൊണ്ടാണ് ആഷയ്ക്ക് രൂപം നൽകിയിരിക്കുന്നത്. ജില്ലാ വ്യവസായകേന്ദ്രങ്ങൾ വഴിയാണ് പദ്ധതി നടപ്പാക്കുക. ദാരിദ്ര്യ രേഖയ്ക്ക് മുകളിൽ ഉള്ളവർക്കും ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കും എന്നതാണ് ഈ സ്കീമിന്റെ സവിശേഷത. കരകൗശല മേഖലയിൽ പ്രത്യേകിച്ച് ബാംബൂ അധിഷ്ഠിതമേഖലയിൽ നവീന സംരംഭങ്ങൾ വളർത്തിയെടുക്കുക എന്നതാണ് ഇതിന്റെ ലക്ഷ്യം. അതിന് ഒറ്റത്തവണ സാമ്പത്തികസഹായം നൽകാനാണ് ആഷ കൊണ്ട് ഉദ്ദേശിക്കുന്നത്.

### അർഹത

1. സംസ്ഥാനത്ത് ബാംബൂ അധിഷ്ഠിത ഉല്പന്ന നിർമാണമേഖലയിലോ, മറ്റ് കരകൗശല മേഖലയിലോ പ്രവർത്തിക്കുന്ന സംരംഭങ്ങൾ ആയിരിക്കണം. ജില്ലാ വ്യവസായകേന്ദ്രത്തിൽ നിന്നും എന്റർപ്രണർ മെമ്മോറാണ്ടം ഭാഗം II അല്ലെങ്കിൽ ഉദ്യോഗ് ആധാർ രജിസ്ട്രേഷൻ എടുത്തിരിക്കണം.


2. സംരംഭം തുടങ്ങി ആറ് മാസത്തിനുള്ളിൽ നിശ്ചിത ഫോറത്തിൽ അപേക്ഷിക്കണം. ന്യായമായ കാരണങ്ങൾ ഉണ്ടെങ്കിൽ കാലതാമസത്തിന് ഇളവ് ലഭിക്കും.

പ്രായം, വിദ്യാഭ്യാസ യോഗ്യത എന്നിവ ബാധകമല്ല. ഏത് പ്രായത്തിലുള്ള സംരംഭകർക്കും തങ്ങളുടെ സ്വന്തം സംരംഭം ആരംഭിക്കുവാൻ ആനുകൂല്യം ലഭിക്കും.

3. ഏപ്രിൽ മാസം ഒന്നിന് 18–45 വയസ്സിന് ഇടയ്ക്ക് പ്രായം വരുന്നവർക്ക് യുവസംരംഭകർക്കുള്ള പ്രത്യേക ആനുകൂല്യങ്ങൾക്ക് അർഹതയുണ്ട്.

4. കരകൗശല തൊഴിലാളി (ആർട്ടിസാൻസ്) ആയിരിക്കണം സംരംഭകൻ. കേന്ദ്രസർക്കാരിന്റെ ഹാന്റിക്രാഫ്റ്റ് ഡവലപ്മെന്റ് കമ്മീഷണർ, കേരളത്തിലെ കരകൗശലമേഖലയിൽ പ്രവർത്തിക്കുന്ന സർക്കാർ സ്ഥാപനങ്ങളായ സുരഭി, കേരള സ്റ്റേറ്റ് ബാംബൂ കോർപറേഷൻ (കെ. എസ്. ബി. സി.), കേരള ആർട്ടിസാൻ ഡവലപ്മെന്റ് കോർപറേഷൻ (കാഡ്കോ) കേരള കരകൗശല വികസന കോർപറേഷൻ (എച്ച്. ഡി. സി. കെ), കെൽപാം എന്നീ ഏജൻസി





**വർക്ക് ഷെഡുകൾ നിർമിക്കുക, മെഷിനറികളും ഉപകരണങ്ങളും സമ്പാദിക്കുക, ഇലക്ട്രിഫിക്കേഷൻ നടത്തുക, ടെക്നോളജി, ഡിസൈൻ എന്നിവ സമ്പാദിക്കുക, തുടങ്ങിയ ആവശ്യങ്ങൾക്ക് വരുന്ന നിക്ഷേപമാണ് ഗ്രാന്റിന് പരിഗണിക്കുക.**

കൾ അംഗീകരിച്ച കരകൗശല തൊഴിലാളി ആയിരിക്കണമെന്നാണ് ഇതിന്റെ നിർവചനം.

5. ബാങ്ക് വായ്പ എടുക്കാതെ സ്വന്തം നിലയിൽ നിക്ഷേപം നടത്തുന്നവർക്കും ആനുകൂല്യം ലഭിക്കും.

## പദ്ധതി ആനുകൂല്യം

1. കരകൗശല സംരംഭം ആരംഭിക്കുന്നതിനു വേണ്ടി വരുന്ന സ്ഥിര നിക്ഷേപത്തിന്റെ 40% പരമാവധി രണ്ട് ലക്ഷം രൂപ വരെ ഗ്രാന്റ് നൽകുന്നു.

2. വനിതകൾ, പട്ടികജാതി വർഗ സംരംഭകർ, യുവാക്കൾ എന്നീ പ്രത്യേക വിഭാഗങ്ങൾ ആരംഭിക്കുന്ന കരകൗശല സംരംഭങ്ങളുടെ സ്ഥിരനിക്ഷേപത്തിന്റെ 50% പരമാവധി മൂന്ന് ലക്ഷം രൂപ വരെ ഗ്രാന്റ് നൽകുന്നു.

വർക്ക് ഷെഡുകൾ നിർമിക്കുക, മെഷിനറികളും ഉപകരണങ്ങളും സമ്പാദിക്കുക, ഇലക്ട്രിഫിക്കേഷൻ നടത്തുക, ടെക്നോളജി, ഡിസൈൻ എന്നിവ സമ്പാദിക്കുക, തുടങ്ങിയ ആവശ്യങ്ങൾക്ക് വരുന്ന നിക്ഷേപമാണ് ഗ്രാന്റിന് പരിഗണിക്കുക. പ്രവർത്തന മൂലധന നിക്ഷേപത്തിന് ഗ്രാന്റ് ലഭിക്കില്ല. വനിത, പട്ടികജാതി/ വർഗ സംരംഭങ്ങൾക്ക് കുറഞ്ഞത് 50% ഓഹരി ആ വിഭാഗങ്ങൾക്ക് ഉണ്ടായിരുന്നാൽ മതി. 45 വയസിന് താഴെയുള്ളവരെ യുവാക്കൾ ആയി കണക്കാക്കും. വേറെ ഏതെങ്കിലും സർക്കാർ പദ്ധതി പ്രകാരം സംരംഭത്തിന് ഗ്രാന്റ് ലഭിച്ചിട്ടുണ്ടെങ്കിൽ പ്രസ്തുത തുക കഴിച്ച് ബാക്കി വരുന്ന അർഹമായ തുക ഈ പദ്ധതിപ്രകാരം വാങ്ങാമെന്ന സൗകര്യവും ഉണ്ട്.

## അപേക്ഷയിലെ നടപടികൾ

നിശ്ചിത ഫോറത്തിലുള്ള അപേക്ഷകൾ ബന്ധപ്പെട്ട രേഖകൾ സഹിതം കേന്ദ്ര ഹാന്റിക്രാഫ്റ്റ് ഡവലപ്മെന്റ് കമ്മീഷണർ, സുരഭി, കെ. എസ്. ബി. സി., കാഡ്കോ, എച്ച്. ഡി. സി. കെ., കെൽപാം തുടങ്ങിയ ഏജൻസികളിലെ രജിസ്റ്റർ ചെയ്ത തൊഴിലാളികൾക്ക് അതത് ഏജൻസികൾ വഴിയും, അല്ലാത്തവർക്ക് ജില്ലാ വ്യവസായകേന്ദ്രത്തിലെ ഹാന്റിക്രാഫ്റ്റ് മാനേജർ വഴിയും സമർപിക്കാം. തികച്ചും സൗജന്യമാണ്. യാതൊരു ഫീസും നൽകേണ്ടതില്ല.

സ്ഥിരനിക്ഷേപം നടത്തി എന്നു തെളിയിക്കുന്ന രേഖകൾ അപേക്ഷയോടൊപ്പം സമർപിക്കണം. ഉദാ: വർക്ക് ഷെഡിന്റെ പ്ലാൻ, വില നിർണയ സർട്ടിഫിക്കറ്റ്, മെഷിനറി ഉപകരണങ്ങളുടെ ഇൻവോയ്സ്, ക്യാഷ് രസീത് മുതലായവ. അപേക്ഷ പരിശോധിച്ച് കൃത്യത ബോധ്യപ്പെട്ടശേഷം അത് ജില്ലാതല പ്രോജക്ട് അപ്രൈസൽ കമ്മറ്റിക്ക് വയ്ക്കുന്നു. ജില്ലാ വ്യവസായകേന്ദ്രം ജനറൽ മാനേജരാണ് ഇതിന്റെ ചെയർമാൻ. ലീഡ് ബാങ്ക് ജില്ലാ മാനേജർ, അസിസ്റ്റന്റ് ഡയറക്ടർ (ഹാന്റിക്രാഫ്റ്റ്സ്) ജില്ലാ വ്യവസായകേന്ദ്രം മാനേജർ (ഹാന്റിക്രാഫ്റ്റ്സ്) എന്നിവർ അംഗങ്ങളാണ്. ഈ കമ്മറ്റിയാണ് അപേക്ഷ അനുവദിക്കുന്നത്. ഗ്രാന്റ് തുക സ്ഥാപനത്തിന്റെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നൽകുന്നു. പൂർത്തിയാക്കിയ അപേക്ഷകൾ 30 ദിവസത്തിനുള്ളിൽ പാസ്സാക്കിയിരിക്കണം. ജില്ലാതല പ്രോജക്ട് അപ്രൈസൽ കമ്മറ്റിയുടെ തീരുമാനത്തിൽ ആക്ഷേപമുള്ളവർക്ക് വ്യവസായ-വാണിജ്യ ഡയറക്ടർക്ക് നിശ്ചിത ഫോറത്തിൽ അപ്പീൽ നൽകാവുന്നതാണ്. ഗ്രാന്റ് കൈപ്പറ്റിക്കഴിഞ്ഞാൽ തുടർച്ചയായി അഞ്ച് വർഷം സ്ഥാപനം പ്രവർത്തിച്ചിരിക്കണം എന്ന നിബന്ധനയുണ്ട്.

സ്വന്തം നിലയിൽ ഒരു സംരംഭം എന്ന കരകൗശല തൊഴിലാളിയുടെ സ്വപ്നം സാക്ഷാത്കരിക്കുകയാണ് ഈ സാമ്പത്തിക സഹായത്തിലൂടെ. കേരളത്തിലെ കരകൗശല ഉത്പന്നങ്ങൾക്ക് ഇന്ത്യയ്ക്കകത്തും വിദേശത്തും വൻസാധ്യതകളാണ് ഉള്ളത്. മെച്ചപ്പെട്ട സാങ്കേതിക വിദ്യയും, ആധുനിക മെഷിനറി സംവിധാനങ്ങളും ഉപയോഗപ്പെടുത്തി ഈ രംഗത്തെ അവസരങ്ങൾ പ്രയോജനപ്പെടുത്താനുള്ള ശ്രമങ്ങളാണ് സംരംഭകർ നടത്തേണ്ടത്.

**പാലക്കാട് ജില്ലാ വ്യവസായകേന്ദ്രം മാനേജരാണ് ലേഖകൻ**

മനോജ് മാതിരപ്പള്ളി



# മുള വ്യവസായത്തിന് കരുത്തേകി ബാംബൂ കോർപറേഷൻ

**ലോ**കകമ്പോളത്തിൽ മുളയധിഷ്ഠിത ഉത്പന്നങ്ങളുടെ നിർമ്മാണവും വിപണനവും അനുദിനം വർദ്ധിച്ചുവരികയാണ്. പതിനായിരം കോടിയോളം രൂപയുടെ വിപണനം ഇപ്പോൾ ഈ മേഖലയിൽ നടക്കുന്നുവെന്നാണ് റിപ്പോർട്ട്. മുളയരിയും മുളങ്കൂമ്പും ഉപയോഗിച്ചുള്ള അച്ചാർ, ചമ്മന്തിപ്പൊടി, പലഹാരങ്ങൾ തുടങ്ങിയ ഭക്ഷ്യവസ്തുക്കൾ മുതൽ മുള ഉപയോഗിച്ച് നിർമ്മിക്കുന്ന വിവിധ തരം ഫർണീച്ചറുകളും വീടുകളും വരെ ഇതിൽ ഉൾപ്പെടുന്നു. ആഗോളതലത്തിൽ ചൈനയാണ് മുളയധിഷ്ഠിത വ്യവസായരംഗത്ത് ഒന്നാം സ്ഥാനത്ത് നിൽക്കുന്നത്. അതുകഴിഞ്ഞാൽ തൊട്ടുപിന്നിൽ ഇന്ത്യയാണ്. വടക്കു കിഴക്കൻ സംസ്ഥാനങ്ങളിലാണ് ഇന്ത്യയിൽ ഏറ്റവുമധികം മുള ഉത്പാദിപ്പിക്കുന്നതെങ്കിലും, കേരളത്തിലെ ഉത്പാദനവും തീരെ കുറവല്ല. മാത്രവുമല്ല രാജ്യത്തെ ഏറ്റവും മികച്ച മുളങ്കാടുകൾ കേരളത്തിലാണ്. ഇത്തരമൊരു സാധ്യത മുൻനിർത്തിയാണ് ബാംബൂ കോർപറേഷന്റെ പ്രവർത്തനം.

## തുടക്കവും വികാസവും

എറണാകുളം ജില്ലയിലെ അങ്കമാലി ആസ്ഥാനമായി 1971-ലാണ് കേരള സ്റ്റേറ്റ് ബാംബൂ കോർപറേഷൻ ലിമിറ്റഡ് പ്രവർത്തനം ആരംഭിക്കുന്നത്. പരമ്പരാഗത തൊഴിൽ മേഖലയായ ഈറ്റ, പനമ്പ് നെയ്ത്തുതൊഴിലാളികളെ ഇടത്തട്ടുകാരുടെ ചൂഷണത്തിൽനിന്നും സംരക്ഷിക്കുക എന്നതായിരുന്നു കോർപറേഷന്റെ ലക്ഷ്യം. ഗ്രാമീണരിൽനിന്നും ഈറ്റ, പനമ്പ്, കുട്ട, വട്ടി, മുറം തുടങ്ങിയവ വൻതോതിൽ ശേഖരിച്ച് കമ്പോളത്തിൽ എത്തിക്കുകയും അവയ്ക്ക് പരമാവധി വില ലഭ്യമാക്കുകയുമാണ് കോർപറേഷൻ ചെയ്തത്. ഇതിലൂടെ, ഈ മേഖലയിലെ ചൂഷണം അവസാനിപ്പിക്കാൻ കഴിഞ്ഞുവെന്ന കാര്യത്തിൽ തർക്കമില്ല.


1960-കളിൽ എറണാകുളം ജില്ലയിൽ പെരിയാറിന്റെ തീരഗ്രാമങ്ങളായ കുട്ടമ്പുഴ, നീലീശ്വരം, കൊറ്റമം, കാലടി എന്നിവിടങ്ങളിലും തിരുവനന്തപുരം ജില്ലയിലെ ആര്യനാട്, വിതുര, ലൂഥർഗിരി, വെളിയന്നൂർ മേഖലയിലും പാലക്കാട് ജില്ലയിലെ കവര സമുദായക്കാർക്കിടയിലുമാണ് ഈറ്റ ഉപയോഗിച്ചുള്ള നെയ്ത്തുതൊഴിൽ സജീവമായിരുന്നത്. ഇവർ നെയ്തെടുക്കുന്ന പനമ്പും കുട്ടയും വട്ടിയും മുറവുമെല്ലാം കിട്ടുന്ന വിലയ്ക്ക് പ്രാദേശികതലത്തിൽ വിറ്റഴിക്കുകയാണ് ചെയ്തിരുന്നത്. ഇക്കാലത്ത് ന്യായവില ലഭ്യമാകാതിരുന്നതിനാൽ നെയ്ത്തുതൊഴിലാളികൾ വൻതോതിലുള്ള ചൂഷണത്തിന് വിധേയമായിരുന്നു. ഇതിനൊരു മാറ്റമുണ്ടാകുന്നത് ബാംബൂ കോർപറേഷന്റെ വരവോടെയാണ്.



പ്രാദേശിക തലത്തിലുള്ള കർഷകരും തൊഴിലാളികളും സ്ത്രീകളുമെല്ലാം ഉത്പാദിപ്പിക്കുന്ന നെയ്ത്തുത്പന്നങ്ങളുടെ സംഭരണത്തിനായി ബാംബൂ കോർപറേഷൻ വിപുലമായ സംവിധാനമൊരുക്കി. ഇതോടൊപ്പം കാടുകളിൽനിന്നും ബാംബൂ കോർപറേഷൻ സംഭരിക്കുന്ന ഈറ്റ, ആദിവാസികൾക്കും നെയ്ത്തിൽ താൽപര്യമുള്ള മറ്റുള്ളവർക്കും ഉത്പന്നനിർമ്മാണത്തിനായി എത്തിച്ചുകൊടുക്കുകയും ചെയ്തു. ഇവയെല്ലാം സംഭരിച്ച് ന്യായവിലയ്ക്ക് വിപണിയിൽ എത്തിക്കുന്നതിൽ കോർപറേഷൻ നീതിയുക്തമായ പ്രവർത്തനം നടത്തി. സംസ്ഥാനത്ത് മൂന്ന് ലക്ഷത്തോളം തൊഴിലാളികൾ ഇപ്പോൾ ഈറ്റ അനുബന്ധ തൊഴിൽമേഖലകളിൽ ജോലിചെയ്യുന്നുണ്ട്. പതിനായിരത്തോളം വരുന്ന കുടുംബങ്ങളും കോർപറേഷനെ ആശ്രയിച്ച് ജീവിക്കുന്നു.

## ഉത്പന്നങ്ങളിലെ വൈവിധ്യവത്കരണം

1971-ൽ പ്രവർത്തനം ആരംഭിച്ചശേഷം ഒരു ദശാബ്ദത്തിലധികം ഗ്രാമീണമേഖലയിൽനിന്നും സംഭരിക്കുന്ന നെയ്ത്തുത്പന്നങ്ങളാണ് ബാംബൂ കോർപറേഷൻ വിപണിയിൽ എത്തിച്ചിരുന്നത്. എന്നാൽ ഇവയ്ക്ക് ആവശ്യക്കാർ കുറഞ്ഞതോടുകൂടി വിപണിയിലും തിരിച്ചടി നേരിടേണ്ടിവന്നു. ഉത്പന്ന വൈവിധ്യവത്കരണം നടത്തിക്കൊണ്ട് ഇതിനെ മറികടക്കാനായി



രു ന്നു
കോർപറേഷന്റെ തുടർന്നുള്ള ശ്രമം. അങ്ങനെ 1985-ൽ പനമ്പ് ഉപയോഗിച്ചുള്ള ബാംബൂ പ്ലൈ രൂപകൽപന ചെയ്യുകയും അത് നിർമ്മിക്കുന്നതിനായി ബാംബൂ ബോർഡ് ഫാക്ടറിയുടെ പ്രവർത്തനം ആരംഭിക്കുകയും ചെയ്തു. ഇന്നിപ്പോൾ ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിലായി ബാംബൂ പ്ലൈക്ക് 20 കോടിയോളം രൂപയുടെ വിറ്റുവരവുണ്ട്.

വൈവിധ്യവത്കരണത്തിന്റെ ഭാഗമായി നാഷണൽ മിഷൻ ഓൺ ബാംബൂ ആപ്ലിക്കേഷന്റെ സഹായത്തോടെ 2008-ൽ അങ്കമാലിയിലെ ബാംബൂ ബോർഡ് ഫാക്ടറിയിൽ 16 എംഎം കനത്തിൽ മുളകൊണ്ടുള്ള ഫ്ളാറ്റൻഡ് ബാംബൂ ബോർഡിന്റെ നിർമ്മാണത്തിന് തുടക്കമിട്ടു. പരിസ്ഥിതിസൗഹൃദമായ നിർമ്മാണപ്രവർത്തനങ്ങൾക്കുവേണ്ടിയാണ് ഇവ ഉപയോഗിക്കുന്നത്. ടൂറിസം രംഗത്തും പരിസ്ഥിതി ദുർബ്ബലമേഖലയിലുമുള്ള കെട്ടിടങ്ങളുടെ നിർമ്മാണമാണ് ഇതിൽ മുഖ്യം. കെട്ടിടങ്ങളുടെയും ഫർണീച്ചറുകളുടെയും നിർമ്മാണമേഖലയിൽ തടിക്ക് പകരമായി ഉപയോഗിക്കാൻ കഴിയുമെന്നതാണ് ബാംബൂ ബോർഡുകളുടെ ഗുണം. ആൻഡമാൻ-നിക്കോബാർ ദ്വീപസമൂഹങ്ങൾ ഉൾപ്പെടെയുള്ള മേഖലകളിലെ സുനാമി പുനരധിവാസ പ്രവർത്തനങ്ങളുടെ ഭാഗമായി നിർമ്മിക്കപ്പെട്ട വീടുകൾക്കുവേണ്ടി ബാംബൂ ബോർഡുകൾ കൊണ്ടുപോയത് ഇവിടെനിന്നുമാണ്.

ഇതോടൊപ്പം മുള ഉപയോഗിച്ചുള്ള തറയോടുകളുടെ നിർമ്മാണത്തിനായി 2011-ൽ കോഴിക്കോട് ജില്ലയിലെ നല്ലളത്ത് 12 കോടി രൂപ മുതൽമുടക്കി പുതിയ ഫാക്ടറി സ്ഥാപിച്ചു. 2012 ഫെബ്രുവരി മുതൽ ഇവിടെനിന്നും വാണിജ്യാടിസ്ഥാനത്തിൽ മുളന്തറയോടുകൾ (ബാംബൂ ടൈൽസ്) വിപണിയിൽ എത്തിത്തുടങ്ങി. ഇറക്കുമതി ചെയ്യുന്ന ബാംബൂ ടൈൽസിനേക്കാൾ കുറഞ്ഞ വിലയ്ക്കാണ് ഇവ ആഭ്യന്തര വിപണിയിൽ എത്തുന്നത്. ചൈനീസ് സാങ്കേതികവിദ്യ ഉപ

# ഇക്കോ കൺസ്ട്രക്ഷൻസിന് ഏറെ ഉത്തമം

**1971–ൽ രൂപീകരിക്കപ്പെടുമ്പോൾ ഉണ്ടായിരുന്ന അവസ്ഥയിലല്ല ഇപ്പോൾ ബാംബൂ കോർപറേഷൻ. പല കാലങ്ങളിലായി ഉത്പന്നങ്ങളിൽ വൈവിധ്യവത്കരണം നടപ്പാക്കിയിരിക്കുന്നു. കാലാനുസൃതമായ മാറ്റത്തിനൊപ്പം പ്രവർത്തനമേഖലകളിലും വ്യത്യാസമുണ്ടായിട്ടുണ്ട്. പരിസ്ഥിതിസൗഹൃദമായ ജീവിത വ്യവസ്ഥയെക്കുറിച്ച് ജനങ്ങൾക്ക് കൂടുതൽ അവബോധമുണ്ടായത് ബാംബൂ കോർപറേഷന് ഗുണകര മായിത്തീർന്നിരിക്കുകയാണ്. അതേസമയം പല തരത്തിലുള്ള വെല്ലുവിളികളെയും നേരിടേണ്ടിവരു ന്നു. ഇതേപ്പറ്റിയെല്ലാം ബാംബൂ കോർപറേഷൻ മാനേജിംഗ് ഡയറക്ടർ ടി.സുകുമാരൻനായർ സംസാ രിക്കുന്നു.**



**ബാംബൂ കോർപറേഷൻ നേരിടുന്ന വെല്ലുവിളികൾ എന്തൊക്കെയാണ്?**

ഈറ്റ, മുള തുടങ്ങിയ അസംസ്കൃതവസ്തുക്കളുടെ ലഭ്യതക്കുറവാണ് ബാംബൂ കോർപറേഷൻ നേരിടുന്ന പ്രധാനപ്പെട്ട വെല്ലുവിളി. ഇതുമൂലം കോർപറേഷന്റെ ഉത്പാദനക്ഷമത പൂർണമായും പ്രയോജനപ്പെടുത്താൻ സാധിക്കുന്നില്ല. സംസ്ഥാനത്തെ ഏറ്റവും വലിയ ഈറ്റക്കാടുകളായ പൂയംകുട്ടി, ഇടമലയാർ, കുട്ടമ്പുഴ, അടിമാലി, അതിരപ്പിള്ളി, കാളിക്കാവ്, ആങ്ങമൂഴി, സീതത്തോട് എന്നിവിടങ്ങളിലെല്ലാം അവയുടെ ശേഖരം കുറഞ്ഞുവരികയാണ്. ഇവിടുത്തെ വനമേഖലയിലുള്ള മുളങ്കാടുകളാണെങ്കിൽ വേണ്ടരീതിയിൽ പ്രയോജനപ്പെടുത്താതെ പൂത്തുനശിക്കുകയും ചെയ്യുന്നു. ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കാൻ തീവ്രശ്രമം ആവശ്യമാണ്. 1985–ൽ വിപണിയിൽ സാന്നിധ്യം അറിയിച്ച ബാംബൂ പ്ലൈക്കാണെങ്കിൽ ഇത്രകാലമായിട്ടും മികച്ച പരസ്യതന്ത്രങ്ങളോ ശക്തമായ വിതരണശൃംഖലയോ ഇല്ല. വിതരണശൃംഖല ശക്തമാക്കാനും ആകർഷകമായ പരസ്യതന്ത്രങ്ങളിലൂടെ കൂടുതൽ വിറ്റുവരവ് നേടാനുമുള്ള നടപടികളിലാണ് ഇപ്പോൾ ബാംബൂ കോർപറേഷൻ.

**മുളയുടെ വ്യാപനത്തിനായി എന്തെങ്കിലും പദ്ധതികളുണ്ടോ?**

തീർച്ചയായും. വിപണിയിലെ ഇടപെടലിനൊപ്പം മുളയുടെ വ്യാപനത്തിനും ബാംബൂ കോർപറേഷൻ പ്രാധാന്യം നൽകുന്നു. പീച്ചിയിലെ മുള ഗവേഷണകേന്ദ്രവുമായി സഹകരിച്ച്

യോഗിച്ചുകൊണ്ടാണ് ഇവയുടെ നിർമ്മാണം. രാഷ്ട്രീയപരവും അല്ലാത്തതുമായ കാരണങ്ങളാൽ ചൈനീസ് ഉത്പന്നങ്ങളോട് വലിയ താല്പര്യം കാണിക്കാത്ത അമേരിക്കൻ വിപണി പിടിച്ചെടുക്കാൻ നമുക്ക് കഴിയുമെന്നാണ് വിലയിരുത്തൽ. രാജ്യത്തിന്റെ പല ഭാഗങ്ങളിലും മുളയിൽ നിർമ്മിച്ച ചൈനീസ് തറയോടുകൾ ഇറക്കുമതി ചെയ്ത് ഉപയോഗിക്കുന്നുണ്ട്. ഇതേത്തുടർന്ന് ഒരു ഉത്തരേന്ത്യൻ കമ്പനി ഈ രംഗത്ത് ശ്രമം നടത്തിയെങ്കിലും വേണ്ടത്ര വിജയം നേടാനായില്ല. ഗുണനിലവാരമുള്ള മുള ലഭ്യമാകാത്തതായിരുന്നു ഇതിന് കാരണം. ഈയൊരു സാഹചര്യമാണ് കേരളത്തിന് അനുകൂലമായിരിക്കുന്നത്.

നല്ലളത്തെ ഫാക്ടറി മുളന്തറയോടുകളുടെ നിർമ്മാണത്തിനുള്ള മദർ യൂണിറ്റും മാനന്തവാടി, പാലക്കാട്, നാദാപുരം എന്നിവിടങ്ങളിൽ ഫീഡർ യൂണിറ്റുകളുമുണ്ട്.



മുളഉൽപ്പന്നങ്ങളുടെ വിപണനവും, അവ വച്ചുപിടിപ്പിക്കുന്നതിനുള്ള പരിപാടികളുമാണ് ആസൂത്രണം ചെയ്യുന്നത്. സംസ്കരിച്ച മുളയുടെ വിതരണശൃംഖല മെച്ചപ്പെടുത്താൻ ബാംബൂ മിഷനുമായി സഹകരിച്ച് സംസ്ഥാനത്തിന്റെ വിവിധ മേഖലകളിലായുള്ള അഞ്ചു കേന്ദ്രങ്ങളിൽ സപ്ലൈ ചെയിൻ തുടങ്ങാനുള്ള പദ്ധതികൾക്ക് തുടക്കം കുറിച്ചുകഴിഞ്ഞു. വരും വർഷങ്ങളിൽ ഈ വിതരണ ശൃംഖല സംസ്ഥാനം മുഴുവൻ വ്യാപിപ്പിക്കുന്നതാണ്.



**പുതിയ സാഹചര്യത്തിൽ മുള ഉപയോഗിച്ചുള്ള നിർമ്മാണപ്രവർത്തനങ്ങൾക്ക് എത്രത്തോളം സാധ്യതയുണ്ട്?**

അനിയന്ത്രിതമായ കോൺക്രീറ്റ് നിർമ്മാണത്തിലൂടെയും മറ്റും പ്രകൃതി ഏറ്റവും രൂക്ഷമായ വെല്ലുവിളി നേരിടുന്ന ഒരു കാലഘട്ടമാണിത്. പരിസ്ഥിതി ദുർബ്ബല പ്രദേശമെന്ന നിലയിലുള്ള നിയന്ത്രണങ്ങളും മറ്റും വരുന്നത് ഇത്തരമൊരു പശ്ചാത്തലത്തിലാണ്. പരിസ്ഥിതിസൗഹൃദ രീതികളിലൂടെ മാത്രമെ ഇനി പ്രകൃതിക്കും മനുഷ്യനും മറ്റു ജീവജാലങ്ങൾക്കുമെല്ലാം ആരോഗ്യകരമായ നിലനിൽപ് സാധ്യമാവുകയുള്ളൂ. ഇവിടെയാണ് മുള ഉപയോഗിച്ചുള്ള ഇക്കോ കൺസ്ട്രക്ഷൻസിന്റെ പ്രസക്തി. ഏത് പരിസ്ഥിതി ദുർബ്ബല പ്രദേശത്തും മുളവീടുകൾ നിർമ്മിക്കുന്നതിന് തടസമില്ല. കെട്ടിടങ്ങളും അവിടേക്ക് ആവശ്യമായ ഫർണീച്ചറുകളുമെല്ലാം ഇപ്പോൾ മുള ഉപയോഗിച്ച് നിർമ്മിക്കാൻ സാധിക്കും. മനോഹാരിതയുടെയും ഈടുനിൽപ്പിന്റെയും കാര്യത്തിൽ ഇവ ഒട്ടും പിന്നിലല്ലെന്നതും അനുകൂല ഘടകമാണ്.

**ബാംബൂ ഫെസ്റ്റ് പോലെയുള്ള മേളകൾ ഈ മേഖലയ്ക്ക് എത്രത്തോളം ഗുണകരമാണ്?**

2004 മുതലാണ് കേരളത്തിൽ ബാംബൂ ഫെസ്റ്റ് സംഘടിപ്പിച്ച് തുടങ്ങിയത്. എല്ലാ വർഷവും ഡിസംബറിൽ കൊച്ചിയിലാണ് മേള. ഇത്തവണത്തേത് പതിമൂന്നാമത് ബാംബൂ ഫെസ്റ്റാണ്. ഈറ്റയും മുളയും ചൂരലും ഉപയോഗിച്ച് നിർമ്മിക്കപ്പെട്ട അനേകം ഉത്പന്നങ്ങൾ ഇവിടെ വിൽപനയ്ക്കുണ്ട്. ഇവ ഉപയോഗിച്ച് എത്രത്തോളം ഉത്പന്നങ്ങൾ നിർമ്മിക്കാമെന്ന് അറിയണമെങ്കിൽ ബാംബൂ ഫെസ്റ്റിലെത്തണം. ഇതോട് അനുബന്ധിച്ച് ബാംബൂ കോർപറേഷന്റെ നേതൃത്വത്തിൽ എല്ലാ വർഷവും ബാംബൂ ഹട്ട് നിർമ്മിക്കാറുണ്ട്. ബാംബൂ പ്ലൈ, ഫ്ളാറ്റൻഡ് ബാംബൂ ബോർഡ്, ബാംബൂ ടൈൽസ് എന്നിവ ഉപയോഗിച്ചാണ് ഇതിന്റെ നിർമ്മാണം. 452 ചതുരശ്രയടി വിസ്തൃതിയിൽ രണ്ടുനിലകളിലായി നിർമ്മിച്ചിട്ടുള്ള ഇതിന് ചതുരശ്രയടിക്ക് 1350 രൂപയാണ് നിർമ്മാണച്ചെലവ്. മേളയിൽ എത്തുന്നവരിൽനിന്നും ധാരാളം എൻക്വയറികളും ലഭിക്കുന്നുണ്ട്. കൂടാതെ വടക്കുകിഴക്കൻ സംസ്ഥാനങ്ങളിൽനിന്നുള്ള മുളയുത്പന്നങ്ങളും വ്യത്യസ്തയിനം മുളത്തൈകളുമെല്ലാം ഫെസ്റ്റിൽനിന്നും വാങ്ങാൻ സാധിക്കും.



പിൽക്കാലത്ത് ഓരോ ഫീഡർ യൂണിറ്റിലും വിവിധ വികസനപദ്ധതികൾ നടപ്പാക്കി. രണ്ടുമാസം മുൻപ് മാനന്തവാടിയിൽ മുളയുടെ സംസ്കരണത്തിനായി ഇൻഡസ്ട്രിയൽ ബോയ്ലർ യൂണിറ്റ് ഉൾപ്പെടെയുള്ള ആധുനികസൗകര്യങ്ങളാണ് ഒരുക്കിയത്. ഇതോടെ, സംസ്കരിച്ചെടുക്കുന്ന മുള ഉപയോഗിച്ച് ഫർണീച്ചറുകൾ നിർമ്മിക്കുന്നതിനും ഈ യൂണിറ്റ് പ്രാപ്തമായിരിക്കുകയാണ്. മുള കൊണ്ട് നിർമ്മിക്കുന്ന മനോഹരമായ കസേര, സോഫ, ടീപ്പോ, അലമാര, മേശ തുടങ്ങിയവയെല്ലാം ഇതിൽ ഉൾപ്പെടും.

45 വർഷം മുൻപ് പ്രവർത്തനം ആരംഭിച്ച ബാംബൂ കോർപറേഷന് അങ്കമാലിയിലും കോഴിക്കോടുമായി ഇപ്പോൾ രണ്ടു ഫാക്ടറികളുണ്ട്. ഇതോടൊപ്പം 60 പനമ്പ് സംഭരണകേന്ദ്രങ്ങൾ, 14 യന്ത്രവത്കൃത പനമ്പ് നെയ്ത്തു കേന്ദ്രങ്ങൾ, ഒമ്പത് ഈറ്റശേഖരണ കേന്ദ്രങ്ങൾ, 12 ഈറ്റ വിത

രണകേന്ദ്രങ്ങൾ, മൂന്ന് ഫീഡർ യൂണിറ്റുകൾ എന്നിവയും ബാംബൂ കോർപറേഷന് കീഴിലുണ്ട്. കൂടാതെ പതിനായിരത്തോളം ആളുകൾക്ക് തൊഴിൽ സംരക്ഷണവും നൽകിവരുന്നു.

## കമ്പോളത്തിലെ പുതിയ സാധ്യത

പരിസ്ഥിതിസൗഹൃദജീവിതത്തിനും ജൈവസംസ്കാരത്തിനും ആഗോളതലത്തിൽ പരിഗണന കൂടിവരുന്നത് ബാംബൂ കോർപറേഷനും നേട്ടമായിട്ടുണ്ട്. വിനോദസഞ്ചാരമേഖലയിലും മറ്റും മികച്ച നിർമ്മിതികൾ നടത്താനായി കൂടുതൽ ഓർഡറുകൾ ലഭിക്കാനുള്ള കാരണവും ഇതുതന്നെയാണ്. പത്തനംതിട്ട ജില്ലയിലെ അടവിയിൽ മരങ്ങളുടെ മുകളിൽ നിർമ്മിച്ച ആറ് ഹട്ടുകൾ ഉൾപ്പെടുന്ന ഇക്കോ ഹബ്ബ്, കഴിഞ്ഞ നാഷണൽ ഗെയിംസിന്റെ പവിലിയനുകൾ, ഗസിബോകൾ തുടങ്ങിയവയെല്ലാം ബാംബൂ കോർപറേഷന്റെ നിർമ്മാണവൈദഗ്ധ്യത്തിന്റെ തെളിവായി കണക്കാക്കാം. ഇതിനുപുറമെ തൊടുപുഴയ്ക്കടുത്തുള്ള തൊമ്മൻകുത്തിലും വയനാട് ജില്ലയിലെ പ്രിയദർശിനി ടീ എൻവിയോൺസിലും വനംവകുപ്പുമായി സഹകരിച്ചുള്ള നിർമ്മാണ പ്രവർത്തനവും പുരോഗമിക്കുന്നു.

വനംവകുപ്പ്, കേരള ടൂറിസം ഡെവലപ്മെന്റ് കോർപറേഷൻ എന്നിവയുമായി സഹകരിച്ചാണ് വിനോദസഞ്ചാരമേഖലയിൽ ബാംബൂ കോർപറേഷൻ വിവിധ നിർമ്മാണപ്രവർത്തനങ്ങൾ നടത്തുന്നത്. പരിസ്ഥിതിദുർബ്ബലപ്രദേശങ്ങളിൽ പോലും ഒരുതരത്തിലുള്ള പരാതിയുമില്ലാതെ ഇവ നിയമവിധേയമായി തന്നെ നിർമ്മിക്കാവുന്നതാണ്. അടുത്തയിടെ 452 ചതുരശ്രയടി വിസ്തൃതിയിൽ രണ്ടുനിലകളിലായി ബാംബൂ കോർപറേഷൻ നിർമ്മിച്ച അതിമനോഹരമായ കോട്ടേജിന് ചതുരശ്രയടിക്ക് 1350 രൂപവീതമാണ് ചെലവ് കണക്കാക്കിയത്. വ്യവസ്ഥാപിതമായ നിർമ്മാണവസ്തുക്കൾ ഉപയോഗിച്ച് നിർമ്മിക്കുന്ന കെട്ടിടത്തിനുള്ള ഈടും ബലവും ബാംബൂ കോർപറേഷൻ പണികഴിപ്പിക്കുന്ന വീടുകൾക്കുമുണ്ട്.

ബാംബൂ കോർപറേഷൻ കമ്പോളത്തിൽ നടത്തുന്ന ഇടപെടലുകൾ, മുള-ഈറ്റ മേഖലയെ ആശ്രയിച്ച് ജീവിക്കുന്ന കർഷകർക്കും തൊഴിലാളികൾക്കും ഗ്രാമീണകൂട്ടായ്മകൾക്കും ഉത്പന്നനിർമ്മാതാക്കൾക്കും വൻകിട വ്യവസായികൾക്കുമെല്ലാം ഒരുപോലെ നേട്ടമാകുന്നു. ആഗോളതലത്തിൽ ചൈനയാണ് മുളവ്യവസായരംഗത്ത് നേട്ടമുണ്ടാക്കുന്നത്. ചൈനയിലെ ആഞ്ചിപ്രവിശ്യയിൽ അനേകം മുളയുത്പന്ന നിർമ്മാണയൂണിറ്റുകളും അനുബന്ധ വ്യവസായസംരംഭങ്ങളുമുണ്ട്. എന്നാൽ ശാസ്ത്രീയമായ സമീപനം സ്വീകരിച്ചാൽ ഇപ്പോൾ അന്താരാഷ്ട്രവിപണിയിൽ മുളവ്യവസായം നേടുന്നത്രയും തുകയുടെ വളർച്ച ഇന്ത്യക്ക് മാത്രം കൈവരിക്കാനാവുമെന്ന് കണക്കാക്കപ്പെടുന്നു. ഇതിന്റെ പരമാവധി നേട്ടം കേരളത്തിനായിരിക്കുകയും ചെയ്യും.

വാണിജ്യാടിസ്ഥാനത്തിലുള്ള പ്രവർത്തനങ്ങൾക്കൊപ്പം മുളയുടെ നിലനിൽപ്പിന് വേണ്ടിയുള്ള ശ്രമങ്ങളും ബാംബൂ കോർപറേഷൻ നടത്തുന്നുണ്ട്. മുളയെക്കുറിച്ച് ജനങ്ങളിൽ അവബോധമുണ്ടാക്കുക, വിവിധ തരം മുളയുത്പന്നങ്ങൾ പരിചയപ്പെടുത്തുക, ഈ മേഖലയിൽ പ്രവർത്തിക്കുന്നവരെ ഏകോപിപ്പിക്കുക, പുതിയ മാതൃകകൾ ഉണ്ടാക്കുവാനും അത് പരിശീലിപ്പിക്കുവാനുമുള്ള സംവിധാനമൊരുക്കുക, ബാംബൂ ഉത്പാദനപ്രക്രിയയെ അടിസ്ഥാനമാക്കി ഉപകരണങ്ങൾ രൂപപ്പെടുത്തി ഉത്പാദിപ്പിച്ച് കരകൗശലക്കാർക്ക് വിതരണം ചെയ്യുക, മുളത്തൈകൾ വച്ചുപിടിപ്പിക്കുന്നതിന് പ്രോത്സാഹനം നൽകുക തുടങ്ങിയവയെല്ലാം ബാംബൂ കോർപറേഷന്റെ പ്രവർത്തനലക്ഷ്യങ്ങളാണ്. ഇതൊക്കെ വിജയകരമാകുന്നതോടെ അതിന്റെ നേട്ടം ഇവിടുത്തെ മുളയധിഷ്ഠിത വ്യവസായമേഖലയ്ക്കും താഴേത്തട്ടിൽ ജീവിക്കുന്ന അനേകം പേർക്കും ഗുണകരമാകുമെന്ന കാര്യത്തിൽ സംശയമില്ല.



**ഈ** നൂറ്റാണ്ടിന്റെ മരമാണ് മുള. പച്ച സ്വർണം എന്നും ഇത് അറിയപ്പെടുന്നു. അത്രത്തോളം വിപണനസാധ്യതയാണ് മുളയധിഷ്ഠിത വ്യവസായം മുന്നോട്ടുവെക്കുന്നത്. കർഷകർ മുതൽ തൊഴിലാളികൾക്കും ഗ്രാമീണകൂട്ടായ്മകൾക്കും ഉത്പന്നനിർമ്മാതാക്കൾക്കും വൻകിട വ്യവസായികൾക്കുമെല്ലാം ഒരുപോലെ നേട്ടമുണ്ടാക്കാനാവുമെന്നതാണ് മുളവ്യവസായത്തിന്റെ ഗുണം. ആഗോളതലത്തിൽ ചൈനയാണ് മുളവ്യവസായരംഗത്ത് നേട്ടമുണ്ടാക്കുന്നത്. എന്നാൽ ശാസ്ത്രീയമായ സമീപനം സ്വീകരിച്ചാൽ ഇപ്പോൾ അന്താരാഷ്ട്രവിപണിയിൽ മുളവ്യവസായം നേടുന്നത്രയും തുകയുടെ വളർച്ച ഇന്ത്യക്ക് മാത്രം കൈവരിക്കാനാവുമെന്ന് കണക്കാക്കപ്പെടുന്നു.

വിവിധതരം പാത്രങ്ങൾ, ക്ലോക്ക്, ബാഗുകൾ, ഫർണീച്ചറുകൾ, ആഭരണങ്ങൾ, പേന, പെൻസ്റ്റാൻഡ്, ടേബിൾലാംബ്, ടേബിൾമാറ്റ്, ട്രേ എന്നിവ മുതൽ ലാപ്ടോപ്പും വസ്ത്രങ്ങളും ഫർണീച്ചറുകളും വീടുകളും വരെയുള്ള നൂറുകണക്കിന് ഉത്പന്നങ്ങളാണ് മുള ഉപയോഗിച്ച് ഇപ്പോൾ നിർമ്മിക്കപ്പെടുന്നത്. ചൈനയ്ക്കുപുറമേ ജപ്പാൻ, ഇന്തോനേഷ്യ, ഫിലിപ്പീൻസ് തുടങ്ങിയ രാജ്യങ്ങളും ഈ രംഗത്ത് സജീവമായുണ്ട്. ജപ്പാനിൽ



# മുള
## ഈ നൂറ്റാണ്ടിന്റെ മരം


നിർമ്മിക്കപ്പെടുന്ന തേങ്ങാപ്പാലും മുളനാമ്പും ചേർത്തുണ്ടാക്കുന്ന ഗുലായ് റിമ്പോ, മിക്സഡ് വെജിറ്റബിൾ വിഭവമായ സയ്യൂർ ലോധ്, ലൺപിയ എന്നിവയ്ക്കെല്ലാം ലോകകമ്പോളത്തിൽ വൻഡിമാൻഡാണ്. ബാംബൂ വസ്ത്രങ്ങളും വീടുകളും ലാപ്ടോപ്പുമൊന്നും ഉത്പാദിപ്പിക്കുന്നില്ലെങ്കിലും മറ്റു ഉത്പന്നങ്ങളിൽ നല്ലൊരു ശതമാനവും കേരളത്തിലും നിർമ്മിക്കപ്പെടുന്നുണ്ട്. മുളയരിപ്പായസവും മുളയരി ഉപയോഗിച്ചുണ്ടാക്കുന്ന ഉണ്ണിയപ്പവുമെല്ലാം രുചികരമായ ഭക്ഷ്യവിഭവങ്ങളാണ്.

ചൈന കഴിഞ്ഞാൽ ലോകത്തിൽ ഏറ്റവുമധികം മുള ഉത്പാദിപ്പിക്കുന്നത് ഇന്ത്യയിലാണെന്ന് കണക്കുകൾ വ്യക്തമാക്കുന്നു. ഇവിടെ മുളങ്കാടുകളുടെയും ഇതിൽ അധിഷ്ഠിതമായ ഉത്പന്നങ്ങളുടെയും കാര്യത്തിൽ മുന്നിൽ നിൽക്കുന്നത് വടക്കുകിഴക്കൻ സംസ്ഥാനങ്ങളാണ്. എന്നാൽ പോലും മുളവ്യവസായരംഗത്ത് ഇന്ത്യയിൽ ഏറ്റവുമധികം നേട്ടമുണ്ടാക്കാൻ സാധിക്കുന്ന സംസ്ഥാനം കേരളമാണെന്ന് വിലയിരുത്തപ്പെടുന്നു. രാജ്യത്ത് ലഭ്യമായതിൽ വച്ചേറ്റവും മികച്ച മുള ഇവിടുത്തെ കാടുകളിൽ, വിശേഷിച്ചും നിലമ്പൂർമേഖലയിൽ വളരുന്നുവെന്നതാണ് ഇതിനുകാരണം. കേരള വനഗവേഷണ ഇൻസ്റ്റിറ്റ്യൂട്ടിന്റെ കണക്കുകൾപ്രകാരം 26,30,446 ടൺ മുള സംസ്ഥാനത്തെ കാടുകളിൽ ഇപ്പോഴുണ്ട്. ഇതിനുപുറമെ ഓരോ വർഷവും 2,19,203 ടൺ മുളയും ലഭ്യമാണ്. പരിസ്ഥിതിക്ക് യാതൊരു കോട്ടവുമുണ്ടാക്കാതെ ഇതിൽനിന്നും പ്രതിവർഷം 19,500 ടൺ മുള സംഭരിച്ചുകൊണ്ട് ഇതിലധിഷ്ഠിതമായ വ്യവസായമേഖല ശക്തിപ്പെടുത്താനുള്ള വിപുലമായ സാധ്യതയാണ് കേരളത്തിലുള്ളത്.

35 മുതൽ 40 വർഷം വരെയാണ് മുളയുടെ ആയുർദൈർഘ്യം. അതുകഴിഞ്ഞാൽ അവ മുഴുവൻ നശിച്ചുപോകുന്നു. അതിന് മുൻപായി പാകത്തിന് മൂപ്പെത്തിക്കഴിഞ്ഞാൽ അവ മുറിച്ചെടുത്ത് വ്യവസായത്തിനായി ഉപയോഗിക്കുകയാണ് ഉചിതം. എന്നാൽ രാജ്യത്ത് ഇപ്പോഴുള്ള മുളങ്കാടുകളിൽ 84.6 ശതമാനവും കാട്ടിനുള്ളിൽ സ്ഥിതിചെയ്യുന്നതിനാൽ അതിലേറെയും ഈ വ്യവസായത്തിനായി ഉപയോഗിക്കാൻ സാധിക്കുന്നില്ല. എന്തായാലും പുതിയ സാധ്യതകളുടെ പശ്ചാത്തലത്തിൽ ലോകമെമ്പാടും മുളയുടെ വൈവിധ്യവത്കരണവും ഉത്പന്നനിർമ്മാണവും വ്യാപകമാക്കുന്നതിനായി വേൾഡ് ബാംബൂ കൗൺസിലിന്റെ റിസർച്ച് ആൻഡ് ഡെവലപ്മെന്റ് വിഭാഗം കോടിക്കണക്കിന് പൗണ്ടിന്റെ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ നമുക്കും കുറച്ചുകൂടി ജാഗ്രതയോടെ നീങ്ങാവുന്നതാണ്.



രമേഷ് കുമാർ വെള്ളമുണ്ട



# മുളയൊരുക്കും വിപണികൾ

മൂല്യവർദ്ധിത മുളയുത്പന്നങ്ങൾക്ക് അന്താരാഷ്ട്ര വിപണിയിൽ വൻപ്രിയമുണ്ട്. ചൈനയും തായ്‌ലാന്റുമെല്ലാം മുളയുത്പന്നങ്ങളിൽ നൂതന പരീക്ഷണങ്ങൾ നടത്തി മുന്നേറുകയാണ്. വൻതോതിലുള്ള മുളയുത്പന്നങ്ങൾ കയറ്റുമതി ചെയ്യുന്നതിലൂടെ വൻ സാമ്പത്തികനേട്ടവും ഇവർ ലക്ഷ്യമിടുന്നു. വ്യത്യസ്തങ്ങളായ മുളയുത്പന്ന നിർമിതിയിൽ ഈ രാജ്യങ്ങൾ നമുക്ക് മുന്നിൽ മാതൃകയായുണ്ട്. ബഹുനില കെട്ടിടങ്ങൾ മുതൽ നിലത്ത് വിരിക്കുന്ന ടൈലുകൾ വരെയും വ്യവസായികാടിസ്ഥാനത്തിൽ നിർമിച്ചു വിപണനം ചെയ്യുന്നതിൽ ഇന്ത്യ പോലുള്ള സമ്മിശ്ര സാമ്പത്തിക വ്യവസ്ഥയുള്ള രാജ്യങ്ങൾക്ക് ഗുണകരമാവുമെന്നും ഈ രംഗത്ത് പഠനം നടത്തുന്നവർ പറയുന്നു. പരിസ്ഥിതി സംരക്ഷണ വനത്തിൽ മുളങ്കാടുകൾ ഗ്രീൻബെൽട്ട് എന്നാണ് അറിയപ്പെടുന്നത്. വനത്തിനുള്ളിൽ മുള വിത്തുകൾ വിതറി യഥേഷ്ടം മുള വിളയിച്ചെടുക്കുന്ന പരമ്പരാഗത രീതിയാണ് ഇപ്പോഴും കേരളത്തിലുള്ളത്. മുള വ്യാവസായിക യൂണിറ്റുകൾ നിരവധിയുണ്ടെങ്കിലും ഇവയ്ക്ക് ആവശ്യമായ മുള കിട്ടാനില്ല എന്നതാണ് പല യൂണിറ്റുകളുടെയും പരാതി. മുള കൃഷി ചെയ്യാമെന്നും ഇതിലൂടെ സാമ്പത്തിക വരുമാനമുണ്ടാക്കാമെന്നും ഇപ്പോൾ തെളിഞ്ഞിരിക്കുകയാണ്. ഒട്ടേറെ പേർ മുളകൃഷി ചെയ്യാനും തുടങ്ങിയെന്നത് ഈ രംഗത്തിന് പുതിയ പ്രതീക്ഷകളുയർത്തുകയാണ്.

നിലവാരമുള്ള മുളയുത്പന്ന നിർമാണം ഏറ്റെടുത്ത് ബാംബൂ കോർപറേഷൻ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ ഒരുങ്ങുകയാണ്. ആധുനിക ഗൃഹനിർമാണത്തിൽ ടൈലുകളടക്കമുള്ളവ മുളയിൽ നിന്നും ഉണ്ടാക്കാൻ സാധിക്കുന്നു. തൊഴിലാളികൾക്ക് കാലോചിതമായി വേതനം പരിഷ്കരിച്ചു നൽകാനുള്ള തീരുമാനവും വന്നതോടെ പുതിയ മുന്നേറ്റങ്ങളാണ് ബാംബൂ കോർപറേഷനിൽ പ്രതീക്ഷിക്കുന്നത്. പുനക്രമീകരിച്ച ബാംബൂ യൂണിറ്റുകളും ഊർജം വീണ്ടെടുക്കുകയാണ്. കോർപറേഷന്റെ ക്രയശക്തി വർദ്ധിപ്പിക്കാൻ സർക്കാർ പുതിയ പദ്ധതികളെത്തിക്കും. മാറിവന്ന വന നിയമങ്ങളും കാലാവസ്ഥാമാറ്റവുമൊക്കെ മുളയുടെ ലഭ്യതക്കുറവിന് കാരണമാണ്. നല്ല രീതിയിൽ പ്രവർത്തിക്കുന്ന മുള സംസ്കരണ യൂണിറ്റ് അതുകൊണ്ട് തന്നെ അനിവാര്യമാണ്. കുറെക്കാലമായി ബാംബൂ കോർപറേഷന്റെ ഇത്തരം യൂണിറ്റുകൾ തുരുമ്പെടുത്ത് കിടക്കുകയായിരുന്നു. ഇതിനെയെല്ലാം പുനർജീവിപ്പിക്കുക എന്നതാണ് സർക്കാരിന്റെ പ്രാഥമിക





ലക്ഷ്യം. കേരളത്തിൽ പതിനായിരത്തിലധികം പേർ മുളവ്യവസായത്തെ ആശ്രയിച്ച് ജീവിക്കുന്നുണ്ട്. ഇവർക്കെല്ലാം സ്വീകാര്യമായ വിധത്തിൽ മുളയുത്പന്ന നിർമാണവും വിപണനവും മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി വയനാട്ടിലെ മാനന്തവാടിയിലെ യൂണിറ്റും ബാംബൂ ബോയിലറടക്കം സ്ഥാപിച്ച് നവീകരിച്ചിരിക്കുകയാണ്. ആദിവാസികളായ ഒട്ടേറെ പേർക്ക് ഇത് വലിയ തൊഴിലുറപ്പുമാണ് നൽകുന്നത്.







## മുളയെ സ്നേഹിച്ച കർഷകനാട്

കേരളത്തിലെ കാർഷിക ജീവിതത്തിന് മുളയുത്പന്നങ്ങളുമായി ഇഴയടുപ്പമുണ്ട്. പരിസ്ഥിതിയുമായി ഇണങ്ങിചേർന്ന ഒരു ജനതയുടെ സംസ്കാരം കൂടിയാണ് ഇത് അടയാളപ്പെടുത്തുന്നത്. പൂർണമായും കാർഷിക രംഗത്തുനിന്നുമുള്ള വരുമാനം മാത്രം ആശ്രയമായുള്ള വയനാടിന്റെ പഴയകാലത്ത് മുള കൊണ്ടുള്ള നാനാതരം കാർഷിക ഉപകരണങ്ങൾ ഒരു വീടിന്റെ കരുതലായിരുന്നു. നെല്ല് സംഭരിക്കുന്ന വലിയ കൊമ്മകൾ (മുളപത്തായം) നെല്ല് പാറ്റുന്ന വലുതും ചെറുതുമായ മുറങ്ങൾ, മുളച്ചീന്തുകൾ കൊണ്ട് മെടഞ്ഞ് നിർമിച്ച നിലത്ത് വിരിക്കാവുന്ന നെല്ലുണക്കുന്ന പരമ്പുകൾ തുടങ്ങി വീടിന്റെ മേൽക്കൂരയും ചുമരുമെല്ലാം മുളയിൽ തന്നെ നിർമിക്കുന്നതായിരുന്നു മുൻതലമുറയുടെ ശീലം. പുല്ലുമേഞ്ഞ മേൽക്കൂരയുള്ള വീടുകളുടെ കഴുക്കോലുകളും വലിയ മുളന്തണ്ടുകളാണ്. പതിറ്റാണ്ടുകളോളം കേടുകൂടാതെ ഇവയൊക്കെ നിലനിൽക്കുന്നതിനാൽ വനവാസികൾ മാത്രമല്ല കർഷക ഭവനങ്ങളുമെല്ലാം നിർമിക്കുന്നതിന് മുളയുടെ ആവശ്യക്കാർ അക്കാലത്ത് ഏറെയായിരുന്നു. വയനാടിന്റെ വനാന്തരങ്ങളിൽ മുളയ്ക്ക് ക്ഷാമവും ഉണ്ടായിരുന്നില്ല. യഥേഷ്ടം കാട്ടിൽ നിന്നും വീട് നിർമാണത്തിന് ഇവ മുറിച്ചെടുക്കുന്നതിന് നിയന്ത്രണവുമുണ്ടായിരുന്നില്ല. കന്നുകാലികളെ യഥേഷ്ടം വളർത്തുന്ന ഗോത്ര വിഭാഗങ്ങളും കർഷകരുമെല്ലാം വലിയ ആലകളും മറ്റും ഉണ്ടാക്കിയിരുന്നത് മുളയുടെ വലുതും ചെറുതുമായ അലകുകൾ ഉപയോഗിച്ചാണ്. വന്യജീവികളുടെ പ്രതിരോധത്തിനായി മുളവേലികളും മുള കൊണ്ടുള്ള കാവൽപ്പുരകളും ഇന്നും വയനാടിന്റെ വനഗ്രാമങ്ങളിൽ ശേഷിക്കുന്നു





ണ്ട്.

വളർച്ചയുടെ കാര്യത്തിൽ ഏറ്റവും മുന്നിലുള്ള പുല്ലു വർഗത്തിൽ പെട്ട മുളയുടെ ആവരണം വയനാട്ടിലെ കാടുകൾക്കും കുളിരു നൽകി. മുളക്കൂമ്പുകൾ കാട്ടാനകൾക്ക് ഇഷ്ടഭക്ഷണവുമാണ്. മുള പൂത്ത് കഴിഞ്ഞാലുണ്ടാകുന്ന മുളയരിയും വംശീയ ഭക്ഷണത്തിലെ മുഖ്യവിഭവമാണ്. ആദിവാസികൾ അവരുടെ വനവാസ ജീവിതത്തിൽ മുളയരി കുടിലുകളിൽ വർഷങ്ങളോളം ശേഖരിച്ചു വയ്ക്കാറുണ്ട്. ഭക്ഷ്യക്ഷാമം നേരിടുമ്പോൾ വിശപ്പടക്കാൻ ഈ അരിശേഖരം ഉപകരിക്കുമെന്നാണ് കാട് ജീവിതം ഇവരെയെല്ലാം പഠിപ്പിച്ചത്. 40 വർഷം പിന്നിടുമ്പോൾ മുളയുടെ ജീവിതചക്രം പൂർത്തിയാകുമ്പോൾ ദാരിദ്ര്യവും എത്തുമെന്ന് കാടിറമ്പങ്ങളിലുള്ള ആദിവാസികൾ പറയാറുണ്ട്. മുളയുടെ ഇമികൾ ധാരാളം വീഴുമ്പോൾ ഇത് ഭക്ഷിക്കാൻ എലികളും പെരുകും. പെരുകിയ എലികൾ ഇവിടെ നിന്നും നെൽപാടങ്ങൾ ലക്ഷ്യമിട്ട് നീങ്ങും. ദിവസങ്ങൾ കൊണ്ട് തന്നെ നെൽപാടങ്ങളെ എലി നശിപ്പിക്കും. ഇതോടെ കർഷകരുടെ പ്രതീക്ഷകളും അസ്തമിക്കുകയായി. ഇക്കാരണം കൊണ്ടാണ് മുള പൂത്താൽ ദാരിദ്ര്യം വരവായ് എന്ന ചൊല്ലിനും പ്രസ്ക്തിയേറിയത്. മുളയുടെ നാശം സർവ രംഗത്തെയും ബാധിക്കുന്നതിനാൽ പഴയകാലം മുളയുടെ പുഷ്പകാലത്തെ ഭയപ്പെട്ടിരുന്നതായും മുതിർന്ന തലമുറകൾ പറയും.

## ഉറവിന്റെ പാഠങ്ങൾ

വയനാട്ടിലെ കൽപറ്റയ്ക്കടുത്തുള്ള തൃക്കൈപ്പറ്റ ഗ്രാമത്തിലെ ഉറവ് എന്ന നാടൻ ഗവേഷണ കേന്ദ്രത്തിന് പറയാനുള്ളത് മുളയുത്പന്ന നിർമാണത്തിന്റെ അനന്ത സാധ്യതകളെ കുറിച്ചാണ്. പരിസ്ഥിതി സൗഹൃദ വീടുകളെയും പരമ്പരാഗതമായ അറിവുകളെയും സംരക്ഷിക്കുകയും പ്രചരിപ്പിക്കുകയും ചെയ്യുന്ന ഈ സ്ഥാപനം മുളയിൽ ഒട്ടേറെ പരീക്ഷണങ്ങൾ ഇപ്പോഴും തുടരുന്നു. വ്യത്യസ്തങ്ങളായ മുളവർഗങ്ങൾ കൊണ്ട് കരകൗശല വസ്തുക്കൾ മുതൽ പാലങ്ങളും വീടുകളും വരെ ഇവർ നിർമിച്ചു നൽകും. ഗ്രാമങ്ങളിൽ സ്ത്രീകളുടെ മൈക്രോ യൂണിറ്റുകൾ തുടങ്ങി മുളയുത്പന്ന നിർമാണത്തിൽ പരിശീലനം നൽകുകയും ഒരു ജീവിതമാർഗം ഇവർ തുറക്കുകയും ചെയ്യുന്നു. ടൂറിസം മേഖലയിൽ വിനോദസഞ്ചാരികളെ ആകർഷിക്കുന്ന ഒട്ടനവധി മുളയുത്പന്നങ്ങൾ വ്യാവസായികാടിസ്ഥാനത്തിൽ ഇവർ ഉത്പാദിപ്പിക്കുന്നുണ്ട്. രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ എക്സിബിഷൻ സംഘടിപ്പിച്ച് വിൽക്കുകയും ചെയ്യുന്നുണ്ട്. മുളന്തണ്ടിൽ പെയിന്റ് ചെയ്ത മ്യൂറൽ തുടങ്ങി ആരെയും വിസ്മയിപ്പിക്കുന്ന കരകൗശല വസ്തുക്കൾ ഇവരുടെ പ്രശസ്തി അന്താരാഷ്ട്ര തലത്തിലെത്തിക്കുന്നു. പരമ്പരാഗതമായ കലാകാരന്മാരെയും ഉപയോഗപ്പെടുത്തിയാണ് ഇവർ ഉത്പന്നങ്ങൾ കാലോചിതമായി പരിഷ്കരിച്ച് നിർമിക്കുന്നത്.

മുളയുടെ വരുംകാലത്തിലെ ക്ഷാമത്തെ ഇവർ മുന്നിൽ കണ്ടു. അതിനൊരു പരിഹാരമായി മുള നഴ്സറി ഇവർ സ്വന്തമായി ഉണ്ടാക്കി. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും എത്തിച്ച 50 ലധികം ഇനം മുളകൾ ഇവിടെ ഇവർ പരിപാലിച്ചു വളർത്തി. കൂടാതെ മുളകൃഷി ചെയ്യാൻ തയ്യാറായി മുന്നോട്ട് വന്ന കർഷകർക്ക് മുളത്തൈകൾ സൗജന്യമായും നൽകി. മുളയുടെ ഉപയോഗത്തെക്കുറിച്ച് വ്യാപ



കമായി പ്രചാരണം നൽകുക എന്നതായിരുന്നു ഇവരുടെ ലക്ഷ്യം. ആനമുള, കല്ലൻമുള, ലാത്തിമുള തുടങ്ങി വേറിട്ട ഇനങ്ങളെല്ലാം കൃഷി ചെയ്യുന്നത് ഒരേസമയം കർഷകർക്ക് വരുമാന മാർഗവുമായി. പത്ത് വർഷത്തിനുള്ളിൽ ആവശ്യത്തിന് ഉപയോഗത്തിനുള്ള മുളകൾ വയനാട്ടിൽ തന്നെ ഉത്പാദിപ്പിക്കാൻ കഴിയുമെന്നാണ് ഇവർ പറയുന്നത്. മുള സംസ്കരണത്തിലും ഉത്പന്ന നിർമാണത്തിലും നൂതനമായ സാങ്കേതികവിദ്യയും ഇവർ പഠിച്ചെടുത്തിട്ടുണ്ട്. ആദിവാസികളടക്കമുള്ളവർ ഏറെയുള്ള ഈ ഗവേഷണകേന്ദ്രത്തിന് മുളയുത്പന്നങ്ങളുടെ നിർമിതി കൊണ്ടുമാത്രം ഇത്രയും കാലം പിടിച്ചു നിൽക്കാൻ കഴിഞ്ഞു. ഇനി മുന്നോട്ടുള്ള യാത്രയും പ്രതീക്ഷകളുടേതാണെന്ന് ഉറവിന്റെ പിന്നണിപ്രവർത്തകർ പറയുന്നു. 20 വർഷം പിന്നിടുന്ന വേളയിൽ ഇവർ പങ്കുവെക്കുന്ന ആശയങ്ങൾ സർക്കാരിനും ഈ മേഖലയിൽ കൂടുതൽ ചെയ്യാൻ പ്രേരണയാകുന്നു.

## മാനന്തവാടി മുളയുത്പന്ന കേന്ദ്രം

സംസ്ഥാന ബാംബൂ കോർപറേഷന്റെ മാനന്തവാടി മുളയുത്പന്നകേന്ദ്രം പുതിയ പ്രതീക്ഷകൾ നൽകുകയാണ്. സർക്കാരിന്റെ വ്യവസായ പ്രോത്സാഹനത്തിന്റെ ഭാഗമായി പുതിയ പദ്ധതികളാണ് ഈ കേന്ദ്രത്തെ തേടി വരുന്നത്. 2008 ലാണ് ഇവിടെ ഫീഡർ യൂണിറ്റ് തുടങ്ങിയത്. മുള സംസ്കരിക്കുന്നതിനുള്ള യന്ത്രങ്ങൾ ഇവിടെ പുതിയതായി സജ്ജീകരിച്ചു. ഇൻഡസ്ട്രിയൽ ബോയിലർ ഇവിടെ സ്ഥാപിച്ചു. ടൺ കണക്കിന് മുളകൾ ഇവിടെ നിന്നും ഇനി പുഴുങ്ങിയെടുക്കാം. പുഴുങ്ങിയ മുളകൾ ഫർണിച്ചറുകൾ മുതൽ ടൈലുകൾ വരെ നിർമിക്കാൻ പാകത്തിൽ ചീന്തിയെടുക്കുന്ന യന്ത്രസാമഗ്രികളും ഇവിടെ സജ്ജമാക്കിക്കഴിഞ്ഞു. ആധു



**വയനാട്ടിലെ ഇക്കോ ടൂറിസ്റ്റ് കേന്ദ്രങ്ങളുടെയെല്ലാം മുഖമുദ്ര മുളകൾ കൊണ്ട് നിർമിച്ച ഹട്ടുകളും വിശ്രമകേന്ദ്രങ്ങളും പാലങ്ങളുമെല്ലാമാണ്, പ്രകൃതി സൗഹൃദ നാടിന്റെ അഭിമാനം കൂടിയാണ് ഈ മുളവീടുകൾ. വളരെ കുറഞ്ഞ ചെലവിൽ ആകർഷകമായതും ഈടുറ്റതുമായ നിർമിതികളാണ് ഇവിടെയുള്ളത്.**

നിക സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തി ഈ കേന്ദ്രത്തെ മികവിന്റെ കേന്ദ്രമാക്കാനാണ് പദ്ധതി. ഒട്ടേറെ ആദിവാസി വിഭാഗത്തിലുള്ളവർക്കും ഈ കേന്ദ്രം തൊഴിൽ നൽകുന്നു. കോഴിക്കോട് നല്ലളത്ത് പ്രവർത്തിക്കുന്ന മുള കൊണ്ടുള്ള തറയോട് നിർമിക്കുന്ന കേന്ദ്രത്തിലേയ്ക്ക് ഇവിടെ നിന്നും സംസ്കരിച്ച മുളയെത്തിക്കും. ഇതിന്റെ ഫീഡർ യൂണിറ്റായും മാനന്തവാടിയിലെ മുളയുത്പന്നകേന്ദ്രം പ്രവർത്തിക്കും. കേന്ദ്രം വിപുലപ്പെടുത്തി കുറെക്കൂടി തൊഴിലവസരങ്ങൾ ഇവിടെ ഉണ്ടാക്കാനാണ് അധികൃതരുടെ ശ്രമങ്ങൾ.

## നമുക്ക്പാർക്കാൻ മുളവീടുകൾ

വയനാട്ടിലെ ഇക്കോ ടൂറിസ്റ്റ് കേന്ദ്രങ്ങളുടെയെല്ലാം മുഖമുദ്ര മുളകൾ കൊണ്ട് നിർമിച്ച ഹട്ടുകളും വിശ്രമകേന്ദ്രങ്ങളും പാലങ്ങളുമെല്ലാമാണ്, പ്രകൃതി സൗഹൃദ നാടിന്റെ അഭിമാനം കൂടിയാണ് ഈ മുളവീടുകൾ. വളരെ കുറഞ്ഞ ചെലവിൽ ആകർഷകമായതും ഈടുറ്റതുമായ നിർമിതികളാണ് ഇവിടെയുള്ളത്. ഇന്ത്യയിലെ ആൾപാർപ്പില്ലാത്ത ഏറ്റവും വലിയ ദ്വീപായ കുറുവയിലെ മുഴുവൻ നിർമിതിയും മുളകൊണ്ടാണ്. ഇവിടെ നിന്നും തന്നെ മുറിച്ചെടുത്ത മുള കൊണ്ട് ആദിവാസികളാണ് ഈ ദ്വീപിനെ സഞ്ചാരികൾക്കായി അണിയിച്ചൊരുക്കുന്നത്. നൂറുകണക്കിന് ആന മുളകൾ ചേർത്തുകെട്ടിയ ചങ്ങാടത്തിലാണ് സഞ്ചാരികൾ കുറുവയിലേയ്ക്ക് പുഴ കടക്കുക. ഒരേസമയം 50 പേരെ വഹിക്കാൻ ശേഷിയുള്ളതാണ് ഈ മുളം ചങ്ങാടം. പുഴ കടന്ന് കാടിന്റെ തണലിലേയ്ക്ക് പോകുമ്പോൾ അവിടെയെല്ലാം ഇരിപ്പിടങ്ങളും ധാരാളമായി മുളകൊണ്ട് പണിതിട്ടുണ്ട്. പാലങ്ങൾ, ഫോട്ടോ പവലിയൻസ് തുടങ്ങി നാനാവിധത്തിലുള്ള നിർമിതികളും ഇവിടെ ഏവരെയും ആകർഷിക്കുന്നു.

വനത്തോട് ചേർന്നുള്ള മിക്ക വിനോദകേന്ദ്രങ്ങളുടെയും സ്ഥിതിയും മറിച്ചല്ല. ഇവിടെയെല്ലാം മുള കൊണ്ടുള്ള ഏറുമാടങ്ങൾ മുതൽ നാടൻ വിശ്രമകേന്ദ്രങ്ങൾ വരെയുമുണ്ട്. സ്വകാര്യ സംരംഭകരും മുള കൊണ്ടുള്ള കേന്ദ്രങ്ങൾ ധാരാളമായി വഴിവക്കിലുടനീളം അണിയിച്ചൊരുക്കിയിട്ടുണ്ട്. വിനോദ സഞ്ചാരരംഗത്തും മുള കീഴ്പെടുത്തിയ സങ്കേതങ്ങൾ വിസ്മയമാണ്.







ഡോ. ഡി. ഷൈൻകുമാർ



# മുള നട്ടാൽ പതിരാകില്ല

മുളയിലേ അറിയാം മുളക്കരുത്ത് എന്നൊരു ചൊല്ലുണ്ട്. മുളക്കോലുകളെ ഉദ്ദേശിച്ചല്ല ഇങ്ങനെ പറയുന്നതെങ്കിലും മുളയ്ക്ക് ഇന്ന് ഇതൊക്കെ യോജിക്കുന്ന മട്ടിലാണ് കാര്യങ്ങൾ. സസ്യവർഗ്ഗത്തിൽ അതിവേഗം വളരുന്ന പുല്ലിനമാണ് മുള. വെറുതേയങ്ങ് വളരുകയല്ല. 24 മണിക്കൂറിനുള്ളിൽ മൂന്നടി വരെ വളരാൻ കഴിവുള്ള മുളയുണ്ടെന്ന് കേട്ടാൽ മൂക്കത്ത് വിരൽ വയ്ക്കേണ്ട.

നിത്യഹരിത വൃക്ഷമായ മുളയ്ക്ക് ഇന്ന് വ്യാവസായിക പ്രാധാന്യം ഏറുകയാണ്. സിമന്റും ക്ലേയും സിന്തറ്റിക് ഉപാധികളുമൊക്കെ പെരുകുന്ന ഇക്കാലത്ത് പ്രകൃതിക്ക് ദ്രോഹമില്ലാതെ പ്രത്യേക രാസപരിണാമങ്ങൾ വരാത്ത നിത്യോപയോഗത്തിൽ പ്രയോജനപ്പെടുന്ന നിരവധി ഉല്പ്പന്നങ്ങൾ ഉണ്ടാക്കാൻ മുളയ്ക്ക് കഴിയും എന്നതാണ് മുളയുടെ വർദ്ധിച്ച പ്രാധാന്യത്തിന് കാരണം. മദാപ്പൂരിലും ഹൈദരാബാദിലും ആസാമിലും അരുണാചൽ പ്രദേശിലുമൊക്കെ മുളയുടെ ഈ സാദ്ധ്യതകൾ പ്രയോജനപ്പെടുത്തി വമ്പൻ ഫാക്ടറികൾ ആരംഭിച്ചുകഴിഞ്ഞു. പ്ലൈവുഡും മേൽക്കൂരയും തുണിയും കർട്ടനും തറയും ആയുധവും മാത്രമല്ല ആഹാരമാകാനും ഞങ്ങൾ തയ്യാറാണെന്ന് മുളക്കൂട്ടം സ്വയം വിളംബരം ചെയ്യുന്നു.

ഇന്ത്യൻ വനങ്ങളിൽ ആയിരത്തി അഞ്ഞൂറോളം മുളയിനങ്ങളുണ്ട്. കേരളത്തിലാകട്ടെ ഇവ 120 ഓളം വരും. നിത്യഹരിത പുല്ലിനമാണ് മുള എന്നതുകൊണ്ട് വലിയ സാദ്ധ്യതകളാണ് ഇതിനുള്ളത്. മുളയുടെ വളർച്ചാ ഘടനയ്ക്ക് ഏറെ പ്രത്യേകതകളുള്ളതാണ്. മുള്ള് മുള, കല്ലൻ മുള, ആസ്സാം മുള, മഞ്ഞ മുള, ലാത്തി മുള, ബുദ്ധമുള എന്നിങ്ങനെ ജനപ്രിയമായ ധാരാളം മുളകൾ കേരളത്തിലുണ്ട്. കാഴ്ചയിൽ മുളയോട് സാമ്യമുള്ള ഈറ്റയും വലിയ വ്യവസായ പ്രാധാന്യമുള്ള ഇനമാണ്. എന്നാൽ ഈറ്റയ്ക്ക് ഏഴ് മീറ്റർ വരെ നീളമേ വളർച്ച ഉണ്ടാകൂ. മുളയ്ക്കാകട്ടെ കേവലം മൂന്ന് മാസം കൊണ്ട് 40 മീറ്റർ നീളവും ഒരടി വണ്ണവും വയ്ക്കാൻതക്ക വളർച്ചയുണ്ടാകും. മുളയിൽ വിളയുന്ന ഉല്പ്പന്നങ്ങളിൽ ആയുധം മുതൽ സംഗീതോപകരണങ്ങൾ വരെ വരുമെങ്കിൽ പനമ്പ്, കൊട്ട, വട്ടി, മുറം തുടങ്ങി പരമ്പ





രാഗത ഉല്പ്പന്നങ്ങൾ നിർമ്മിക്കുവാനാണ് ഈറ്റ പ്രയോജനപ്പെടുന്നത്. മുളയുടെ വളർച്ച ഏഴ് വർഷം കൊണ്ട് ഏതാണ്ടൊക്കെ പൂർത്തിയാകുമെങ്കിൽ രണ്ടാം വർഷം തന്നെ ഈറ്റ മൂപ്പെത്തും.

## മുളമാഹാത്മ്യം

മുളയിൽ കളയില്ല എന്നാണ് പറയാറ്. വേരുകളും കിഴങ്ങും, കാണ്ഡവും ശിഖരങ്ങളും പൂക്കളും ധാന്യങ്ങളുമുള്ള പുല്ലിനം തന്നെ മുള. പാവപ്പെട്ടവന്റെ തടി എന്നറിയപ്പെടുന്ന മുളയ്ക്ക് ചരിത്രപരമായി ഒത്തിരി അടയാളപ്പെടുത്തലുകൾ ഉണ്ട്. ബോംബ് വീണ് ചാരമായ ഹിരോഷിമയുടെ നവഹരിത പദ്ധതിക്ക് തുടക്കമായത് മുള വച്ചുപിടിപ്പിക്കലിലൂടെയാണ്. കോസ്റ്റോറിക്കയിൽ ഭൂമി കുലുക്കത്തെ അതിജീവിച്ച ഏക നിർമ്മാണം മുളവീടുകൾ മാത്രമായിരുന്നു. ബൾബ് കണ്ടെത്തിയ എഡിസൺ കാർബണൈസ്ഡ് മുളയുപയോഗിച്ചാണ് ഫിലമെന്റ് നിർമ്മിച്ചത്. ജപ്പാനിലെ പ്രശസ്ത വില്ലുകളായ യം നും ചൈനയിലെ വാളുകളായ ഷിനായ്ക്കും തുണയായതും മുളതന്നെയാണ്. എന്തിന്, ദണ്ഡിയാത്രയ്ക്ക് മഹാത്മജിക്ക് കൂട്ടായതും ഒരു മുളങ്കോലാണെന്നറിയുമ്പോൾ ആ മാഹാത്മ്യത്തിന് ആഭിജാത്യമേറുന്നു.













## മുളയെ മുളയാക്കാൻ ലീച്ചിംഗ്

വിഖ്യാതമായ ലീച്ചിംഗ് എന്ന പ്രക്രിയയിലൂടെയാണ് മുളയിൽനിന്നും വ്യാവസായിക ഉല്പ്പന്നങ്ങൾ നിർമ്മിക്കുന്നത്. മുളയിലെ അന്നജത്തിന്റെ അളവ് കുറയ്ക്കുകയാണ് ലീച്ചിംഗ്. അന്നജം ഏറിനിന്നാൽ മുളന്തടിയിൽ കീടങ്ങളുടെ ആക്രമണമേൽക്കും. അതികാലത്തും പ്രദോഷത്തിലും മുള മുറിയ്ക്കുന്നതാണ് കുറഞ്ഞ അന്നജമുള്ള മുളകിട്ടാൻ നല്ലത്. മുളയ്ക്ക് മഴക്കാലത്ത് അതിവേഗ വളർച്ചയുണ്ടാകും. ഈ സമയത്ത് അന്നജം മുന്തിനിൽക്കും. എന്നാൽ കൊടുംവേനലിൽ മുറിക്കുന്ന മുളകളിൽ അന്നജം കുറവായിരിക്കും. മുളങ്കോലുകളെ ചാരിവച്ച് വെയിൽ കൊള്ളിച്ചും വലിയ സംഭരണികളിൽ അടിഭാഗം ഇറക്കിവച്ചും മൂന്നാഴ്ച വച്ചാൽ ലീച്ചിംഗ് പ്രക്രിയ പൂർത്തിയാകും. നിർമ്മാണ വസ്തുവായും പ്ലൈവുഡായും മേൽക്കൂര, തറ, ഭിത്തി ടൈലുകളായും മുളയെ പരുവപ്പെടുത്തുന്നതിനുമുമ്പ് ലീച്ചിംഗ് അത്യാവശ്യമാണ്.

മുളയിൽനിന്ന് നേർത്ത നാരുകളുണ്ടാക്കി തുണി നെയ്യുന്ന പ്രക്രിയ ആസ്സാമിലും അരുണാചലിലും തകൃതിയാണ്. ലൈ, കാർബൺഡൈ സൾഫൈഡ്, ബൊറാക്സ്, ബോറിക് ആസിഡ് മുതലായവ ഉപയോഗിച്ചാണ് തുണിക്കായി മുളനാരുകൾ പരുവപ്പെടുത്തുന്നത്.

## ഭാവിക്കുള്ള കരുതൽ

അനുദിനം ക്ഷയിച്ചുവരുന്ന ഭൂമിയിലെ വിഭവങ്ങൾക്ക് മറുപടിയാണ് മുള. കേരളത്തിന്റെ തീരപ്രദേശങ്ങളിലും ചതുപ്പ് നിലങ്ങളിലുമൊക്കെ മുള വച്ചുപിടിപ്പിക്കുവാനുള്ള പദ്ധതികൾക്ക് അങ്കമാലി ആസ്ഥാനമായി പ്രവർത്തിക്കുന്ന സംസ്ഥാന ബാംബൂ കോർപ്പറേഷന് പദ്ധതികളുണ്ട്. മണ്ണൊലിപ്പ് തടയാനും വെള്ളക്കെട്ട് തടയാനുമൊക്കെ ഇത് പ്രയോജനപ്പെടും. പ്രകൃതി സൗഹൃദ നിർമ്മാണോപാധിയായി മുളയെ മാറ്റിയെടുക്കുവാൻ 12 കോടിയോളം രൂപ ചെലവഴിച്ച് കോഴിക്കോട് നല്ലളത്ത് കോർപ്പറേഷൻ വലിയ ഫാക്ടറി തുടങ്ങിക്കഴിഞ്ഞു. ചൈനീസ് സാങ്കേതികവിദ്യ ഇവിടെ ഉപയോഗിക്കുന്നു. ഫ്ളോറിംഗ് ടൈലും വാൾ ടൈലും ഫർണ്ണിച്ചറുമൊക്കെയായി മുളയെ മാറ്റുവാനുള്ള സാങ്കേതികവിദ്യകൾ ഇവിടെ പരീക്ഷിക്കുന്നുണ്ട്. ആയുസ്സിന്റെ അന്ത്യത്തിൽ മുള പൂത്തുകഴിഞ്ഞാൽ പിന്നീട് മുളയ്ക്ക് ചൈതന്യമില്ല. രണ്ട് ദശാബ്ദത്തിനുള്ളിൽത്തന്നെ എല്ലാ മുളകൾക്കും അത് അനിവാര്യമാണുതാനും. അതുകൊണ്ടുതന്നെ മുളയുടെ സാദ്ധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തിയാൽ നിർമ്മാണ മേഖലയ്ക്ക് മുള എന്നും മുതൽക്കൂട്ടായിരിക്കും. തൂക്കുപാലങ്ങളുടെ നിർമ്മാണം മുതൽ ആഹാരമായി വരെ മുളയെ മാറ്റുവാനുള്ള സാങ്കേതികവിദ്യ ഇന്ന് ലഭ്യമാണ്. ബിയർ, വൈൻ തുടങ്ങിയ പാനീയങ്ങളുടേയും സുഗന്ധ ദ്രവ്യങ്ങളുടേയും ആയുർവേദ ഔഷധങ്ങളുടേയും ചേരുവകൂടിയായി മാറുവാൻ മുളയ്ക്ക് മടിയില്ല. കരുതിയിരുന്ന് മുള നട്ടാൽ അത് ഭാവിയിൽ പതിരാകില്ല എന്ന് സാരം.

**കൂടുതൽ വിവരങ്ങൾക്ക്:**


സംസ്ഥാന ബാംബൂ കോർപ്പറേഷൻ, അങ്കമാലി സൗത്ത്, എറണാകുളം

ഫോൺ : 0484 2452275, 0484 2452248

ഹൈടെക് ബാംബൂ ഫ്ളോറിംഗ് ഫാക്ടറി, നല്ലളം, കോഴിക്കോട്

0495 2422020

With best compliments from:

## GOLDSUN PAINTS

Industrial Development Plot, Kalamassery-683 109, Kerala
Tel :91-484-2540409, Fax : 0484-2557328,
E-mail: goldsunpaints@gmail.com Customer Care No. 0484-2540408

*Manufacturers of:*

**DAZLAC** Brand

**Two Pack Epoxy Paints, Primers, N.C. Putty, Wall Putty, Hammertone Paints, PU Two Pack Paints, Special Coat Floor Paints, Wood Finishes and Other Decorative Paints.**

# DAZLAC
## EPOXY
## TWO PACK



കെ.സി. ജോസഫ് വർഗീസ്

# നോട്ടിന്റെ ഇരുട്ടടി



**കേ**ന്ദ്രസർക്കാർ നടത്തിയ ലൈറ്റ്നിംഗ് സ്ട്രൈക്ക് ദിവസങ്ങൾ പിന്നിട്ടു കഴിഞ്ഞപ്പോൾ കേരളത്തിലെ സാമ്പത്തികരംഗം അക്ഷരാർത്ഥത്തിൽ വിറങ്ങലിച്ചു നിൽക്കുകയാണ്. ചില രേഖാചിത്രങ്ങൾ.

മകളുടെ വിവാഹത്തിനായി പലയിടത്തുനിന്നുമായി സ്വരൂപിച്ച 15 ലക്ഷം രൂപ എന്തു ചെയ്യണമെന്നറിയാതെ സ്തംഭിച്ചു നിൽക്കുകയാണ് സരോജിനിയമ്മ എന്ന വിധവയായ വധൂമാതാവ്. ബാങ്കിലിട്ടാൽ ആദായനികുതി വകുപ്പിന്റെ വക അധികനികുതി ബാധ്യതയും ഭീമമായ പിഴശിക്ഷയും എന്ന ഭീഷണി ഒരു വശത്ത്. പിൻവലിക്കാവുന്ന കൂടിയ തുക ആഴ്ചയിൽ 24,000 രൂപ മാത്രം എന്നത് മറ്റൊരു വശത്ത്. സ്വർണം വാങ്ങാൻ പഴയ നോട്ടുകൾ നൽകിയാൽ സ്വർണവ്യാപാരികൾ അവ സ്വീകരിക്കുന്നില്ല. വധൂവരന്മാർക്കുള്ള പൂമാല വാങ്ങാൻ പോലും ഈ നോട്ടുകൾ ഉപയോഗപ്പെടില്ല. വരന്റെ വീട്ടുകാർക്കും നൽകാനുള്ള പണം എങ്ങനെ വേണമെന്നത് തീർപ്പില്ലാതെ നീളുകയാണ്. വിവാഹം പോലും നീട്ടിവയ്ക്കേണ്ടി വരുമോ എന്ന ആശങ്കയിലാണ് ഈ വീട്ടമ്മ.

പുതിയ വീടിന്റെ പണി മധുസൂദനൻ തുടങ്ങി വച്ചത് നവംബർ ആദ്യവാരമാണ്. ക്യാഷ് ആയി കയ്യിലിരുപ്പ് ആറ് ലക്ഷം രൂപയുണ്ട്. ഭവന വായ്പയിൽ നിന്നും പിൻവലിച്ചതാണിത്. കൂടാതെ 20 ലക്ഷം രൂപയോളം ഈ വഴിക്കു ലഭിച്ച തുകയിൽ ബാങ്കിലുണ്ട്. അത്യാവശ്യം പണിക്കാർക്ക് നൽകാൻ ബാങ്കിൽ നിന്നും പിൻവലിച്ചപ്പോൾ കിട്ടിയത് പുതിയ 2000 രൂപയുടെ 10 നോട്ടുകൾ. ഇവ സ്വീകരിക്കാൻ ആരും തയ്യാറല്ല. കയ്യിലുള്ള പഴയ നോട്ടുകളും സ്വീകരിക്കാൻ കൂട്ടാക്കാതെ കരാറുകാരനും ജോലിക്കാരും ഇടഞ്ഞു നിൽക്കുന്നു. ഇവർക്കാർക്കും ചെക്കും വേണ്ട. പണി നിർത്തിവച്ച് ഇനിയെന്ത് എന്നാലോചിച്ച് തലപുകഞ്ഞിരിക്കുകയാണ് ഈ ഗൃഹനാഥൻ.

മത്സ്യത്തിന്റെ മൊത്ത വിൽപനശാലയിൽ നിന്നും മത്സ്യം ലേലം ചെയ്തുവാങ്ങി കുട്ടയിലാക്കി ചുമന്ന് കമ്പോളത്തിൽ കൊണ്ടുപോയി ചില്ലറ വിൽപന നടത്തിയാണ് ആന്റണിയും ഭാര്യയും കുടുംബം നടത്തുന്നത്. രാവിലെ വാങ്ങുന്ന മത്സ്യത്തിന്റെ വില പിറ്റേ ദിവസം രാവിലെ ലേലത്തിനു ചെല്ലുമ്പോൾ നൽകിയാൽ മതി എന്നതാണ് ഇതുവരെയുള്ള പതിവ്. പക്ഷെ ഇപ്പോൾ സ്ഥിതി മാറി. 100 രൂപയുടെ മത്സ്യം വാങ്ങാൻ വരുന്നവർ 500 ന്റെയും 1000 ത്തിന്റെയും പഴയ നോട്ടുകളാണ് നൽകുന്നത്. അവ എടുക്കാമെന്നു വച്ചാൽ തന്നെ ബാക്കി നൽകാൻ ചില്ലറ നോട്ടുകളുമില്ല. രണ്ടുപേരും കൂടെയുള്ള ചില്ലറ മത്സ്യക്കച്ചവടത്തിലൂടെ ഏകദേശം 3000 രൂപയുടെ വിറ്റുവരവുണ്ടായിരുന്നു. ഇതിൽ നിന്നുള്ള 600 രൂപയുടെ ലാഭമായിരുന്നു ഈ കുടുംബത്തിന്റെ ഉപജീവനമാർഗം. ഇവരുടെ കുടിലിനു മുന്നിൽ

പട്ടിണി കാവൽ നിൽക്കുന്നു.

രമേശൻ നായർ മാർബിളും ഗ്രാനൈറ്റും വില്പന നടത്തുന്ന ചില്ലറ വ്യാപാരിയാണ്. സാമാന്യം നല്ല കച്ചവടമുണ്ടെങ്കിലും സിംഹഭാഗവും കടമായിട്ടാണ് പോകുന്നത്. പണം നൽകാനുള്ള പലരും വഴിമാറിപ്പോകുമ്പോൾ പലതും കിട്ടാക്കടമായിരിക്കുമെന്നുള്ള ചിന്തയിലായിരുന്നു ഈ വ്യാപാരി. പക്ഷെ നോട്ട് റദ്ദാക്കൽ പ്രഖ്യാപനം വന്നതിന്റെ പിറ്റേ ദിവസം മുതൽ പണം നൽകാനുള്ളവർ ഇടിച്ചു കയറി വരുന്നു, കൈ നിറയെ പഴയനോട്ടുകളുമായി. ആദ്യം സന്തോഷിച്ചു. പക്ഷെ ഈ സന്തോഷം അധികനേരം നീണ്ടുനിന്നില്ല. ഒറ്റദിവസം കൊണ്ട് കയ്യിൽ വന്നത് ഏഴ് ലക്ഷം രൂപ. മാധ്യമങ്ങളിലൂടെ പരക്കുന്ന വാർത്തകൾ പരിഗണിക്കുമ്പോൾ രണ്ടര ലക്ഷം രൂപയിൽ കൂടുതൽ ബാങ്കിൽ നിക്ഷേപിക്കാനും ഭയമാണ്. ചരക്ക് വാങ്ങാൻ വരുന്നത് ചുരുക്കം ചിലർ മാത്രം. അവരുടെ കൈയിലുള്ളതും 500 ന്റെയും 1000 ത്തിന്റെയും പഴയനോട്ടുകൾ. വിഷാദരോഗം ബാധിച്ച് ചികിത്സയിലാണ് ഈ വ്യാപാരി. കട അടഞ്ഞും കിടക്കുന്നു.

ചെറിയ തോതിൽ പണമിടപാട് സ്ഥാപനം നടത്തുന്ന വ്യക്തിയാണ് അഗസ്റ്റിൻ തോമസ്. പണം ആണിവിടെ രാജാവ്. അത്യാവശ്യത്തിന് പണയം വയ്ക്കാൻ വരുന്നവർക്ക് നൽകാൻ കയ്യിലുള്ളത് പഴയ നോട്ടുകൾ മാത്രം. സ്വർണത്തിന് വില കൂടിയതു മൂലം പണയം വച്ചിരുന്നവർ തിരിച്ചെടുക്കാൻ എത്തുന്നതും പഴയ നോട്ടുകളുമായിട്ടാണ്. ഇവരിൽ മിക്കവരും പണയ ഉരുപ്പടി ഉപേക്ഷിച്ച രീതിയിൽ പെരുമാറിക്കൊണ്ടിരുന്നവരാണ് എന്നതാണ് വസ്തുത. സ്വർണത്തിന്റെ വിലക്കയറ്റമാണ് ഇവിടെ വില്ലനാകുന്നത്. പണയത്തുക ചെക്കായി നൽകാമെന്നു വച്ചാൽ ആർക്കും വേണ്ടതാനും. ഒരു ലക്ഷം രൂപ പണയത്തുക ചെക്കായി നൽകിയാൽ അതുമാറി കാശെടുക്കാൻ ഒരു മാസമെങ്കിലും എടുക്കില്ലേ എന്ന ഇടപാടുകാരുടെ ചോദ്യങ്ങൾക്കും അഗസ്റ്റിനു മറുപടിയില്ല.

നല്ല ഉദ്ദേശത്തോടെ നടപ്പിലാക്കിയ ഒരു പദ്ധതി എവിടെയോ പാളിപ്പോയി എന്ന സംശയമുളവാക്കുന്ന സാഹചര്യങ്ങളാണ് ഇന്നു നിലവിലുള്ളത്. ആവശ്യമായ മുന്നൊരുക്കങ്ങളില്ലാതെയാണ് ഇതു നടപ്പിലാക്കിയതെന്നും പറയാതെ വയ്യ. പഴയ 1000 രൂപയുടെ കറൻസിക്ക് പകരമായി പുതിയ 2000 രൂപയുടെ കറൻസി ഇറക്കിയതും 500 ന്റെ പുതിയ നോട്ടുകൾ യഥാസമയം ലഭ്യമാക്കാത്തതും സ്ഥിതിഗതികൾ വഷളാക്കുകയാണുണ്ടായത്.

ഇങ്ങനെയുള്ള ഒരു നടപടി തീർച്ചയായും മുൻകൂട്ടി അറിയിച്ചുകൊണ്ട് നടപ്പിലാക്കിയാൽ ഉദ്ദേശിച്ച ഫലം ലഭിക്കില്ല എന്നതിൽ തർക്കമില്ല. എന്നാൽ മുൻകൂട്ടി ധനമന്ത്രിയോട് പോലും ആലോചിച്ചില്ല എന്ന ആക്ഷേപം ഉയർത്തുന്ന രീതിയിലുള്ള പ്രഖ്യാപനത്തിന്റെ ഉദ്ദേശ്യം പ്രശസ്തി മാത്രമായിരുന്നോ എന്ന് പരക്കെ സംശയമുളവാക്കിയിട്ടുണ്ട്. ആറു മാസം മുന്നേ തന്നെ തയ്യാറെടുപ്പ് തുടങ്ങി എന്ന് പ്രധാനമന്ത്രി പറയുമ്പോഴും പദ്ധതി നടപ്പിൽ വന്നപ്പോൾ സാധാരണക്കാരാണ് ദുരിതത്തിലായത് എന്ന കാര്യത്തിൽ സംശയമില്ല.

സാമ്പത്തികശാസ്ത്രത്തിലെ വളരെ പ്രസക്തമായ ഒരു വിഷയമാണ് കറൻസി മാനേജ്മെന്റ്. ഇതുപ്രകാരം റിസർവ് ബാങ്ക് കറൻസി നോട്ടുകൾ ഇറക്കുമ്പോൾ പാലിച്ചിരിക്കേണ്ടതായ മാർഗനിർദ്ദേശങ്ങൾ പാലിക്കപ്പെട്ടിട്ടുണ്ടോ എന്നുള്ളത് ഇനി വരുന്ന നാളുകളിൽ അറിയാനിരിക്കുന്നതേയുള്ളൂ.

കേരളത്തിലെ സഹകരണപ്രസ്ഥാനം ഭാരതത്തിന് സ്വാതന്ത്ര്യം ലഭിക്കുന്നതിനു മുമ്പ് തന്നെ നിലവിലുണ്ടായിരുന്ന ഒന്നാണ്. സാധാരണ ജനങ്ങളുടെയും കർഷകരുടെയും ചെറു സമ്പാദ്യങ്ങളാണ് ഈ സ്ഥാപനങ്ങളുടെ അടിത്തറ. വലിയ നൂലാമാലകളൊന്നുമില്ലാതെ കടം ലഭിക്കാനും മറ്റു ക്രയവിക്രയങ്ങൾ നടത്താനും സാധാരണ ജനങ്ങളെ സഹായിച്ചിരുന്ന ഈ പ്രസ്ഥാനങ്ങൾ ഇന്ന് വല്ലാത്ത പ്രതിസന്ധിയിലാണ്. പ്രാഥമിക സഹകരണ സംഘങ്ങളുടെ നടത്തിപ്പിൽ രാഷ്ട്രീയത്തിന്റെ അതിപ്രസരം മൂലം പല അപഭ്രംശങ്ങളും ഉണ്ടായിട്ടുണ്ടെങ്കിലും ഇവ മാത്രം കൊണ്ട് ഇത്രയും മഹത്തായ ഒരു പ്രസ്ഥാനത്തെ നശിപ്പിക്കുക എന്നത് ഒരിക്കലും നീതീകരിക്കാനാവാത്ത ഒന്നാണ്. റിസർവ് ബാങ്കിന്റെ കെ. വൈ. സി. (നോ യുവർ ക്ലയന്റ്) നിബന്ധനകൾ പാലിക്കുന്നില്ല എന്ന ആക്ഷേപവും ഇവിടെ പ്രസക്തമാണ്. ഇതുകൊണ്ടു തന്നെ നിരവധി പേർ ഈ സംഘങ്ങളിൽ തങ്ങളുടെ കള്ളപ്പണം നിക്ഷേപിച്ചിട്ടുണ്ട് എന്നുള്ള കാര്യത്തിലും തർക്കമില്ല. പക്ഷെ ഇത്തരക്കാർ ഒരു ന്യൂനപക്ഷം മാത്രമാണ്. കെ. വൈ. സി. നിബന്ധനകൾ പാലിക്കാനുള്ള നടപടി സ്വീകരിക്കുമെന്ന നമ്മുടെ മുഖ്യമന്ത്രിയുടെ നിലപാട് കേന്ദ്രസർക്കാർ സ്വീകരിച്ചാൽ ഈ പ്രശ്നം അവസാനിപ്പിക്കാവുന്നതേയുള്ളൂ. ഈ നിബന്ധനകൾ പാലിക്കാത്ത അക്കൗണ്ടുകളെ മാത്രം മരവിപ്പിക്കുകയും ചെറുകിട നിക്ഷേപകർക്ക് നിലവിലുള്ള പരിധിക്കു വിധേയമായി പണം പിൻവലിക്കാനുള്ള അവസരം നൽകുകയുമാണ് കേന്ദ്രസർക്കാർ ചെയ്യേണ്ടത്. ഇക്കാര്യത്തിൽ സത്വര നടപടിയുണ്ടാകുമെന്ന് പ്രതീക്ഷിക്കാം.



പി. വി. ജയപ്രകാശൻ



# പെൺകരുത്തിന്റെ വിജയം

ജീവിതത്തിന്റെ പാതികഴിഞ്ഞു. ഇനിയും അടുക്കള തന്നെ ശരണമെന്ന് ഉറപ്പിച്ച വീട്ടമ്മമാർക്കുള്ള പാഠമാണിത്. 35 വയസ്സ് പിന്നിട്ട ശേഷം വ്യവസായരംഗത്തിറങ്ങി സ്വന്തം പേരുറപ്പിച്ച വീട്ടമ്മയുടെ ജീവിതകഥ. അതാണ് ആർ. എം. ജെ. ഇൻഡസ്ട്രീസിന്റെ നടത്തിപ്പുകാരിയായ മൃദുല ജയകുമാറെന്ന വനിതാ വ്യവസായിക്ക് പറയാനുള്ളത്.

കണ്ണൂർ ജില്ലയിലെ മികച്ച വനിതാ വ്യവസായിക്കുള്ള 2013-14 ലെ സംസ്ഥാന സർക്കാരിന്റെ അവാർഡ് ഏറ്റുവാങ്ങാൻ ഇവർക്ക് കഴിഞ്ഞു. ഈ അവാർഡിനുമുണ്ട് സ്ത്രീശക്തിയുടെ പിൻബലം. വ്യവസായത്തിൽ പങ്കാളികളായി പിന്തുണയേകാൻ ഒപ്പമുള്ളതും രണ്ട് സ്ത്രീകൾ. ബന്ധുക്കളായ രാജശ്രീ ബാലകൃഷ്ണനും, ജയശ്രീ അനിൽകുമാറും ഇതിനുപരി ഫാക്ടറിയിലെ തൊഴിലാളികളിൽ 120 പേരിൽ 15 പേരൊഴിച്ച് ബാക്കിയെല്ലാവരും സ്ത്രീകളാണ്. ഈ സ്ത്രീശക്തിയാണ് ആർ. എം. ജെ യുടെ വിജയരഹസ്യം.

2004 ലാണ് ആർ. എം. ജെ ഇൻഡസ്ട്രീസിന്റെ തുടക്കം. കുട്ടികളുടെയും പുരുഷന്മാരുടെയും വസ്ത്രങ്ങളാണ് കയറ്റുമതിക്കും അല്ലാതെയുമായി ഇവിടെനിന്ന് സ്റ്റിച്ച് ചെയ്യുന്നത്. ഇതിൽ 80 ശതമാനവും കയറ്റുമതി ചെയ്യുന്നവയാണ്. മേലെ ചൊവ്വ പാതിരപ്പറമ്പിലാണ് ആർ. എം. ജെ യുടെ ഫാക്ടറി.

രണ്ട് ലക്ഷം രൂപയുടെ യന്ത്രങ്ങളുമായാണ് മൃദുല ബിസിനസ് തുടങ്ങിയത്. നാല് വർഷത്തിനകം ലാഭം കിട്ടിത്തുടങ്ങി. 2016-ൽ എത്തി നിൽക്കുമ്പോൾ പ്രതിവർഷം നാല് ലക്ഷം രൂപയുടെ ലാഭമുണ്ടാക്കുന്ന സ്ഥാപനമായി ഇതിനെ വളർത്തിയെടുക്കാൻ മൃദുലയ്ക്കും സഹപ്രവർത്തകർക്കും കഴിഞ്ഞു. 30 ൽ നിന്ന് ഫാക്ടറിയിലെ ജീവനക്കാരുടെ എണ്ണം 120 ആയി. നൂറിലധികം സ്ത്രീകൾക്ക് ഇതിലൂടെ ജോലി നൽകാൻ ഈ വനിതാസംരംഭകയ്ക്ക് കഴിഞ്ഞു എന്നതാണ് മറ്റൊരു നേട്ടം. ഇപ്പോൾ ഒരു കോടിയിലധികം വില വരുന്ന മെഷീനുകൾ ഈ ഫാക്ടറിയിലുണ്ട്.

ബെംഗളൂരുവിൽ നിന്ന് ഹോംസയൻസ് പഠിച്ചിറങ്ങിയ മൃദുല ഈ രംഗത്തെത്തിയത് ബിസിനസ് കുടുംബത്തിൽ മരുമകളായെത്തിയതോടെയാണ്. ഭർത്താവ് കെ. പി. ജയകുമാർ ഹിന്ദുസ്ഥാൻ ടെക്സ്റ്റൈൽസിന്റെ പങ്കാളികളി

**രണ്ട് ലക്ഷം രൂപയുടെ യന്ത്രങ്ങളുമായാണ് മൃദുല ബിസിനസ് തുടങ്ങിയത്. നാല് വർഷത്തിനകം ലാഭം കിട്ടിത്തുടങ്ങി. 2016-ൽ എത്തി നിൽക്കുമ്പോൾ പ്രതിവർഷം നാല് ലക്ഷം രൂപയുടെ ലാഭമുണ്ടാക്കുന്ന സ്ഥാപനമായി ഇതിനെ വളർത്തിയെടുക്കാൻ മൃദുലയ്ക്കും സഹപ്രവർത്തകർക്കും കഴിഞ്ഞു.**

ലൊരാളാണ്. തുന്നൽ അറിയാം എന്നുള്ളതും ആത്മവിശ്വാസവും മാത്രമായിരുന്നു അന്ന് കൂട്ട്. ബിസിനസ് പാഠങ്ങളേകാൻ അന്നും ഇന്നും ഭർത്താവും കൂട്ടായുണ്ട്. ഹിന്ദുസ്ഥാൻ ടെക്സ്റ്റയിൽസിന് കയറ്റുമതിക്കായി വേണ്ട വസ്ത്രങ്ങൾ മാത്രമായിരുന്നു ആദ്യം ആർ. എം. ജെ ഒരുക്കിയിരുന്നത്. ഇപ്പോൾ മറ്റ് കമ്പനികളുടെ ആവശ്യപ്രകാരവും ഓർഡർ സ്വീകരിക്കുന്നുണ്ട്.

ഒരു വനിതയെന്ന നിലയിൽ ഇതുവരെ ഒരു വെല്ലുവിളിയും നേരിടേണ്ടി വന്നിട്ടില്ല. ആകെയുള്ള ടെൻഷൻ വസ്ത്രങ്ങളുടെ ഗുണനിലവാര പരിശോധനയാണ്. കുട്ടികളുടെ വസ്ത്രങ്ങൾക്ക് പ്രത്യേകശ്രദ്ധ വേണം. ഈ തുണിത്തരങ്ങൾ തുന്നലിനു ശേഷം വാഷ് ചെയ്യുന്നു. സൂചിയോ മറ്റ് ലോഹങ്ങളോ തുണിയിൽ പെട്ടിട്ടുണ്ടോയെന്ന് പരിശോധിക്കാനായി നീഡിൽ ഡിറ്റക്ടിങ്ങ് മെഷീനുണ്ട്. എല്ലാ ഘട്ടത്തിലും തുണിത്തരങ്ങൾ പരിശോധിച്ച് ഗുണമേന്മ ഉറപ്പുവരുത്താൻ കൂടുതൽ ശ്രദ്ധ ചെലുത്തുന്നുണ്ട്. കൃത്യസമയത്ത് ഓർഡറുകൾ നൽകാനാകുമോയെന്ന ടെൻഷനുണ്ടാവാറുണ്ട്. എന്നാൽ ആത്മാർത്ഥതയുള്ള തൊഴിലാളികൾ ഒപ്പമുണ്ടാകുമ്പോൾ അതിന്റെ പേരിൽ ഇതുവരെ പ്രശ്നങ്ങളുണ്ടായിട്ടില്ലെന്ന ആശ്വാസത്തിലാണ് മൃദുല. എന്നും രാവിലെ മൃദുല ഫാക്ടറിയിലെത്തും. ഉച്ചവരെ അവിടെയുണ്ടാകും. പിന്നീട് ഉച്ചയ്ക്ക് വീട്ടിലെത്തി വിശ്രമത്തിനു ശേഷം വീണ്ടും ഫാക്ടറിയിലേയ്ക്ക്.

അലവിൽ ആറാം കോട്ടത്തുള്ള ഹിന്ദുസ്ഥാൻ ഭവനിലാണ് മൃദുല ജയകുമാറും കുടുംബവും താമസിക്കുന്നത്. ഭർത്താവ് മാത്രമല്ല മക്കളുമുണ്ട് ബിസിനസ് രംഗത്ത്. മകൾ മനോജ്ഞയും മകൻ മഞ്ജുൾ ജയകുമാറും ഹിന്ദുസ്ഥാൻ ടെക്സ്റ്റയിൽസിൽ മാർക്കറ്റിങ് രംഗത്തുണ്ട്. ഏത് മേഖലയിലേയ്ക്കും ഇറങ്ങും മുമ്പ് അതിനെക്കുറിച്ച് നന്നായി മനസ്സിലാക്കണം. എന്നാൽ, ആത്മവിശ്വാസം തനിയെ വരും. ഒപ്പം കഠിനാധ്വാനവും. അതാണ് പുതിയ സംരംഭകർക്കായി മൃദുല ജയകുമാറെന്ന വ്യവസായിക്ക് നൽകാനുള്ള ഉപദേശം.

**കണ്ണൂർ കോർപറേഷനിലെ**
**വ്യവസായ വികസന ഓഫീസറാണ് ലേഖകൻ**


Bibin.T.V.
bibintv1989@gmail.com

Mob: 09446828215
Ph:04884 265620

BIJI POLYMERS

Enkakkad.P.O, Wadakanchery
Thrissur District, Kerala State, India-680 589.
bijipolymers@gmail.com

Mfrs. of Plastic can, Jar, Pot, Blow moulding etc

# Subscribe/Renew today
# Vyavasaya Keralam

## SUBSCRIBER'S APPLICATION

I would like to subscribe Vyavasaya Keralam for One year at Rs. 300/- (12 issues)

Please send my copies to:

Name.........................................................................................................

Address.....................................................................................................

...................................................................................................................

...................................................................................................................

District.......................................................................................................

Pincode........................................Phone..............................................




Demand Draft for Rs.300/- drawn in favour of
"K-Bip. Vyavasayakeralam", payable at Thiruvananthapuram
is enclosed (D.D No...........................................dated....................................
of.................................................................................................................Bank

**Send to**

The Editor
Vyavasayakeralam
DIC Building,
Vellayambalam,
Thiruvananthapuram
Pin:695033
Phone: 0471-2322789


# കെട്ടിടനിർമാണസാമഗ്രികളുടെ വിലനിലവാരം

**ഡിസംബർ അവസാനവാരം വിപണികളിൽനിന്നു ശേഖരിച്ചത്**

| | *തിരുവനന്തപുരം* | *കൊച്ചി* | *കോഴിക്കോട്* |
|---|---|---|---|
| സിമന്റ് (ബാഗിന്)ലോക്കൽ പർചേസ് | 400 | 395 | 365(സുവാരി) |
| സ്റ്റീൽ (കി.ഗ്രാം) | 40.48 | 43 | 42.48 |
| തടി ( ക്യുബ്ക് അടി) താന്നി | | | 852.40 |
| തടി ( ക്യുബ്ക് അടി) സെക്കന്റ് ക്ലാസ് ഹാർഡ് | - | - | - |
| എം.സാന്റ്(ക്യുബ്ക് അടി) | 57 | 47 | 62 |
| ക്വാറി ഡസ്റ്റ് | 35 | 48 | - |
| മെറ്റൽ (3/4 ഇഞ്ച്) | 29.50 | 29 | 35 |
| മെറ്റൽ (1/4 ഇഞ്ച്) | 28 | 32 | 35 |
| മെറ്റൽ ($1^1/_2$ ഇഞ്ച്) | 23 | 32 | 35 |
| ഹോളോ ബ്ലോക്ക് (8 ഇഞ്ച്) | 33.50 | 38 | 49 |
| ഹോളോ ബ്ലോക്ക് (6 ഇഞ്ച്) | - | - | - |
| ഹോളോ ബ്ലോക്ക് (4 ഇഞ്ച്) | 19.5 | 38 | 32.15 |
| സോളിഡ് ബ്ലോക്ക് (6 ഇഞ്ച്) | 33.00 | 27 | - |
| സോളിഡ് ബ്ലോക്ക് (4 ഇഞ്ച്) | 23.75 | 20 | 28.20 |
| ഇഷ്ടിക | 6.25 | 7.50 | 9.00 |
| റെഡിമിക്സ് | 6100 | 5750 | - |

*അവലംബം : സതേൺ ഇൻവെസ്റ്റ്മെന്റ്സ് (Si) പ്രൈവറ്റ് ലിമിറ്റഡ്*

# വ്യാവസായിക യന്ത്രങ്ങൾക്കായി സ്ഥിരംവേദി

കാർഷിക മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ നിർമാണത്തിലും-ഭക്ഷ്യ സംസ്കരണ രംഗത്തും, ചെറുകിട വ്യവസായ രംഗത്തും വിവിധ സംരംഭങ്ങൾക്ക് ആവശ്യമായി വരുന്ന യന്ത്രങ്ങളുടെ എക്സിബിഷനും-ഡെമോൺസ്ട്രേഷനുമുള്ള സ്ഥിരംവേദിയാണ് മിനി അഗ്രോപാർക്ക്. നവസംരംഭകർക്ക് ആവശ്യമുള്ള മിഷ്യനറികളുടെ പല തരത്തിലുള്ള മോഡലുകൾ പരിചയപ്പെടുന്നതിനും വ്യത്യസ്ഥരായ നിർമാതാക്കളിൽ നിന്നും യന്ത്രങ്ങൾ തിരഞ്ഞെടുത്ത് വാങ്ങുന്നതിനുമുള്ള അവസരവും ഇതുവഴി ലഭിക്കും. വിവിധ തരത്തിലുള്ള സംരംഭങ്ങൾക്ക് ആവശ്യമായ പായ്ക്കിംഗ് മെറ്റീരിയലുകളെ പരിചയപ്പെടുന്നതിനും, അവ തിരഞ്ഞെടുക്കുന്നതിന് വിദഗ്ദ്ധരുടെ സേവനവും മിനി അഗ്രോപാർക്കിൽ നിന്നും സംരംഭകർക്ക് ലഭിക്കും.

രണ്ട് വർഷക്കാലമായി കേരളത്തിലെ കാർഷിക-ഭക്ഷ്യ സംസ്കരണ രംഗത്ത് തുടക്കം കുറിച്ച 300-ൽ അധികം സംരംഭകർക്ക് പിന്തുണ നൽകിയ പിറവം അഗ്രോപാർക്കിന്റെ നേതൃത്വത്തിലാണ് യന്ത്രങ്ങൾക്കും, പായ്ക്കിംഗ് സാമഗ്രികൾക്കും മാത്രമായി കേരളത്തിലെ ആദ്യസംവിധാനമെന്ന നിലയിൽ അഗ്രോപാർക്ക് മിനിക്ക് രൂപം നൽകിയിരിക്കുന്നത്. ചെറുകിട കാർഷിക-ഭക്ഷ്യ സംസ്കരണ രംഗത്ത് വിജയ സാധ്യതയുള്ള നിരവധി വ്യവസായങ്ങളുടെ സാങ്കേതിക വിദ്യയും- പരിശീലനവും, മാർക്കറ്റിംഗ്, ബ്രാന്റിങ് സപ്പോർട്ടുകളും അഗ്രോപാർക്കിൽ നൽകിവരുന്നുണ്ട്. ഇതോടൊപ്പം സംരംഭകരുടെ ആവശ്യപ്രകാരമാണ് മെഷീനറികൾക്കും പായ്ക്കിംഗ് മെറ്റീരിയലുകൾക്കുമായുള്ള സംവിധാനവും ഒരു കുടക്കീഴിൽ ഒരുങ്ങുന്നത്. കേരളത്തിലും പുറത്തുമുള്ള 26-ൽ അധികം പ്രമുഖ യന്ത്ര നിർമാതാക്കൾ അഗ്രോപാർക്ക് മിനിയിൽ തങ്ങളുടെ യന്ത്രങ്ങൾ പ്രദർശിപ്പിക്കുകയും, പ്രവർത്തനങ്ങൾ വിശദീകരിക്കുകയും ചെയ്യും.



സാങ്കേതികവിദ്യാ പരിശീലനം, മെഷിനറികൾ എന്നിവയോടൊപ്പം കെമിസ്റ്റ്, ഫുഡ് ടെക്നോളജിസ്റ്റ്, പായ്ക്കിംഗ് എക്സ്പെർട്ട് എന്നിവരടങ്ങുന്ന വിദഗ്ധരുടെ സേവനവും സംരംഭകർക്ക് അഗ്രോപാർക്കിൽ നടക്കുന്ന എം. എഫ്. എം. ഇ ക്ലിനിക് വഴി ലഭിക്കും. നിലവിലുള്ള സംരംഭത്തിന്റെ സാങ്കേതികവിദ്യയിലോ, പായ്ക്കിംഗിലോ, ക്വാളിറ്റിയിലോ ഉള്ള കുറവുകൾ പരിഹരിക്കാൻ ഈ സംവിധാനം സംരംഭകരെ സഹായിക്കും. നവസംരംഭകർക്ക് ആവശ്യമായ ചെറുകിട സാങ്കേതിക വിദ്യകളുടെ കൈമാറ്റവും, പരിശീലനവും നടപ്പിലാക്കുന്ന ടെക്നോളജി കൊമേഴ്സ്യലൈസേഷൻ സെന്ററും ഇതോടൊപ്പം പ്രവർത്തിക്കുന്നു. കുറഞ്ഞ മുതൽമുടക്കിൽ ആരംഭിക്കാവുന്ന കുടുംബസംരംഭങ്ങളുടെ സാങ്കേതികവിദ്യകളും പരിശീലനവുമാണ് അഗ്രോപാർക്ക് വഴി കൈമാറുന്നത്. കേരളത്തിലെ പ്രമുഖ സർക്കാർ- സ്വകാര്യ ഗവേഷണ വികസന സ്ഥാപനങ്ങൾ കണ്ടെത്തിയ സാങ്കേതികവിദ്യകളും, തനത് മേഖലകളിൽ വിജയം വരിച്ച സംരംഭകരുടെ വിജയ ഫോർമുലകളും, പാരമ്പര്യങ്ങളുമാണ് ഇത്തരത്തിൽ കൈമാറ്റം ചെയ്യപ്പെടുന്നത്.

വിദേശത്തു നിന്നും തിരിച്ചെത്തുന്നവർക്കായി കേരളത്തിന്റെ വ്യവസായ മേഖലയുമായി ഇഴുകിചേരുന്നതിനും, നമ്മുടെ നാട്ടിലെ വ്യാവസായിക അന്തരീക്ഷം മനസ്സിലാക്കുന്നതിന് സഹായിക്കുന്നതുമായ എൻ. ആർ. ഐ. ഇൻകുബേഷൻ സെന്ററും പ്രവർത്തിച്ചു വരുന്നു.

സംരംഭകർക്ക് സ്വന്തം മെഷിനറികൾ സ്ഥാപിച്ച് വലിയ മുതൽമുടക്ക് നടത്തുന്നതിന് മുമ്പ് അഗ്രോപാർക്കിന്റെ ട്രയൽ പ്രൊഡക്ഷൻ സെന്ററിൽ സ്വന്തം ഉൽപന്നം നിർമിച്ച് വിപണിയിൽ എത്തിക്കുന്നതിനുള്ള സംവിധാനവും നിലവിലുണ്ട്. സ്വന്തം സംരംഭത്തിന്റെ സാങ്കേതികവിദ്യ, മാർക്കറ്റിങ് സാധ്യതകൾ, വിപണി സ്വീകാര്യത എന്നിവ മനസ്സിലാക്കി വിജയശതമാനം 100% ഉറപ്പാക്കിയതിനുശേഷം മാത്രം മുതൽ മുടക്ക് നടത്തുന്നതിന് ഈ സംവിധാനം സംരംഭകനെ പ്രാപ്തനാക്കുന്നു.

കാർഷിക മൂല്യവർദ്ധിത ഉൽപന്ന നിർമാണ മെഷിനറികൾ, ഡ്രൈയിംഗ്, പൾപ്പിംഗ്, ഫില്ലിംഗ്, സ്റ്റെറിലൈസേഷൻ, മിക്സിംഗ്, പൾപറൈസിംഗ്, പായ്ക്കിംഗ്, സീലിംഗ്, ക്യാപിംഗ്, ഫ്രീസിംഗ്, അജിറ്റേറ്റിംഗ്, സ്റ്റീമിംഗ്, ബ്ലാത്തിംഗ്, ക്ലാരിഫിക്കേഷൻ, കൂളിംഗ്, ഫ്രീസ് ഡ്രൈയിംഗ്, സ്പ്രേ ഡ്രൈയിംഗ് തുടങ്ങിയ വിവിധ പ്രോസസ്സുകൾക്ക് ആവശ്യമായ ഡ്രയറുകൾ, ഗ്രയിൻ വാഷർ, ഹോമോമനൈസർ, ബോയിലിംഗ് കെറ്റിൽ, മിനി ബോയിലർ, റോസ്റ്റർ, ഫ്രൂട്ട്മിൽ, ജ്യൂസ് എക്സ്ട്രാക്റ്റർ, ഓവനുകൾ, വാക്വം ചേമ്പർ, കൺവെയറുകൾ, നൈട്രജൻ ഫ്ളഷിംഗ് മെഷീൻ, ന്യൂമാറ്റിക് ഫില്ലിംഗ് മെഷീനുകൾ, വിവിധതരം സീലിംഗ് മെഷീനുകൾ, പേപ്പർ ബാഗ് നിർമാണം, മെഡിസിൻ കവർ നിർമാണം, നോൺ വ്യൂവൻ, നൂൽ, ചവിട്ടി തുടങ്ങി നിരവധി മെഷീനുകൾ നേരിൽ കണ്ട് പരിചയപ്പെടുന്നതിനുള്ള സൗകര്യമാണ് ലഭിക്കുക.

വിവിധ പ്ലാസ്റ്റിക് കണ്ടെയ്നറുകൾ, ഫുഡ് ഗ്രേഡ് പ്ലാസ്റ്റിക് ബാഗുകൾ, കവറുകൾ, ബോട്ടിലുകൾ, പായ്ക്കിംഗ് ഫിലിമുകൾ, ക്യാപ്പുകൾ, മെറ്റലൈസ്ഡ് കവറുകൾ, ഡ്യൂപ്ലക്സുകൾ, കാർട്ടണുകൾ തുടങ്ങിയുള്ള പായ്ക്കിംഗ് സാമഗ്രികളും ഇതോടൊപ്പം പരിചയപ്പെടാമെന്നും നവസംരംഭകർക്ക് സംരംഭക രംഗത്ത് കൂടുതൽ അറിവ് നേടാൻ സാധിക്കുമെന്നും സി. ഇ. ഒ. സജിത ബിനു അറിയിച്ചു.

## വനിതാ സംരംഭകത്വ ശില്പശാല



വ്യവസായ വകുപ്പിന്റെ സഹകരണത്തോടെ കരൂർ പഞ്ചായത്തിലെ വനിതകൾക്കായി സംരംഭകത്വ ബോധവത്കരണ ശില്പശാല നടത്തി. ളാലം ബ്ലോക്ക് വ്യവസായ വികസന ഓഫീസർ ലോറൻസ് മാത്യു **സംരംഭകത്വാശയ രൂപവത്കരണവും സർക്കാർ സഹായവും** എന്ന വിഷയത്തിൽ ക്ലാസ്സെടുത്തു.

പങ്കെടുത്തവർ വിവിധ ഗ്രൂപ്പുകളായി തിരിഞ്ഞ് സംരംഭകത്വത്തിന്റെ വിവിധ തലങ്ങളായ ഉൽപാദനം, സേവനം, അനുബന്ധ സാധ്യതകൾ, ട്രേഡിങ്ങ് എന്നിവയിലെ വ്യത്യസ്ത ബിസിനസ് സാധ്യതകൾ ചർച്ച ചെയ്തത് ഉൾക്കാഴ്ച പകരുന്നതായിരുന്നു. വിവിധ സർക്കാർ സ്കീമുകളെപ്പറ്റിയുള്ള ക്ലാസും പുതുതായി ഈ രംഗം തിരഞ്ഞെടുക്കുന്നവർക്ക് പ്രചോദനമായി.

---

## കോട്ടയത്ത് സംരംഭകത്വ സെമിനാർ



കേന്ദ്ര എം. എസ്. എം. ഇ മന്ത്രാലയത്തിന്റെ ഏറ്റുമാനൂരിലുള്ള എം. എസ്. എം. ഇ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് കോട്ടയം ജില്ലയിലെ അഭ്യസ്തവിദ്യരും തൊഴിൽ രഹിതരുമായ യുവതീ യുവാക്കൾക്കു വേണ്ടി ഏകദിന സംരംഭകത്വ സെമിനാർ സംഘടിപ്പിച്ചു.

ജില്ലാ വ്യവസായകേന്ദ്രം മേധാവി റ്റി. ഷാജി ഉദ്ഘാടനം ചെയ്ത പരിപാടിയിൽ ഏറ്റുമാനൂർ സിഡ്കോ ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് ഇൻഡസ്ട്രീസ് ഫോറം പ്രസിഡന്റ് മാത്തുക്കുട്ടി മാങ്കോട്ടിൽ മുഖ്യപ്രഭാഷണം നടത്തി. നൂതന സംരംഭങ്ങൾക്ക് കേന്ദ്ര സംസ്ഥാന ഗവൺമെന്റുകളിൽ നിന്നു ലഭിക്കുന്ന വിവിധ പദ്ധതികളെക്കുറിച്ച് അധ്യക്ഷനായ എം. എസ്. എം. ഇ ട്രെയിനിങ് ഇൻസ്റ്റിറ്റ്യൂട്ട് ഡെപ്യൂട്ടി ഡയറക്ടർ ജി. എസ്. പ്രകാശ് സംസാരിച്ചു. ജില്ലാ വ്യവസായകേന്ദ്രം മാനേജർ ജി. രാജീവ് സംരംഭങ്ങൾക്ക് സംസ്ഥാന സർക്കാർ മുഖാന്തിരം നൽകുന്ന വിവിധ പദ്ധതികളെക്കുറിച്ചും പ്രധാൻ മന്ത്രി മുദ്രാ യോജന, സ്റ്റാൻഡ് അപ് ഇന്ത്യ തുടങ്ങിയ പദ്ധതികളെക്കുറിച്ച് ലീഡ് ബാങ്ക് മാനേജർ ചന്ദ്രശേഖരൻ, എസ്. ബി. റ്റി, എം. എസ്. എം. ഇ വിഭാഗം മേധാവി ജോയിക്കുട്ടി ജോർജ് തുടങ്ങിയവർ ക്ലാസ്സെടുത്തു.

250 പ്രതിനിധികൾ പങ്കെടുത്തു. ട്രെയിനിങ് കോ-ഓർഡിനേറ്റർ ബി. ആർ. ശിവദാസൻ നായർ, പ്രോഗ്രാം കോ-ഓർഡിനേറ്റർ ബിനോയ് വർഗീസ് സംബന്ധിച്ചു.

---

## ഇ. എസ്. എസ്. സോഫ്റ്റ് വെയർ പരിശീലനം



ജില്ലാ വ്യവസായകേന്ദ്രങ്ങളുടെ നെറ്റ് വർക്കിന്റെ ഭാഗമായി കെ. എസ്. ഡബ്ലിയു. എ. എൻ ഇന്റഗ്രേഷൻ പ്രോജക്ടിനുവേണ്ടി പുതുതായി ആരംഭിച്ച ഇ. എസ്. എസ് ഓൺലൈൻ സോഫ്റ്റ് വെയർ പരിശീലനം ഇടുക്കിയിൽ സംഘടിപ്പിച്ചു. ജില്ലാ വ്യവസായകേന്ദ്രത്തിലെ മുഴുവൻ ജീവനക്കാരും താലൂക്ക് വ്യവസായ ഓഫീസിൽ നിന്നും അസിസ്റ്റന്റ് ഡിസ്ട്രിക്ട് ഇൻഡസ്ട്രീസ് ഓഫീസർ, വ്യവസായ വികസന ഓഫീസർ പങ്കെടുത്തു. ഐറ്റി നോഡൽ ഓഫീസറായ മാനേജർ (ഇഐ) പി. ഉണ്ണികൃഷ്ണൻ വിശദമായി ക്ലാസ്സെടുത്തു. എൽസിഡി പ്രോജക്ടർ ഉപയോഗിച്ച് തീയറി ക്ലാസിനു ശേഷം പ്രാക്ടിക്കൽ പരിശീലനവും നടന്നു. ജനറൽ മാനേജർ (ഇൻചാർജ്) അഷ്റഫ്. എം, ഐ ടിയുടെ ചുമതലയുള്ള ഹെഡ് ക്വാർട്ടേഴ്സ് അസിസ്റ്റന്റ് ഡിസ്ട്രിക്റ്റ് ഇൻഡസ്ട്രീസ് ഓഫീസർ പ്രഭകുമാർ. കെ. ജെ, രജിത. കെ. ആർ, അജാസ്. കെ. ബാവ പരിശീലനത്തിന് നേതൃത്വം നൽകി.

# തടിക്കാട് വി. എച്ച്. എസ്. എസ്-ൽ ഇ. ഡി. ക്ലബ്ബ്



തടിക്കാട് എ. കെ. എം. വി. എച്ച്. എസ്. എസിലെ ഇ. ഡി. ക്ലബിന്റെ ഉദ്ഘാടനം പത്തനാപുരം താലൂക്ക് വ്യവസായ ഓഫീസർ പ്രേംരാജ്. പി നിർവഹിച്ചു. പ്രിൻസിപ്പൽ സീന. കെ. എസ് ചടങ്ങിൽ അധ്യക്ഷയായി. ഇ. ഡി. ക്ലബ് കോ-ഓഡിനേറ്റർ അജി അലക്സ്, അഞ്ചൽ ബ്ലോക്ക് വ്യവസായ വികസന ഓഫീസർ വി. എൻ. പ്രഭാകരൻ, പുനലൂർ മുനിസിപ്പാലിറ്റി വ്യവസായ വികസന ഓഫീസർ ജിതിൻ. ജെ. എസ്, തടിക്കാട് വി. എച്ച്. എസ്. എസ്. സ്റ്റാഫ് സെക്രട്ടറി എം. എബ്രഹാം, എൻ. എസ്. എസ് കോർഡിനേറ്റർ പുഷ്പരാജൻ, സീനിയർ അസിസ്റ്റന്റ് ഷീലാ ജോർജ് പങ്കെടുത്തു. അഞ്ചൽ ബ്ലോക്ക് വ്യവസായ വികസന ഓഫീസർ വി. എൻ. പ്രഭാകരൻ ഇ. ഡി. ക്ലബ് രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് കോ-ഓഡിനേറ്റർക്ക് കൈമാറി. ജൂനിയർ അസിസ്റ്റന്റ് സുരേഷ് വിദ്യാർത്ഥികളിൽ എന്റർപ്രണുവർഷിപ്പ് കൾച്ചർ വളർത്തിയെടുക്കേണ്ടതിന്റെ ആവശ്യകതയെ സംബന്ധിച്ചും താലൂക്ക് വ്യവസായ വികസന ഓഫീസർ ഇ ഡി ക്ലബിന്റെ പ്രാധാന്യത്തെക്കുറിച്ചും വ്യവസായ വകുപ്പിന്റെ പ്രവർത്തനങ്ങളെ സംബന്ധിച്ചും വിശദീകരിച്ചു. സെൻട്രൽ സോഷ്യൽ വെൽഫയർ ബോർഡ് പ്രോജക്ട് കൗൺസിലർ സുജ അലക്സാണ്ടർ വിദ്യാർത്ഥികൾക്ക് മോട്ടിവേഷണൽ ക്ലാസ് എടുത്തു.

# ടൂറിസം സംരംഭക ശില്പശാല

ഉത്തര മലബാർ മേഖലയിലെ ടൂറിസം വ്യവസായം ശക്തിപ്പെടുത്താൻ ചെറുകിട-ഇടത്തരം സംരംഭകർക്ക് മുൻതൂക്കം കൊടുത്തുകൊണ്ട് പുത്തൻ പരിപാടികൾ ആവിഷ്കരിക്കുന്നു. സംരംഭകർക്കുള്ള അവസരങ്ങൾ കണ്ടെത്തുക, ഏകോപിപ്പിക്കുക, മാർഗനിർദ്ദേശങ്ങൾ നൽകുക മുതലായവ ഉൾകൊള്ളുന്നതാണ് പദ്ധതി. കേരളത്തിൽ ആദ്യമായാണ് ചെറുകിട- ഇടത്തരം സംരംഭകർക്ക് വേണ്ടി ടൂറിസം രംഗത്ത് ഇത്തരമൊരു പദ്ധതി. ഇതോടനുബന്ധിച്ചുള്ള പ്രാരംഭ ശില്പശാല ഡിസംബറിൽ നീലേശ്വരത്ത് നടക്കും. സംസ്ഥാന ടൂറിസം വകുപ്പിന് കീഴിലുള്ള ബേക്കൽ റിസോർട്സ് ഡവലപ്മെന്റ് കോർപറേഷൻ ലിമിറ്റഡ് (ബി. ആർ. ഡി. സി) കാസർഗോഡ് പ്രസ് ക്ലബിന്റെ സഹകരണത്തോടെയാണ് ശില്പശാല സംഘടിപ്പിക്കുന്നത്.

കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളം പ്രവർത്തനക്ഷമമാകുന്നതോടെ സംരംഭകർക്കുള്ള വിപുലമായ സാധ്യതകളാണ് ഉത്തര മലബാറിൽ പ്രതീക്ഷിക്കുന്നത്. ബേക്കൽ വരെ നീളുന്ന ദേശീയ ജലപാതയും ഈ മേഖലയ്ക്ക് ഉണർവ് പകരുന്നു. ഈ പശ്ചാത്തലത്തിൽ ഉത്തര മലബാറിലെ ടൂറിസം വികസനത്തിനും വിപണനത്തിനും വേണ്ടിയുള്ള പ്രത്യേക പദ്ധതികളും സംസ്ഥാന സർക്കാരിന്റെ പരിഗണനയിലാണ്.

ബഡ്ജറ്റ് റിസോർട്ടുകൾ, ഹോംസ്റ്റേകൾ, ഫാം ടൂറിസം, ആയുർവേദ കേന്ദ്രങ്ങൾ, ഹൗസ് ബോട്ടുകൾ, ടൂർ ഓപ്പറേഷൻസ്, ഉത്തരവാദിത്ത ടൂറിസം, തനത് കലാരൂപങ്ങൾ, കളരിപ്പയറ്റ്, യോഗ കേന്ദ്രങ്ങൾ, കരകൗശല സ്മരണികകൾ (സുവനീർ വ്യവസായം) ഇത്യാദി മേഖലകളിലെ നിക്ഷേപ- വിപണന അവസരങ്ങൾക്ക് ഊന്നൽ നൽകുന്നതാണ് ശില്പശാല. വിവിധ മേഖലകളിൽ വിജയം കണ്ടെത്തിയ സംരംഭകരും വിദഗ്ധരും പുതിയ സംരംഭകരുമായി തങ്ങളുടെ അനുഭവങ്ങൾ പങ്കുവെയ്ക്കും.

കോഴിക്കോട് ജില്ലയിലെ വടകര താലൂക്ക് മുതൽ കണ്ണൂർ, കാസർഗോഡ് ജില്ലകൾ വരെയുള്ള പ്രദേശത്ത് ടൂറിസം സംരംഭങ്ങൾ തുടങ്ങാൻ ഉദ്ദേശിക്കുന്നവർക്ക് ശില്പശാലയിൽ പങ്കെടുക്കാം. താൽപര്യമുള്ളവർ www.bekaltourism വെബ്സൈറ്റിൽ മുൻകൂട്ടി രജിസ്റ്റർ ചെയ്യണം.

# ഡിജിറ്റൽ പണമിടപാട്: സർക്കാർ സമിതി രൂപീകരിച്ചു

സർക്കാരും ജനങ്ങളും തമ്മിലുള്ള പണമിടപാടുകൾ ഡിജിറ്റൽ രൂപത്തിലാക്കുന്നതിന്റെ സാധ്യതകൾ പഠിക്കാൻ സർക്കാർ പ്രത്യേക കമ്മിറ്റി രൂപീകരിച്ചു. നീതി ആയോഗ് സി. ഇ. ഒ. അമിതാഭ് കാന്തിന്റെ നേതൃത്വത്തിലാണ് കമ്മിറ്റി.

സാമ്പത്തികരംഗത്തെ വിവിധ മേഖലകളിൽ ഡിജിറ്റൽ പേയ്മെന്റ് നടപ്പിലാക്കുന്നതിന്റെ സാധ്യതകൾ കണ്ടെത്തുന്നതോടൊപ്പം, പണരഹിത സാമ്പത്തിക സമൂഹം വളർത്തിയെടുക്കുക കൂടിയാണ് പദ്ധതിയുടെ ലക്ഷ്യം. അടിസ്ഥാന സൗകര്യങ്ങളുടെ കുറവും കമ്മിറ്റി വിലയിരുത്തും.

# കണ്ണൂർ ഗവ. എഞ്ചിനീയറിങ് കോളേജിൽ ഇൻകുബേഷൻ കേന്ദ്രം

കണ്ണൂർ ഗവ. എഞ്ചിനീയറിങ് കോളേജിൽ തൊഴിൽ സംരംഭക ആശയങ്ങൾ വാണിജ്യാടിസ്ഥാനത്തിൽ വിപുലീകരിക്കുന്നതിനും കൈമാറുന്നതിനും വേണ്ടിയുള്ള ബിസിനസ്സ് ഇൻകുബേഷൻ കം മെന്ററിങ് സെന്റർ ഇ. പി. ജയരാജൻ എം. എൽ. എ ഉദ്ഘാടനം ചെയ്തു. കേന്ദ്രത്തിന്റെ ഭാഗമായുള്ള സ്റ്റാർട്ട് അപ് മെന്ററിങ് സെന്റർ പി. കെ. ശ്രീമതി ടീച്ചർ എം. പി. വിദ്യാർത്ഥികൾക്കും നവസംരംഭകർക്കുമായി തുറന്നുകൊടുത്തു.

വിദ്യാർത്ഥികൾക്കും നവസംരംഭകർക്കും ഈ സംവിധാനത്തിലൂടെ ശാസ്ത്ര സാങ്കേതിക മികവുള്ള നവീന ആശയങ്ങൾ വാണിജ്യാടിസ്ഥാനത്തിൽ വികസിപ്പിക്കുവാൻ സാങ്കേതിക-സാമ്പത്തിക സഹായങ്ങൾ ലഭ്യമാക്കും. കേന്ദ്രസർക്കാരിന്റെ സൂക്ഷ്മ- ചെറുകിട ഇടത്തരം വ്യവസായ മന്ത്രാലയത്തിനു കീഴിലാണ് ഈ കേന്ദ്രം പ്രവർത്തിക്കുക.

സംസ്ഥാനത്ത് ഇതേ രീതിയിൽ സംവിധാനം ചെയ്ത രണ്ടാമത്തെ സാങ്കേതിക ബിസിനസ് ഇൻകുബേഷൻ സെന്റർ ആണ് കണ്ണൂരിൽ ആരംഭിച്ചത്. ടെക്നോളജി ബിസിനസ് ഇൻകുബേഷൻ വഴി വരുന്ന പുതിയ സ്റ്റാർട്ട് അപ് സംരംഭങ്ങൾക്ക് 25 ലക്ഷം രൂപ വരെ സാമ്പത്തിക സഹായം ലഭ്യമാക്കാൻ കഴിയുമെന്ന് കെ. എസ്. ഐ. ഡി. സി എം. ഡി. ബീന. എം വിശദമാക്കി. ജയിംസ് മാത്യു എം. എൽ. എ അധ്യക്ഷനായിരുന്നു. ആന്തൂർ നഗരസഭാ ചെയർപേഴ്സൺ പി. കെ. ശ്യാമള, എം. എസ്. എം. ഇ. ഡി. ഐ ഡയറക്ടർ പി. വി. വേലായുധൻ, ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ ഡി. രാജേന്ദ്രൻ, എഞ്ചിനീയറിംഗ് കോളേജ് പ്രിൻസിപ്പൽ ടി. ഡി. ജോൺ, സി. എസ്. അനുഷ (എം. എസ്. എം. ഇ. ഡി. ഐ) സംബന്ധിച്ചു.



തുടർന്ന് നടന്ന മെന്ററിങ് സെഷനിൽ പ്രമുഖ വ്യവസായ സംരംഭകർ വിവിധ വിഷയങ്ങളിൽ നവസംരംഭകരോട് സംവദിച്ചു.

# ചെറുകിട ധാതുഖനനം: പാരിസ്ഥിതികാനുമതി വേണം

അഞ്ച് ഹെക്ടറോ അതിൽ കുറവോ വിസ്തീർണമുള്ള ഭൂമിയിൽ നിന്ന് ചെറുകിട ധാതുക്കൾ ഖനനം ചെയ്യാൻ ജില്ലാ കളക്ടർ ചെയർമാനായ ജില്ലാതല പരിസ്ഥിതി ആഘാത നിർണയ അതോറിറ്റിയിൽ നിന്ന് പാരിസ്ഥിതികാനുമതി വാങ്ങണമെന്ന് വ്യവസായവകുപ്പ് അറിയിച്ചു.

ഇതിനായി കേന്ദ്രസർക്കാരിന്റെ www.environmentclearance.nic.in/deiaa.aspx വെബ്സൈറ്റിൽ സജ്ജീകരണങ്ങളൊരുക്കിയിട്ടുണ്ട്. കൂടുതൽ വിവരങ്ങൾ ജില്ലാതല വിദഗ്ധ അപ്രൈസൽ കമ്മിറ്റിയുടെ മെമ്പർ സെക്രട്ടറിയായ ജില്ലാ ജിയോളജിസ്റ്റിൽ നിന്ന് ലഭിക്കും. സംശയദൂരീകരണത്തിന് പ്രത്യേകം നിയോഗിക്കപ്പെട്ട നോഡൽ ഓഫീസറുമായി (കൃഷ്ണേന്ദു. എൻ. ആർ: 04712556119 (എക്സ്ടെൻഷൻ: 204) ഇ-മെയിൽ : dmgecinfo@gmail.com) ബന്ധപ്പെട്ട് വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്ത് ഫോറം ഐ. എം ലുള്ള അപേക്ഷയോടൊപ്പം പ്രീ ഫീസിബിലിറ്റി റിപ്പോർട്ടും മൈനിംഗ് ആന്റ് ജിയോളജി ജില്ലാ ഓഫീസിലെ ജിയോളജിസ്റ്റ് അംഗീകരിച്ച മൈനിംഗ് പ്ലാനും ജില്ലാ സർവേ റിപ്പോർട്ടും ആമുഖ കത്തും വെബ്സൈറ്റിൽ അപ്‌ലോഡ് ചെയ്യണം. യൂസർ മാന്വൽ വെബ്സൈറ്റിലുണ്ട്.

അപേക്ഷിക്കുമ്പോൾ ലഭിക്കുന്ന യൂസർ ഐ. ഡി, പാസ്‌വേഡ് എന്നിവ ഉപയോഗിച്ച് സൈറ്റ് ലോഗിൻ ചെയ്താൽ അപേക്ഷയിൽ സ്വീകരിച്ച തുടർനടപടി അറിയാം. കേന്ദ്രസർക്കാരിന്റെ വെബ്സൈറ്റുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾക്ക് monitoring-deiaa@nic.in എന്ന ഇ-മെയിലിലോ, 011-24695407 ഫോൺ നമ്പരിലോ ബന്ധപ്പെടണം. മൈനിംഗ് ആന്റ് ജിയോളജി വകുപ്പിന്റെ www.dmg.kerala.gov.in എന്ന വെബ്സൈറ്റിൽ നിന്ന് അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട ജില്ലാ സർവേ റിപ്പോർട്ട് ലഭ്യമാക്കും.

സുപ്രീം കോടതി വിധിയുടേയും കേന്ദ്ര പരിസ്ഥിതി, കാലാവസ്ഥാ വ്യതിയാന മന്ത്രാലയത്തിന്റെയും ഉത്തരവുകളുടെ വെളിച്ചത്തിൽ ക്വാറിയിങ് പെർമിറ്റിന്/ലീസിന് പാരിസ്ഥിതികാനുമതി നിർബന്ധമാക്കിയതിനാൽ നടപടിക്രമങ്ങൾ പാലിച്ച് അനുമതി നേടണമെന്ന് വ്യവസായ വകുപ്പ് അറിയിച്ചു.

# കാസർഗോഡ് നെയ്ത്ത് പരിശീലനം



നെയ്ത്ത് തൊഴിലാളികളുടെ ക്ഷേമത്തിനായി 1938 ലാണ് കാസറഗോഡ് നെയ്ത്ത് സഹകരണ സംഘം പ്രവർത്തനമാരംഭിച്ചത്. ശാലിയ സമുദായത്തിന്റെ കുലത്തൊഴിലായിരുന്നു നെയ്ത്ത്. സംഘത്തിലെ ഭൂരിപക്ഷം അംഗങ്ങളും ശാലിയ സമുദായത്തിൽപെട്ടവരായിരുന്നു. സംഘത്തിന്റെ പ്രധാന ഉല്പന്നം സാരിയും ബെഡ്ഷീറ്റുമാണ്. 1995 വരെ സംഘം നല്ല നിലയിൽ പ്രവർത്തിച്ചിരുന്നു. സംഘത്തിന് വേണ്ട വസ്തുവകകളെല്ലാം ഈ കാലയളവിൽ നേടിയിരുന്നു. ഏകദേശം 500 കുടുംബങ്ങൾ ഈ തൊഴിലിനെ ആശ്രയിച്ച് ജീവിച്ചിരുന്നു. 1995 ന് ശേഷം ആഗോളവൽകരണത്തിന്റെ ഭാഗമായി, സംഘത്തിന് സാമ്പത്തിക പ്രതിസന്ധി നേരിടേണ്ടി വന്നു. എല്ലാ തൊഴിലാളികൾക്കും മുഴുവൻ സമയം ജോലിയും, കൂലിയും കൊടുക്കാനോ, ഉണ്ടാക്കിയ ഉല്പന്നങ്ങൾ വിൽക്കാനോ സാധിക്കാതെ വന്നതിനാൽ ഉണ്ടായിരുന്ന തൊഴിലാളികൾ സംഘത്തിൽ നിന്നും കൊഴിഞ്ഞുപോകുന്നതിന് ഇടയായി. ഇതോടെ സംഘത്തിന്റെ പ്രവർത്തനം സ്തംഭനാവസ്ഥയിലായി.

ജില്ലാ സഹകരണ ബാങ്കിന്റെ കടങ്ങൾ ഉയർന്ന് ഉല്പാദനം നിലച്ചതോടെ സംഘം പൂർണമായി സ്തംഭിച്ചു. 2000 -2001 കാലഘട്ടത്തിൽ ഏതാണ്ട് അടച്ചിട്ട സ്ഥിതിയിലായിരുന്ന സംഘത്തെ ജില്ലാ വ്യവസായകേന്ദ്രവും, സംഘം ഭരണസമിതിയും ചേർന്ന് പുനരുജ്ജീവിപ്പിക്കാൻ ശ്രമം തുടങ്ങി. 2003 ൽ വെറും അഞ്ച് തറികളോടെ പ്രവർത്തനം പുനരാരംഭിച്ച സംഘം പിന്നീടങ്ങോട്ട് തറികളുടെ എണ്ണം വർദ്ധിപ്പിക്കുകയും മുമ്പുണ്ടായിരുന്ന മുഴുവൻ തൊഴിലാളികളെയും ജോലിയിലേയ്ക്ക് വീണ്ടും ക്ഷണിക്കുകയും ചെയ്തെങ്കിലും ഭൂരിഭാഗം നെയ്ത്തുകാരും ഈ മേഖല ഉപേക്ഷിക്കുകയാണ് ചെയ്തത്.





ഇന്ന് പുതിയ തലമുറ കൈത്തറി രംഗത്തേയ്ക്ക് കടന്നുവരുന്നില്ല. പഴയ തലമുറയിലുള്ള ആളുകൾ മാത്രമാണ് ഇപ്പോഴും നെയ്യുന്നത്. അതുകൊണ്ടുതന്നെ പുതിയ ടെക്നോളജി പഠിക്കുവാനും സാരിയിൽ തന്നെ വൈവിധ്യമാർന്ന ഉല്പന്നങ്ങൾ നിർമിക്കുന്നതിനും സംഘത്തിന് കഴിയുന്നില്ല. സംഘത്തിന്റെ ഉല്പന്നമായ കാസറഗോഡ് സാരിക്ക് പ്രിയമേറുകയും ആവശ്യക്കാർ വർദ്ധിക്കുകയും ചെയ്തതോടെ വേണ്ടത്ര ഉല്പന്നം ഉൽപാദിപ്പിക്കാൻ സാധിക്കാതെ വന്നു. ഇതിന് പ്രധാന കാരണം തൊഴിലാളി ക്ഷാമമായതുകൊണ്ട് തൊഴിലാളികളെ കണ്ടെത്താൻ പുതിയ മാർഗം തേടേണ്ടിവന്നു. സർക്കാരിന്റെ സാമ്പത്തിക സഹായത്തോടെ പുതുതലമുറയ്ക്ക് നെയ്ത്തുജോലിയിൽ പരിശീലനം നൽകി. അവരെ ഈ മേഖലയിലേയ്ക്ക് കൊണ്ടുവരാനുള്ള ശ്രമം ആരംഭിച്ചു. ഇതിനിടയിൽ കാസറഗോഡ് സാരിക്ക് ഭൗമസൂചിക അംഗീകാരം കൂടി ലഭിച്ചതോടെ ആവശ്യക്കാർ വീണ്ടും വർദ്ധിച്ചു. സർക്കാർ സാമ്പത്തിക സഹായത്തോടെ 2013-14, 2014-15,2015-16 കാലയളവിൽ 30 പേർക്ക് പരിശീലനം നൽകുകയുണ്ടായി.

2015-16 സാമ്പത്തിക വർഷം സർക്കാരിൽ നിന്ന് 10,05,000/- രൂപ സാമ്പത്തികസഹായം ആറ് മാസ പരിശീലന പരിപാടിക്ക് ലഭിച്ചു. ആറ് മാസം 20 പരിശീലനാർത്ഥികൾക്ക് നൽകിയ ട്രെയിനിംഗ് എല്ലാവരും വിജയകരമായി പൂർത്തിയാക്കി. ഇവരിൽ ഭൂരിഭാഗവും ഇവിടെ നെയ്ത്ത് അനുബന്ധ തൊഴിലാളികളായി തുടരുന്നു.

കഴിഞ്ഞ ആറ് മാസമായി നടന്നുവരുന്ന പരിശീലന പരിപാടിയുടെ സമാപനം മധൂർ ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് കെ. ദിവാകര ഉദ്ഘാടനം ചെയ്തു. സംഘം പ്രസിഡന്റ് മാധവ ഹെരള അധ്യക്ഷനായി. വാർഡ് കൗൺസിലർ അസ്മിനാസ് ഹബീബ്. എസ് സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു. ജില്ലാ വ്യവസായകേന്ദ്രം ജനറൽ മാനേജർ ഡി. രാജേന്ദ്രൻ, ഡപ്യൂട്ടി രജിസ്ട്രാർ ഓമന നൈനാൻ, മാനേജർ പ്രദീപ് കുമാർ സംബന്ധിച്ചു.

# 422 കയർസംഘങ്ങൾക്ക് 4.85 കോടി അനുവദിച്ചു

കയർ സഹകരണ സംഘങ്ങൾക്കുള്ള ആനുകൂല്യങ്ങൾ, കയർ തൊഴിലാളികൾക്കുള്ള വർദ്ധിപ്പിച്ച പെൻഷൻ കുടിശ്ശിക എന്നിവയുടെ വിതരണം, കയർ കോർപറേഷന്റെ ഓണം വിൽപന, കയർ ഫെഡിന്റെ ഓണക്കാല പദ്ധതി പ്രഖ്യാപനം തുടങ്ങിയവ ധനകാര്യ-കയർ വകുപ്പ് മന്ത്രി ഡോ. ടി. എം. തോമസ് ഐസക് ഉദ്ഘാടനം ചെയ്തു. ഇന്ത്യൻ കയർ വ്യവസായത്തിന്റെ തലസ്ഥാനമായ ആലപ്പുഴയിൽ നടന്ന പരിപാടിയിൽ അപ്പക്സ് ബോഡിയോഗം വൈസ് ചെയർമാൻ ആനത്തലവട്ടം ആനന്ദൻ അധ്യക്ഷനായിരുന്നു.





കയർ വ്യവസായത്തിന്റെ വികസനത്തിനായി സംസ്ഥാന കയർ വികസന വകുപ്പ് നേരിട്ടും വിവിധ പൊതുമേഖലാ സ്ഥാപനങ്ങളായ സ്റ്റേറ്റ് കയർ കോർപറേഷൻ, കയർ ഫെഡ്, ഫോം മാറ്റിംഗ്സ്, കയർ മെഷീൻ നിർമാണ ഫാക്ടറി, കയർ തൊഴിലാളി ക്ഷേമനിധി ബോർഡ് എന്നിവ മുഖേനയും വിവിധ പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. ഇവയിൽ സുപ്രധാനമായ ഒരു പദ്ധതിയാണ് ഉത്പാദന-വിപണന പ്രോത്സാഹനപദ്ധതി. കയർ സഹകരണ സംഘങ്ങളുടെ കഴിഞ്ഞ വർഷത്തെ ഉത്പാദനത്തിന്റെയും, വിൽപനയുടെയും 10% തുക പ്രോത്സാഹനമായി നൽകുന്ന ഈ പദ്ധതിയിൽ കുടിശികകളടക്കം 422 സംഘങ്ങൾക്കായി 4.85 കോടി രൂപ അനുവദിച്ചിരുന്നു. ഇവയിൽ ആലപ്പുഴ, കായംകുളം, വൈക്കം, ചിറയിൻകീഴ്, നോർത്ത് പറവൂർ എന്നീ പ്രോജക്ടുകളിലെ സംഘങ്ങൾക്കുള്ള ചെക്കുകൾ മന്ത്രി നേരിട്ട് വിതരണം ചെയ്തു. വിപണന വികസന സഹായം (എം. ഡി. എ) അടിസ്ഥാന സൗകര്യ വികസന പരിപാടി, കയർ തൊഴിലാളികൾക്കുള്ള കൂലി വിഹിതം നൽകുന്ന വരുമാന സഹായ പദ്ധതി (ഇൻകം സപ്പോർട്ട് സ്കീം) തൊണ്ടു സംഭരണ പ്രോത്സാഹന പദ്ധതി, ചകിരി ഉൽപാദന സബ്സിഡി, സഹകരണ സംഘങ്ങൾക്കുള്ള സർക്കാർ ഓഹരി പങ്കാളിത്തം, കയർ വ്യവസായത്തിന്റെ നിയന്ത്രിത യന്ത്രവൽകരണം, വിലനിയന്ത്രണ ഫണ്ട് എന്നീ പദ്ധതികളും വിവിധ കയർ പ്രോജക്ടുകൾ മുഖേന നടപ്പിലാക്കുന്നുണ്ട്.

കേരളത്തിലെ പരമ്പരാഗത വ്യവസായങ്ങളിൽ കയറിന് ഒന്നാം സ്ഥാനമാണുള്ളത്. ലക്ഷക്കണക്കിന് മലയാളികൾക്ക് തൊഴിൽ നൽകുന്നതും രാജ്യത്തിന് ഏറെ വിദേശനാണ്യം നേടിത്തരുന്നതുമായ മേഖലയാണിത്. തൊഴിലാളികളിൽ 80% ഉം സ്ത്രീകളാണെന്നുള്ളത് സ്ത്രീശാക്തീകരണത്തിൽ കയർ വ്യവസായത്തിനുള്ള പങ്കും വ്യക്തമാക്കുന്നുണ്ട്. കയർ വ്യവസായത്തിനായി 2016–17 ൽ 232 കോടി വകയിരുത്തുകയുണ്ടായി.

ഓണത്തോടനുബന്ധിച്ച് സംസ്ഥാനത്തെ 65974 പെൻഷൻകാർക്ക് 2016 ഏപ്രിൽ മുതൽ ഒക്ടോബർ വരെയുള്ള പെൻഷൻ കുടിശിക നൽകുന്നതിന് 43 കോടി രൂപ ഗവണ്മെന്റ് കയർ തൊഴിലാളി ക്ഷേമനിധി ബോർഡിന് അനുവദിച്ചു. 2016 ഏപ്രിൽ, മെയ് മാസങ്ങളിൽ പഴയ നിരക്കായി 600/- രൂപ വീതവും ഒക്ടോബർ വരെയുള്ള പെൻഷൻ 1000/- രൂപ പ്രകാരവും കുറഞ്ഞത് 6200/- രൂപ വീതം ലഭ്യമാക്കി. വർദ്ധിപ്പിച്ച നിരക്കിലുള്ള കയർ തൊഴിലാളി പെൻഷൻ വിതരണ

# കരകൗശലമേള: തൊഴിലാളികൾക്ക് പങ്കെടുക്കാം

സംസ്ഥാന കരകൗശല വികസന കോർപറേഷന്റെ കേന്ദ്ര വിപണനസ്ഥാപനമായ എസ്. എം. എസ്. എം. ഇൻസ്റ്റിറ്റ്യൂട്ടിൽ ക്രിസ്തുമസ് പുതുവത്സരത്തോടനുബന്ധിച്ച് നടത്തുന്ന വിപണനമേളയിൽ കേരളത്തിലെയും മറ്റ് സംസ്ഥാനങ്ങളിലെയും കരകൗശല/അനുബന്ധ മേഖലയിലുള്ള തൊഴിലാളികളുടെ വിവിധ ഉത്പന്നങ്ങൾ ഉൾപ്പെടുത്തും. താത്പര്യമുള്ളവർ കോർപറേഷനുമായി ബന്ധപ്പെടണമെന്ന് ജനറൽ മാനേജർ (മാർക്കറ്റിംഗ്) അറിയിച്ചു. ഫോൺ: 0471-2330298/ 7736566362/ 9895510207 ഇ. മെയിൽ: smsminstitute@gmail.com

# പ്ലാസ്റ്റിക് മാനുഫാക്ചറിങ് ടെക്നോളജി പരിശീലനം




ചങ്ങനാശ്ശേരി സി. എഫ്. എസ്. സി പ്ലാസ്റ്റിക് പ്രൊഡക്ട് മാനുഫാക്ചറിങ് ആന്റ് റീ സൈക്ലിങ് ടെക്നോളജി എന്ന വിഷയത്തിൽ നാലു ദിവസത്തെ പ്രായോഗിക പരിശീലന പരിപാടി സംഘടിപ്പിച്ചു. സി. എഫ്. എസ്. സി. ഡെപ്യൂട്ടി ഡയറക്ടർ നജീബ് പി. എ. പരിപാടി ഉദ്ഘാടനം ചെയ്തു. സി. എഫ്. എസ്. സി. യിലെ അസിസ്റ്റന്റ് ഡയറക്ടർ (പ്ലാസ്റ്റിക്) പ്രശാന്ത്. കെ അധ്യക്ഷനായിരുന്നു. അസിസ്റ്റന്റ് ഡയറക്ടർ (ട്രെയിനിംഗ്) പരമേശ്വരൻ. വി, ഓഫീസ് മാനേജർ ജയ്മോൾ. കെ. വി പങ്കെടുത്തു.

കണ്ണൂർ മുതൽ തിരുവനന്തപുരം വരെയുള്ള ജില്ലകളിൽ നിന്ന് 21 സംരംഭകർ പരിപാടിയിൽ പങ്കെടുത്തു. സി. എഫ് എസ്. സി. യിലെ അസിസ്റ്റന്റ് ഡയറക്ടർ (പ്ലാസ്റ്റിക്) പ്രശാന്ത് തിയറി, പ്രാക്ടിക്കൽ സെഷനുകൾ നയിച്ചു. സി. കെ. ബാബു, ടെക്നിക്കൽ അഡ്വൈസറി മെമ്പർ, കേരള ശുചിത്വ മിഷൻ കണ്ണൂർ, പ്ലാസ്റ്റിക് വേസ്റ്റ് ഡിസ്പോസൽ & റീസൈക്ലിങ് വിഷയത്തിൽ വിദഗ്ദ്ധ പരിശീലനം നൽകി. സി. എഫ്. എസ്. സി. യിൽ തന്നെ നടത്തിയ തിയറി, പ്രാക്ടിക്കൽ ക്ലാസ്സുകൾക്കുപരി വ്യാവസായിക പരിശീലനത്തിനായി ഉദ്യോഗാർത്ഥികളെ കുന്നന്താനം ഇൻഡസ്ട്രിയൽ എസ്റ്റേറ്റിലെ പ്ലാസ്റ്റിക് പെല്ലെറ്റൈസിംഗ് പ്ലാന്റ്, പ്ലാസ്റ്റിക് ഷ്റെഡിംഗ്/ഗ്രൈന്റിംഗ് പ്ലാന്റ്/ പ്ലാസ്റ്റിക് ഇൻജെക്ഷൻ മോൾഡിംഗ്, പ്ലാസ്റ്റിക് എക്സ്ട്രൂഷൻ, എക്സ്ട്രൂഷൻ ബ്ളോ മോൾഡിംഗ്, പെറ്റ് ബ്ളോ മോൾഡിംഗ് യൂണിറ്റുകളിൽ കൊണ്ടുപോയിരുന്നു.

സമാപനസമ്മേളനം കോട്ടയം ജില്ലാ വ്യവസായകേന്ദ്രം ജനറൽ മാനേജർ റ്റി. ഷാജി ഉദ്ഘാടനം ചെയ്തു. അനുദിനം അതിവേഗം വികസിച്ചു കൊണ്ടിരിക്കുന്ന പ്ലാസ്റ്റിക് വ്യവസായത്തിനും റീസൈക്ലിങ് രംഗത്തിനും പരിപാടി മുതൽക്കൂട്ടാണ്.

ത്തിന്റെ സംസ്ഥാനതല ഉദ്ഘാടനവും മന്ത്രി ഡോ. ടി. എം. തോമസ് ഐസക് നിർവഹിച്ചു.

കയർഫെഡിന്റെ ഗോഡൗണിൽ കെട്ടിക്കിടക്കുന്ന 27,000/- ക്വിന്റൽ കയറിന് 20 മുതൽ 50% വരെ കേരള സർക്കാരിന്റെ പ്രൈസ് ഫ്ളക്ച്ചുവേഷൻ ഫണ്ടിൽ ഉൾപ്പെടുത്തി ഡിസ്കൗണ്ട് നൽകി വിവിധതരം കയറിനങ്ങൾ വിൽപന നടത്തുന്നുണ്ട്. തൊഴിലാളികളുടെ ഉൽപാദനക്ഷമത യന്ത്രവൽകരണത്തിലൂടെ വർദ്ധിപ്പിക്കുന്നതിന് സർക്കാർ വിവിധ പദ്ധതികൾ വിഭാവന ചെയ്തിട്ടുണ്ട്. കയർ ഉല്പന്ന മേഖലയിലെ കൊടിയ വിപത്തായിരുന്ന ഡിപ്പോ സമ്പ്രദായത്തിൽ നിന്നും കയർ തൊഴിലാളികളേയും ചെറുകിട ഉൽപാദകരെയും മോചിപ്പിക്കുന്നതിനായി സർക്കാർ ആവിഷ്കരിച്ച പർച്ചേസ് പ്രൈസ് സ്റ്റെബിലൈസേഷൻ സ്കീം പ്രകാരം സംഭരിച്ച കോടിക്കണക്കിനു രൂപ വില വരുന്ന കയർ ഉൽപന്നങ്ങൾ പരമാവധി ഡിസ്കൗണ്ട് നൽകി വിൽപന നടത്താൻ മന്ത്രി നിർദ്ദേശം നൽകി. കൂടാതെ സംഘങ്ങളിൽ കെട്ടിക്കിടക്കുന്ന കയർ ഉല്പന്നങ്ങൾ സംഭരിക്കുന്നതിന് നടപടി ആരംഭിച്ചു. ഉൽപാദക സംഘങ്ങൾക്ക് പൊതുമേഖലാ സ്ഥാപനങ്ങൾ നൽകുന്ന എം. ഡി. എ യുടെ വിതരണ ഉദ്ഘാടനവും മന്ത്രി നിർവഹിച്ചു.

കയർ വികസന ഡയറക്ടർ എൻ. പത്മകുമാർ റിപ്പോർട്ട് അവതരിപ്പിച്ചു. ആർ. നാസർ (ചെയർമാൻ, കയർ കോർപറേഷൻ), കെ. പ്രസാദ് (ചെയർമാൻ, കയർ മെഷിനറി മാനുഫാക്ചറിംഗ് യൂണിറ്റ്), കെ. ഗണേഷ് (ചെയർമാൻ, കയർ തൊഴിലാളി ക്ഷേമനിധി ബോർഡ്), കെ. ആർ. ഭഗീരഥൻ (ചെയർമാൻ, ഫോം മാറ്റിംഗ്സ് ഇന്ത്യ ലിമിറ്റഡ്) കയർ പ്രോജക്ട് ഓഫീസർ കെ. എം. ഇന്ദിര സംബന്ധിച്ചു.



## അന്താരാഷ്ട്ര വ്യാപാര മേള: കേരളത്തിന് സ്വർണം

ന്യൂഡൽഹിയിൽ നടന്ന 36-ാമത് ഭാരതീയ അന്താരാഷ്ട്ര വ്യാപാരമേളയിൽ കേരളത്തിന് സ്വർണം. തുടർച്ചയായി രണ്ടാം തവണയാണ് കേരളത്തിന് സ്വർണം ലഭിക്കുന്നത്. ഡൽഹിയിൽ നടന്ന ചടങ്ങിൽ പി. ആർ. ഡി. ഡയറക്ടർ ഡോ. കെ. അമ്പാടി സ്വർണമെഡൽ ഏറ്റുവാങ്ങി.

## അസാപും എച്ച്. എം. ടി യും ധാരണാപത്രം ഒപ്പുവച്ചു

കേരള നൈപുണ്യ വികസന പദ്ധതിയുടെ കീഴിലുള്ള അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാമും (അസാപ്), എച്ച്. എം. ടി യും വിദ്യാർത്ഥികളുടെ നൈപുണ്യ വികസനത്തിനായി കൈകോർക്കുന്നു. ആദ്യഘട്ടത്തിൽ ക്യാപിറ്റൽ ഗുഡ്സ് മേഖലയിൽ വരുന്ന സി. എൻ. സി. ഓപ്പറേറ്റർ- ടർണിങ് തുടങ്ങിയ സ്കിൽ കോഴ്സുകൾ കേരളത്തിലെ ഹയർ സെക്കണ്ടറി, കോളേജ് വിദ്യാർത്ഥികൾക്ക് നൽകാനാണ് ധാരണയായത്.

അസാപ് സി. ഇ. ഒ ഡോ. റെജു എം. ടി യും, എച്ച്. എം. ടി. (ഇന്റർനാഷണൽ) ചെയർമാനും, എം. ഡി. യുമായ എസ്. ഗിരീഷ് കുമാറും അസാപ് ഓഫീസിൽ നടന്ന ചടങ്ങിൽ ധാരണാപത്രത്തിൽ ഒപ്പുവച്ചു.

## കെ-വാറ്റിസ് പദ്ധതിക്ക് ഭരണാനുമതി

വാണിജ്യ നികുതി വകുപ്പിൽ കെ-വാറ്റിസ് ഇ- ഗവേണൻസ് അടിസ്ഥാന സൗകര്യ വികസന പദ്ധതി നടപ്പിലാക്കുന്നതിന് 16,91,61,198 കോടി രൂപയുടെ ഭരണാനുമതി നൽകി ഉത്തരവായി.

## കാസറഗോഡ് കൈത്തറി മേള



കൈത്തറി വസ്ത്ര ഡയറക്ടറേറ്റും ജില്ലാ വ്യവസായകേന്ദ്രവും, കാസറഗോഡ് കൈത്തറി വികസന സമിതിയും ചേർന്ന് കാഞ്ഞങ്ങാട് നിത്യാനന്ദ ബിൽഡിംഗിൽ കൈത്തറി വസ്ത്ര പ്രദർശന വിപണനമേള സംഘടിപ്പിച്ചു. നഗര സഭാ ചെയർമാൻ വി. വി. രമേശൻ ഉദ്ഘാടനം ചെയ്തു. ജില്ലാ വ്യവസായകേന്ദ്രം ജനറൽ മാനേജർ ഡി. രാജേന്ദ്രൻ അധ്യക്ഷനായിരുന്നു.

ജില്ലയിലെ കൈത്തറി സംഘങ്ങളായ കാസറഗോഡ് സാരീസ്, രാം നഗർ, തൃക്കരിപ്പൂർ, മാണിയാട്ട്, നീലേശ്വരം, കളനാട്, ഉദുമ, പെർള എന്നിവ ഉല്പാദിപ്പിച്ച വിവിധയിനം തുണിത്തരങ്ങൾ മേളയിൽ വിൽപന നടത്തി. ഇന്ത്യാ ഗവൺമെന്റിന്റെ ഭൗമസൂചിക പദവി ലഭിച്ച കാസറഗോഡ് സാരി മേളയുടെ മുഖ്യ ആകർഷണമായിരുന്നു. മേളയിൽ ഓരോ 1000 രൂപയുടെ പർച്ചേസിനും നറുക്കെടുപ്പിലൂടെ 1000 രൂപ വിലയുള്ള കൈത്തറി ഉല്പന്നങ്ങൾ സമ്മാനമായി നൽകി.



കെ. കെ. ജയകുമാർ

# എ. ടി. എം തട്ടിപ്പ്
## സത്യവും മിഥ്യയും

ഒരു ഇടപാടുകാരൻ ബാങ്കിലെത്തി പണം പിൻവലിച്ചാൽ ബാങ്കിന് 40 രൂപയോളം ചെലവ് വരും. അയാൾ ബാങ്കിലെത്തി സ്ലിപ് എഴുതി കൗണ്ടറിൽ കൊടുക്കണം. സ്ലിപ് വാങ്ങി ഇനിഷ്യൽ ചെയ്തശേഷം ടോക്കൺ നൽകണം. സ്ലിപിലെ വിവരങ്ങൾ രജിസ്റ്ററിലും കമ്പ്യൂട്ടറിലും രേഖപ്പെടുത്തണം. കിട്ടിയ ടോക്കണുമായി ഇടപാടുകാരൻ കാഷ് കൗണ്ടറിൽ എത്തുമ്പോൾ കാഷ്യർ പണം എണ്ണി നൽകണം. ഒരാൾ ബാങ്കിൽ നേരിട്ടെത്തി പണം പിൻവലിക്കുമ്പോൾ ബാങ്കിലെ നാലു പേരെങ്കിലും മിനിറ്റുകളോളം ജോലി ചെയ്യണം. ഇതിനു വേണ്ടി വരുന്ന മനുഷ്യാധ്വാനം, കറണ്ട് ചെലവ്, പേപ്പർ ചെലവ് തുടങ്ങിയവ കണക്കാക്കിയാണ് പ്രതി ഇടപാടിന് 40 രൂപയെന്ന ഏകദേശ കണക്കിൽ ബാങ്കുകൾ എത്തിയത്. 100 പേർ വന്നാൽ ചെലവ് 4000 രൂപ. 25 പ്രവൃത്തിദിനങ്ങളിൽ പ്രതിദിനം ഇത്രയും പേർ വന്നാൽ ചെലവ് ഒരു ലക്ഷം രൂപ. അതുകൊണ്ട് ആളുകൾ ബാങ്കിലേയ്ക്ക് വരുന്നത് പരമാവധി നിരുത്സാഹപ്പെടുത്തുക. ലാഭം കൂട്ടാൻ ബാങ്കുകൾ ഇതിനായി കൂട്ടായ തീരുമാനം എടുത്തു. എനിടൈം മണി എന്ന എ. ടി. എം മെഷീൻ കൊണ്ടുവരുന്നത് അങ്ങനെയാണ്. പണം പിൻവലിക്കാൻ ഇനി ബാങ്കു ശാഖയിലേയ്ക്ക് ആരും വരേണ്ട. ഇതിനായി എ. ടി. എം സേവനം സൗജന്യമായി നൽകി. 40,000 രൂപയിൽ താഴെയുള്ള തുക പിൻവലിക്കാൻ ബാങ്കിലെത്തിയാൽ അവിടെയിരിക്കുന്നവർ നിങ്ങളെ നോക്കി കണ്ണുരുട്ടും. പണം പിൻവലിക്കാൻ ആളുകൾ ബാങ്കിലേയ്ക്ക് വരാതായി. എന്നിട്ടും ലാഭം കൂടിയില്ല. അപ്പോൾ പണം അടയ്ക്കാനായി ബാങ്കിലേയ്ക്ക് വരുന്നവരെ ഓടിക്കാനായി ശ്രമം. കാഷ് ഡെപ്പോസിറ്റ് മെഷീൻ കൊണ്ടുവന്നത് അങ്ങനെയാണ്. എന്നിട്ടും ലാഭം മാത്രം കൂടിയില്ല. അതോടെ എ. ടി. എം സൗജന്യ സേവനം പരിമിതപ്പെടുത്തി. ഒരു മാസം അഞ്ച് ഇടപാടുകളിൽ കൂടുതൽ നടത്തിയാൽ ഒരു ഇടപാടിന് 20 രൂപ വീതം ഈടാക്കാൻ തുടങ്ങി. ഒരു മാസം 10 ഇടപാട് എ. ടി. എം ൽ കൂടി നടത്തിയാൽ ഒരു ബിരിയാണി കഴിക്കാനുള്ള കാശ് ബാങ്ക് എടുക്കും. ആരും ഇതൊന്നും അറിഞ്ഞില്ല. എ. ടി. എം നടത്തിപ്പ് ബാങ്കുകൾക്ക് ചെലവേറിയതായിത്തുടങ്ങി. ഇതിനെച്ചൊല്ലി വശംകെട്ടിരിക്കേയാണ് എ. ടി. എം തട്ടിപ്പ് എന്ന പുതിയ പൊല്ലാപ്പും ഉണ്ടായിരിക്കുന്നത്. ഇനി കൂടുതൽ സുരക്ഷാ സൗകര്യങ്ങൾ എ. ടി. എം മെഷീനിലും എ. ടി. എം. കാർഡിലും ഏർപെടുത്തേണ്ടി വരും. ഓരോ എ. ടി. എമ്മിനു മുന്നിലും കാവൽ ഏർപ്പെടുത്തേണ്ടിവരും. ഇതിനെല്ലാം വേണ്ടി വരുന്ന ചെലവ് കസ്റ്റമേഴ്സ് തന്നെ നൽകേണ്ടി വരും. എ. ടി. എം. ഇടപാട് ചെലവേറിയതാക്കുന്ന രീതിയിലേയ്ക്കാണ് ഇപ്പോഴത്തെ തട്ടിപ്പ് സംഭവത്തിന്റെ പരിണാമഗുപ്തി.

### ബാങ്കിന് ഒന്നും നഷ്ടപ്പെടരുത്

എ. ടി. എം വഴി ബാങ്കിന് പണം നഷ്ടപ്പെടുന്ന സാഹചര്യം ഏതാനും വർഷങ്ങൾക്കു മുമ്പ് വരെയുണ്ടായിരുന്നു. സൂക്ഷ്മ നിരീക്ഷണത്തിലൂടെ ബാങ്കുകൾ അത് കണ്ടുപിടിച്ച്

## പണം ചോരാതിരിക്കാനുള്ള വഴികൾ

1. നിങ്ങളുടെ വ്യക്തിഗത വിവരങ്ങൾ കിട്ടിയിട്ടുള്ള ആൾക്ക് അതുപയോഗിച്ച് ഊഹിച്ചെടുക്കാവുന്ന സംഖ്യ പിൻ നമ്പരായി ഉപയോഗിക്കരുത്. ഉദാഹരണത്തിന് ജനനത്തീയതി, കാർഡിന്റെ അവസാനത്തെ നാലക്കങ്ങൾ, വണ്ടിയുടെ നമ്പർ, ബാങ്ക് അക്കൗണ്ടിന്റെ ആദ്യത്തെയോ അവസാനത്തെയോ നമ്പരുകൾ, നിങ്ങൾക്കു മാത്രം ഓർത്തെടുക്കാൻ കഴിയുന്ന ഏതെങ്കിലും നമ്പരുകൾ പിൻ നമ്പരായി ഉപയോഗിക്കുക.
2. മാസത്തിൽ ഒരിക്കലെങ്കിലും പിൻ നമ്പർ മാറ്റുക. പണം പിൻവലിക്കുന്നതുപോലെ അനായാസമാണ് എ. ടി. എം. മെഷീനിൽ പിൻ മാറ്റാൻ.
3. മറന്നുപോകുമെന്ന് കരുതി പിൻ നമ്പർ കുറിച്ചു വയ്ക്കുന്നതിൽ തെറ്റില്ല പക്ഷെ അത് എ. ടി. എം കാർഡിൽ തന്നെ കുറിച്ചു വെച്ചാലോ. അല്ലെങ്കിൽ ഒരു കടലാസിൽ എഴുതി കാർഡിൽ പേഴ്സിൽ സൂക്ഷിച്ചു വച്ചാലോ.അത്തരം അബദ്ധങ്ങൾ ചെയ്യരുത്.




4. എ. ടി. എം വഴി പണം പിൻവലിക്കുമ്പോൾ സ്കിമ്മറുടേയോ വ്യാജ ക്യാമറയുടേയോ തട്ടിപ്പുകാരുടേയൊ സാന്നിദ്ധ്യം ഉണ്ടെന്ന് നിങ്ങൾ സംശയിച്ചാൽ പരിഭ്രാന്തരാകേണ്ട. മറ്റൊരു എ. ടി. എം കൗണ്ടറിൽ കയറി നിങ്ങളുടെ പിൻ നമ്പർ മാറ്റുക.
5. പണം കിട്ടാതെ വരുമ്പോൾ ആവർത്തിച്ച് ആവർത്തിച്ച് ശ്രമിക്കാതിരിക്കുക. തൊട്ടടുത്ത മറ്റൊരു മെഷീൻ ഉപയോഗിക്കുക.
6. നിങ്ങളുടെ കാർഡ് നമ്പർ, പിൻ നമ്പർ എന്നിവ ഏറ്റവും രഹസ്യമായി നിങ്ങൾ തന്നെ സൂക്ഷിക്കേണ്ടതാണ്. ഒരിക്കലും നിങ്ങളുടെ ബാങ്ക് അത് നേരിട്ടോ ഫോൺ വഴിയൊ ഇ മെയിൽ വഴിയോ അതെത്രയാണ് എന്ന് അന്വേഷിക്കില്ല. അത്തരം കാര്യങ്ങൾ ആരെങ്കിലും നിങ്ങളോട് അന്വേഷിച്ചാൽ ഓർക്കുക അത് തട്ടിപ്പ് നടത്താൻ വേണ്ടിമാത്രം ആയിരിക്കും.
7. ഓൺലൈൻ ബാങ്ക് ഇടപാട് നെറ്റ് കഫേകൾ വഴി നടത്തരുത്.

ആ പഴുത് അടച്ചു. ഈ സൂക്ഷ്മ ബുദ്ധിയുടെ ചെറിയ ഒരു അംശം കാണിച്ചിരുന്നു എങ്കിൽ എ. ടി. എം കസ്റ്റമേഴ്സിന്റെ പണം നഷ്ടപ്പെടുന്നത് തടയാമായിരുന്നു. ആ കഥ ഇങ്ങനെയാണ്. നേരത്തെ എ. ടി. എം വഴി പണം പിൻവലിച്ചശേഷം ആ പണം മെഷീനിൽ നിന്ന് എടുത്തില്ലെങ്കിൽ അൽപസമയം കഴിയുമ്പോൾ പണം മെഷീനിലേയ്ക്ക് തിരികെപ്പോകും. ഇങ്ങനെ തിരികെ പോകുന്ന പണം അക്കൗണ്ടിലേയ്ക്ക് വരവു വെയ്ക്കുകയും ചെയ്യും. അതായത് പണം പിൻവലിച്ചശേഷം അതെടുക്കാൻ ഇടപാടുകാരൻ മറന്നുപോയാലും അയാൾക്ക് പണം നഷ്ടപ്പെട്ടില്ല. അടുത്തയാൾ എ. ടി. എമ്മിലേയ്ക്ക് കയറും മുമ്പ് പണം തനിയേ മെഷീനിലേയ്ക്ക് തിരികെപ്പോകും. അയാളുടെ അക്കൗണ്ടിലേയ്ക്ക് വരവ് ആകുകയും ചെയ്യും. മെഷീൻ സ്വയം തനിയെ എണ്ണി കൃത്യമാക്കിയശേഷമാണ് പണം പുറത്തേയ്ക്ക് വിടുന്നത്. എന്നാൽ പണം തിരികെ മെഷീനിലേയ്ക്ക് പോകുമ്പോഴും തിരിച്ച് അക്കൗണ്ടിലേയ്ക്ക് പണം വരവ് വെക്കുമ്പോഴും മെഷീൻ അത് എണ്ണുന്നില്ല. ഇക്കാര്യം മനസിലാക്കിയ വിരുതന്മാർ അത് മുതലാക്കി. അവർ 10,000 രൂപ പിൻവലിക്കും. എന്നിട്ട് മെഷീനിൽ നിന്നുവരുന്ന പണത്തിൽ നിന്ന് ആവശ്യമുള്ള പണം മാത്രം എടുക്കും. ബാക്കി പണം മെഷീനിൽ തന്നെ ഇരിക്കും. അൽപസമയം കഴിയുമ്പോൾ പണം തിരികെപ്പോകുകയും 10,000 രൂപയും അക്കൗണ്ടിൽ വരവ് വെക്കുകയും ചെയ്യും. അതായത് 10,000 രൂപ പിൻവലിച്ചശേഷം അതിൽ നിന്ന് 8,000 രൂപ

8. കഴിയുന്നതും ബാങ്കിനോട് ചേർന്ന എ. ടി. എമ്മുകൾ ഉപയോഗിക്കുക. വിജനമായ സ്ഥലത്തുള്ള എ. ടി. എമ്മുകൾ ഒഴിവാക്കുക.
9. യാത്ര പോകുമ്പോൾ പണം തീർന്ന് എ. ടി. എം കൗണ്ടർ അന്വേഷിച്ച് അലയുന്നത് ഒഴിവാക്കുക. പണത്തിന്റെ ചെലവ് കൃത്യമായി പ്ലാൻ ചെയ്യുക.
10. പണം പിൻവലിക്കുമ്പോൾ ലഭിക്കുന്ന സ്ലിപ് ചുരുട്ടിക്കൂട്ടി അവിടെത്തന്നെ ഇടാനുള്ളതല്ല. നിങ്ങളുടെ ഒട്ടേറെ വിവരങ്ങൾ അതിലുണ്ട്. അത് സൂക്ഷിച്ചു വയ്ക്കുക. ഇടപാട് സംബന്ധിച്ച് എന്തെങ്കിലും പരാതി ഉണ്ടായാൽ ഈ സ്ലിപ് ഒരു തെളിവായി ഉപയോഗിക്കാം.
11. ഷോപ്പിങ് മാളുകളിലെ എ. ടി. എം കൗണ്ടറുകൾ കഴിയുന്നതും ഒഴിവാക്കുക. ഷോപ്പിങ്ങിനു പോകുമ്പോഴേ മറ്റേതെങ്കിലും മെഷീനിൽ നിന്ന് പണം പിൻവലിച്ചുകൊണ്ടു പോകുക.
12. എല്ലാ എ. ടി. എം കാർഡുകളും ഡെബിറ്റ് കാർഡ് ആയി ഉപയോഗിക്കാവുന്നതാണ്. അതുകൊണ്ട് ഷോപ്പിങ്ങ് നടത്തുമ്പോൾ പണത്തിനു പകരം ഈ കാർഡ് നൽകിയാൽ മതി.
13. ഷോപ്പുകളിൽ പണത്തിനു പകരം കാർഡ് നൽകുമ്പോൾ പിൻ നമ്പർ പറഞ്ഞു കൊടുക്കരുത്. പകരം പിൻ നമ്പർ നിങ്ങൾ തന്നെ എന്റർ ചെയ്ത് നൽകുക.
14. എ. ടി. എം വഴി ആരെങ്കിലും നിങ്ങളുടെ പണം തട്ടിച്ചാൽ അതിന് നിങ്ങളല്ല ബാങ്കാണ് ഉത്തരവാദി. ഉടൻ പരാതി നൽകാൻ മടിക്കരുത്. പണം തിരിച്ചു തരേണ്ട ഉത്തരവാദിത്തം ബാങ്കിനുണ്ട്.

മാത്രമേ എടുക്കുന്നുള്ളൂ എന്നു കരുതുക. 2000 രൂപ മെഷീനിൽ തന്നെ ഉണ്ടാകും. ഇത് സ്വയം ഉള്ളിലേയ്ക്ക് പോകാൻ അനുവദിക്കും. ഉള്ളിലേയ്ക്ക് പോകുന്ന പണം മെഷീൻ എണ്ണിനോക്കാത്തതുകൊണ്ട് 10,000 രൂപയായി രേഖപ്പെടുത്തപ്പെടും. ഇങ്ങനെ ബാങ്കിന് പണം നഷ്ടപ്പെടുന്നത് മനസിലാക്കിയ ബാങ്കുകൾ പണം എടുത്തില്ലെങ്കിൽ തനിയെ ഉള്ളിലേയ്ക്ക് പോകുന്ന ഓപ്ഷൻ ഇല്ലാതാക്കി. ഫലമോ പിൻവലിച്ചശേഷം പണം എടുക്കാൻ മറന്നുപോയാൽ പിന്നാലെ വരുന്നയാൾക്ക് അത് എടുത്തുകൊണ്ടു പോകാം.

## സുരക്ഷിതമല്ലാത്ത സമ്പാദ്യം

ചോര നീരാക്കിയുണ്ടാക്കുന്ന പണം ബാങ്ക് വഴി ഒരു കാർഡിലാക്കി നാലക്ക പിൻനമ്പറിന്റെ സുരക്ഷിതത്വത്തിൽ കീശയിൽ വെച്ചുനടക്കുമ്പോൾ ഓർക്കുക. രാജ്യത്താകമാനമുള്ള 32 ലക്ഷം ഇടപാടുകാരുടെ എ. റ്റി. എം കാർഡുകൾ സുരക്ഷിതമേയല്ല. അക്കാര്യം കണ്ടെത്തിയത് വ്യക്തിഗത ബാങ്ക് ഇടപാടുകളുടെ മേൽനോട്ട ചുമതലയുള്ള നാഷണൽ പേയ്മെന്റ് കോർപറേഷനാണ്. ഈ കാർഡുകളുടെ വിവരങ്ങൾ ചോർന്നതിനാലാണ് ഇവയുടെ സുരക്ഷിതത്വം നഷ്ടപ്പെട്ടത്. ഇതേത്തുടർന്ന് ഇത്തരം കാർഡുകൾ ഇടപാടുകാർക്ക് നൽകിയ എസ്. ബി. ഐ, ഐ. സി. ഐ. സി. ഐ., ആക്സിസ്, യെസ്, എച്ച്. ഡി. എഫ്. സി എന്നീ ബാങ്കുകൾ അത്തരം കാർഡുകൾ മരവിപ്പിച്ചു. പകരം ഇവർക്ക് പുതിയ കാർഡുകൾ നൽകാനാണ് തീരുമാനം. സുരക്ഷാ മുൻകരുതലിന്റെ ഭാഗമായി ഈ കാർഡുടമകളോട് പിൻ നമ്പർ മാറ്റാൻ അതതു ബാങ്കുകൾ നിർദ്ദേശം നൽകിയിരുന്നു. എന്നാൽ വെറും ഏഴ് ശതമാനം ആളുകൾ മാത്രമേ പിൻ നമ്പർ മാറ്റിയുള്ളൂ. മറ്റുള്ളവർ പിൻ നമ്പർ മാറ്റി കാർഡുകൾ സുരക്ഷിതമാക്കാൻ തയ്യാറാകാത്തതിനാലാണ് ബാങ്കുകൾ ഈ കാർഡുകൾ മരവിപ്പിക്കാൻ തീരുമാനിച്ചത്.




## എനിടൈം തട്ടിപ്പ്

എ. ടി. എം വഴി നിങ്ങളുടെ പണം തട്ടിച്ചെടുക്കാൻ വളരെ എളുപ്പമാണ്. പക്ഷേ ഇതിനുള്ള സാധ്യത ഉണ്ടാക്കാൻ അൽപം പാടുപെടണം എന്നുമാത്രം. നിങ്ങളുടെ എ. ടി. എം കാർഡിന്റെ വ്യാജകാർഡ് ഉണ്ടാക്കുക. നിങ്ങളുടെ പിൻ നമ്പരും കണ്ടെത്തുക. പിന്നെ ഈ വ്യാജകാർഡ് എ. ടി. എം മെഷീനിൽ ഇട്ട് നിങ്ങൾ പിൻവലിക്കുന്നതിനേക്കാൾ അനായാസം ആർക്കും പണം പിൻവലിക്കാം. സ്കിമ്മർ എന്ന ഉപകരണം ഉപയോഗിച്ചാണ് നിങ്ങളുടെ എ. ടി. എം കാർഡിലെ വിവരങ്ങൾ ചോർത്തുന്നത്. ഈ ഉപകരണം എ. ടി. എം. മെഷീനിൽ കാർഡ് ഇടുന്ന സ്ഥലത്ത് വയ്ക്കുന്നു. നമ്മൾ കാർഡ് ഇടുമ്പോൾ അതിലെ വിവരങ്ങൾ സ്കിമ്മറിൽ ശേഖരിക്കുന്നു. ഇനി വേണ്ടത് പിൻ നമ്പരാണ്. ഇതിനായി വ്യാജ കീ പാഡുകൾ ഉണ്ടാക്കി യഥാർത്ഥ കീ പാഡിനു മുന്നിൽ ഒട്ടിക്കുന്നു. നമ്മൾ കീ പാഡിൽ പിൻ നമ്പർ അടിക്കുമ്പോൾ ഇലക്ട്രോണിക് സർക്യൂട്ടു വഴി ആ നമ്പർ ചോർത്തപ്പെടുന്നു. ക്യാമറ ഉപയോഗിച്ചും പിൻ നമ്പർ ചോർത്താം. എ. ടി. എമ്മിൽ പിൻ നമ്പർ അടിക്കുന്ന ഭാഗത്തിനു മുകളിലായി ചെറിയ ക്യാമറ ആരും കാണാതെ സ്ഥാപിച്ചാണ് തട്ടിപ്പുകാർ പിൻ ചോർത്തുന്നത്.

# എ. റ്റി. എം ൽ കാശുണ്ടോ? വഴികാട്ടാൻ മൊബൈൽ ആപ്

എ. റ്റി. എം നു മുന്നിൽ അനന്തമായി നീളുന്ന ക്യൂ ഇനി ഉണ്ടാവില്ല. പണമുള്ള എ. റ്റി. എം ഏതെന്ന് ഇനി മൊബൈൽ ആപ് വഴികാട്ടും. വാൾനട്ട് ഇന്ത്യയുടെ പേഴ്സണൽ ഫിനാൻസ് മാനേജ്മെന്റ് ആപ്പാണ് ക്യൂവിന് പരിഹാരവുമായി രംഗത്തെത്തിയത്. എ. റ്റി. എം ലെ പണത്തിന്റെ നിരക്ക് 1.8 മിനിട്ടിന്റെ ഇടവേളയിൽ വാൾനട്ട് ആപ് വിലയിരുത്തും. ക്യൂവിൽ എത്ര പേരുണ്ടെന്നും വെളിപ്പെടുത്തും. ഇത് വാട്സ് ആപ്പ്, ഫെയ്സ് ബുക്ക്, ടിറ്റർ തുടങ്ങിയ സാമൂഹിക മാധ്യമങ്ങളിലും പങ്കിടാം.

പണമുള്ള എ. റ്റി. എം ൽ ക്യൂ ചെറുതാണെങ്കിൽ പച്ചനിറമുള്ള പിൻ, വലുതാണെങ്കിൽ ചുവന്ന പിൻ, പണമില്ലെങ്കിൽ ചാരനിറത്തിലുള്ള പിൻ എന്നിങ്ങനെ എളുപ്പത്തിലാണ് വിവരങ്ങൾ അറിയിക്കുന്നത്. ഉപഭോക്താക്കളിൽ നിന്ന് ശേഖരിക്കുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിലാണ് കാര്യങ്ങൾ വ്യക്തമാക്കുന്നത്. ആപ്പ് മൊബൈലിൽ ഡൗൺലോഡ് ചെയ്യാം.




# ഇസാഫിന് ബാങ്കിങ് ലൈസൻസ്

തൃശൂർ ആസ്ഥാനമായി പ്രവർത്തിക്കുന്ന ഇസാഫ് മൈക്രോ ഫിനാൻസ് ആന്റ് ഇൻവെസ്റ്റ്മെന്റ്സിന് സ്മോൾ ഫിനാൻസ് ബാങ്ക് ആരംഭിക്കാൻ റിസർവ് ബാങ്കിന്റെ അന്തിമ അനുമതിയായി. അടുത്ത മാസം ബാങ്ക് പ്രവർത്തനം തുടങ്ങും. സ്വാതന്ത്ര്യത്തിനുശേഷം ആദ്യമായാണ് കേരളത്തിലുള്ള ഒരു സ്ഥാപനത്തിന് ബാങ്കിങ് ലൈസൻസ് ലഭിക്കുന്നത്.

ഇപ്പോൾ 3000 ജീവനക്കാരുള്ള ഇസാഫ് മാർച്ചോടെ ജീവനക്കാരുടെ എണ്ണം 3500 ആയി കൂട്ടും. തുടക്കത്തിൽ കേരളത്തിലും തമിഴ്നാട്ടിലും തുടങ്ങുന്ന ബാങ്കിന്റെ പ്രവർത്തനം വൈകാതെ രാജ്യത്തിന്റെ മറ്റിടങ്ങളിലേയ്ക്കും വ്യാപിപ്പിക്കും. അക്കൗണ്ട് കൈകാര്യം ചെയ്യാൻ മൊബൈൽ, ഇന്റർനെറ്റ് ബാങ്കിങ് ഉൾപ്പെടെ ഡിജിറ്റൽ സൗകര്യങ്ങളുമുണ്ടാവും. രാജ്യത്തെ 11 സംസ്ഥാനങ്ങളിൽ സാന്നിദ്ധ്യമുള്ള ഇസാഫിന് നിലവിൽ 12 ലക്ഷം ഇടപാടുകാരുണ്ട്.

# സുരക്ഷ ശക്തമാക്കി കോൺടാക്റ്റ്ലെസ് ഡെബിറ്റ് കാർഡ്

ബാങ്കിങ് തട്ടിപ്പുകൾക്ക് അറുതി വരുത്താൻ കോൺടാക്റ്റ്ലെസ് ഡെബിറ്റ് കാർഡുമായി മുന്നോട്ടു വന്നിരിക്കുകയാണ് സൗത്ത് ഇന്ത്യൻ ബാങ്ക്. നിയർ ഫീൽഡ് കമ്യൂണിക്കേഷൻ സാങ്കേതികവിദ്യ അടിസ്ഥാനമാക്കി വിസ ഗ്രൂപ്പുമായി സഹകരിച്ചാണ് സൗത്ത് ഇന്ത്യൻ ബാങ്കിന്റെ പദ്ധതി. ഇവിടെ കാർഡ് കൈമാറ്റം ചെയ്യേണ്ട ആവശ്യം വരുന്നില്ല. സ്വന്തം കയ്യിൽ കാർഡ് വച്ചുകൊണ്ടുതന്നെ ഒരാൾക്ക് ഇടപാടുകൾ നടത്താനാവുന്നു. കോൺടാക്റ്റ്ലെസ് പി. ഒ. എസ്. ടെർമിനലിൽ വ്യാപാരി പർച്ചേസ് തുക ചേർത്തു കഴിഞ്ഞാൽ ഇടപാടുകാരൻ കാർഡ് ടെർമിനലിനടുത്തായി കാണിച്ചാൽ മാത്രം മതി. ചെറു തുകയ്ക്കുള്ള ഇടപാടുകൾ പിൻ രേഖപ്പെടുത്താതെ തന്നെ നടത്താനുള്ള റിസർവ് ബാങ്ക് നിർദ്ദേശത്തിന്റെ വെളിച്ചത്തിലും കോൺടാക്റ്റ്ലെസ് കാർഡുകൾ ഡിജിറ്റൽ ബാങ്കിങ് രംഗത്ത് വലിയ മാറ്റം സൃഷ്ടിക്കുമെന്ന് സൗത്ത് ഇന്ത്യൻ ബാങ്ക് അവകാശപ്പെടുന്നു.



www.keralaindustry.org

യുവ സംരംഭകർക്കായി...
യുവ സംരംഭകർക്കൊപ്പം...
നവ കാഴ്ചപ്പാടുകളുമായി...




deepakmouthatil9946021864

വ്യവസായകേരളം
MAGAZINE ON INDUSTRIAL KERALAM

വ്യവസായകേരളം, ഡോക്യുമെന്റേഷൻ സെന്റർ, ഡി.ഐ.സി. ബിൽഡിംഗ്, വെള്ളയമ്പലം, തിരുവനന്തപുരം-695033.
ഫോൺ: 0471 2322789

Regn.No.KL/TV(N)/183/2016-2018
Volume 49 Issue 7
December 2016

Vyavasaya Keralam
MONTHLY

₹ 30
R.N.I 29441/77
Date of publication-2nd December 2016




നിങ്ങളുടെ ഉത്പന്നമോ സേവനമോ യഥാർത്ഥ ആവശ്യക്കാർക്കിടയിൽ കുറഞ്ഞ ചെലവിൽ പരസ്യപ്പെടുത്താൻ ഏറ്റവും യോജിച്ച മാസിക
**വ്യവസായകേരളം**

## പരസ്യനിരക്ക്

| | കളർ | ബ്ലാക്ക് & വൈറ്റ് |
|---|---|---|
| ബാക്ക് കവർ | 15,000 രൂപ | |
| ഫ്രണ്ട് കവർ ഇൻസൈഡ് | 10,000 രൂപ | |
| ബാക്ക് കവർ ഇൻസൈഡ് | 9,000 രൂപ | |
| ഇൻസൈഡ് ഫുൾപേജ് | 8,000 രൂപ | 5,000 രൂപ |
| ഇൻസൈഡ് ഹാഫ്പേജ് | 4,000 രൂപ | 2,500 രൂപ |
| ഇൻസൈഡ് ക്വാർട്ടർപേജ് | 2,500 രൂപ | 1,500 രൂപ |

"K-Bip, Vyavasayakeralam" എന്ന പേരിൽ തിരുവനന്തപുരത്ത് മാറാവുന്ന ഡി.ഡി/ചെക്ക് ആയി പരസ്യത്തിന്റെ ചാർജും നിങ്ങളുടെ വാർഷിക വരിസംഖ്യയും അയക്കേണ്ട വിലാസം



എഡിറ്റർ
വ്യവസായകേരളം
ഡോക്യുമെന്റേഷൻ സെന്റർ
ഡി.ഐ.സി. ബിൽഡിങ്, വെള്ളയമ്പലം
തിരുവനന്തപുരം - 695 033
ഫോൺ: 0471 2322789

Email: vyavasayakeralam@gmail.com

Printed and Published by the Kerala Bureau of Industrial Promotion (K-Bip)
on behalf of the Director of Industries & Commerce, Govt. of Kerala, Vikasbhavan, Thiruvananthapuram.
Printed at Sterling Print House (P) Ltd., Door No.49/1849, AIMS Ponekkara (PO), Cochin-682041 Mob : 9847925220

Editor: V.P. Aswathy